പി. ആർ. നാഥൻ

മലയാളനാട്

ചീഫ് എഡിറ്റർ
എസ്. കെ. നായർ
എഡിറ്റർ
വി. ബി. സി. നായർ

31st December 1978 Phone: 2825,3362

ലേഖനം

സമകാലികസാഹിത്യവും
ആധുനികസാഹിത്യവും
എം. ഷണ്മുഖദാസ്
സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ
ലൈംഗികതയുടെ മൂന്നാംപ്രമാണം
പി. എ. ജി. നായർ

കവിത

മൊഴിമുത്തുകൾ
കുഞ്ഞുണ്ണി
നാഗരികൻ
നെല്ലിക്കൽ മുരളീധരൻ

കഥ

ഞാനാരെയാണ് തോല്പിച്ചത്
ലതാദേവി
അയ്യോ കാവിൻറെ താഴിഞ്ഞു
എൻ. എൻ. പിള്ള
അഭിഭാഷകൻറെ ആന
പി. ആർ. നാഥൻ

അന്നും ഒരിക്കലും
കെ. ബാലകൃഷ്ണൻ
സൗദാമിനി സമാധാനിക്കുന്നു
അജയഘോഷ്

നോവൽ

ഈ നാട്ടുകൂടെ ലോകം
കാക്കനാടൻ
ഭ്രാന്ത്
പമ്മൻ
ആരണ്യവാസം
എം. ഡി. രത്നമ്മ

സ്ഥിരം പംക്തികൾ

മുഖഭാഗചിത്രങ്ങൾ
വി. ബി. സി. നായർ
ഗ്രന്ഥനിരൂപണം
വി. എസ്. ശർമ്മ
കൂരിരുപേറുന്ന കാമിനിമാർ
അജയ
സിനിമ
മംഗലശ്ശേരി

മുഖചിത്രം
ഫോട്ടോ: വി. സത്യമൂർത്തി

സമകാലിക സാഹിത്യവും ആധുനിക സാഹിത്യവും

'ഉന്മത്തനായറാബി എന്നപേരിൽ അറിയപ്പെട്ടിരുന്ന റെബ്വൈൻഡലിന്റെ ഒരു ശിഷ്യൻ, ഒരുദിവസം അദ്ദേഹത്തിന്റെ മുമ്പിലെത്തി ഇങ്ങനെ പറഞ്ഞു "റാബി, ഒരു ഭയങ്കരകാര്യം ഏറുപറയാനുണ്ടിനിക്ക്"

റാബി: "എന്താണത്?" പറയൂ."

ശിഷ്യൻ: "എനിക്ക് ദൈവത്തോട് ദ്വേഷ്യം തോന്നുന്നു. നാം ഏതൊരു ദൈവത്തെയാണോ സേവിക്കുന്നത് അദ്ദേഹം ഉണ്ടാക്കിയിട്ടുള്ളത് ഭീകരമായ— വേദനയും യാതനയും നിറഞ്ഞ— ഒരു ലോകത്തെയാണെന്നാണ് എന്റെപക്ഷം"

ഗോപുരംപോലെ ഉയർന്നുനിന്നുകൊണ്ട് ഈ ശിഷ്യനോടലറി: "എന്ത് ഇതിലും നല്ലൊരുലോകം സൃഷ്ടിക്കാൻ നിനക്ക് കഴിയുമെന്നാണോ നിന്റെ വിശ്വാസം?

നാണിച്ച്, വിറച്ച്, റാബിയുടെനേർക്ക് തലയുയർത്തിക്കൊണ്ട് ശിഷ്യൻ പറഞ്ഞു: "അതാണ് സത്യം, റാബി. എനിക്കതിനു കഴിയുമെന്നു ഞാൻ കരുതുന്നു."

ഇതുകേട്ട റാബി യുവാവിനെ മുറുകെപ്പുണർന്നു. അയാളുടെ ചുമലുകളിലുള്ള പിടുത്തം വിടാതെ, ആനന്ദനൃത്തംചെയ്തു. ഇങ്ങനെ ആജ്ഞാപിക്കയും ചെയ്തു. "എന്നാൽ ഈ നിമിഷംതന്നെ തുടങ്ങു."

റെബ്വൈൻഡലിന്റെ യാഥാർഥ്യബോധവും ഹൃദയവിശാലതയുള്ള ആധ്യാത്മിക— സാംസ്കാരിക— സാഹിത്യനായകന്മാർ നമ്മുടെ ഇടയിലുണ്ടോ? ഉണ്ടെങ്കിൽ—

"ഉണ്ടെങ്കിൽ എത്രയുണ്ടുകുമായിരുന്നു, അല്ലേ?"

ചുരുക്കിപ്പറയാം. അങ്ങനെയുള്ളവരുണ്ടായിരുന്നുവെങ്കിൽ, 'ആധുനികസാഹിത്യ'ത്തെ മനസ്സിലാക്കാനും പ്രോത്സാഹിപ്പിക്കാനും ഇങ്ങനെ ആളില്ലാതെ വരുമായിരുന്നില്ല. കഴിഞ്ഞ ഇരുനൂറുവർഷത്തിനകം പൊതുവേയും, കഴിഞ്ഞ ഇരുപതു വർഷത്തിനുള്ളിൽ പ്രത്യേകിച്ചും, ഒരു 'പുതിയതരം' സാഹിത്യം ഉരുത്തിരിഞ്ഞുവരികയാണെന്ന വാസ്തവം അംഗീകരിക്കാൻ, ഇപ്പോൾ കാണുന്നതിന്റെ പത്തിലൊന്നു 'നിരുദ്ധത' ഉണ്ടാകുമായിരുന്നില്ല.

പഞ്ചേന്ദ്രിയങ്ങളേയും 'കലക്കിമറിച്ചുകൊണ്ട്' കാവ്യരചനക്കു മുതിർന്ന റിംബോ മരിച്ചിട്ട് വർഷം എമ്പത്തിയേഴായി. പുതിയൊരുതരം സംവേദനക്ഷമതയുടെ ഉരുത്തിരിഞ്ഞുവരലിന്റെ തുടക്കം റിംബോവിൽ നിന്നാണെന്നുകാണാം. 'ശൂന്യ'തനിക്ക് ആശ്വാസമേകുന്ന ശബ്ദസാഗരകന്യകമാരെ സംബോധനചെയ്തുകൊണ്ട് ചങ്ങമ്പുഴരചിച്ച കവിതയിൽ എത്ര ദുർബലമായിട്ടായാലും, റിംബോവിന്റെ സ്വാധീനം സ്പഷ്ടമാകുന്നു.

മികച്ച കലാസൃഷ്ടികൾക്ക് എന്നെന്നുമുള്ള ഗുണമാണല്ലോ സമകാലികത. ഈ ഗുണം ഷേക്സ്പിയർക്കും കാളിദാസനും രണ്ടു പേരുകൾ എടുത്തുപറയുന്നുവെന്നേയുള്ള. അങ്ങേയറ്റമുണ്ട് നമ്മുടെ സമകാലികന്മാർ രചിക്കുന്ന സാഹിത്യം എന്ന അർത്ഥത്തിലും 'സമകാലിക സാഹിത്യം' എന്ന പദം നാം ഉപയോഗിക്കാറുണ്ട്. 'ആധുനിക സാഹിത്യം' എന്ന പദത്തിനാകട്ടെ 'സമകാലികാർത്ഥ'ത്തിൽനിന്നു തികച്ചും വിഭിന്നമായി നിയതവും കൃത്യവുമായ ഒരർത്ഥമുണ്ട്. ആ അർത്ഥം ഉൾക്കൊള്ളുവാൻ 'ആധുനികമനുഷ്യൻ' 'ആധുനികശാസ്ത്രം' 'ആധുനിക മനഃശാസ്ത്രം'തൊട്ടുള്ള സമാനപദങ്ങൾ ഒരു തോതിൽ നമ്മെ സഹായിക്കും — ഒരു തോതിൽമാത്രം.

ആധുനികസാഹിത്യത്തിന്റെ അതിപ്രധാന സവിശേഷതകളിലൊന്ന് വാസ്തവികതയും മനസ്സിന്റെ ഭാവനാപ്രവർത്തനവും തമ്മിലുള്ള അതിർവരമ്പുകളുടെ അപ്രത്യക്ഷമാകലാണെന്നതത്രെ. ഉദാഹരണമായി, സാഹിത്യശിൽപങ്ങളുടെ വ്യവച്ഛേദിതസ്വഭാവം ഇല്ലാതായ്വരികയാണ്. കഥയും ഉപന്യാസവും തമ്മിലുള്ള അന്തരം അന്തർലീനമാകയാണെന്ന്, ബോർഹസ്സിന്റെ മനോഹരമായ ലഘുരചനകൾ. അവ പ്രത്യക്ഷത്തിൽ ഉപന്യാസങ്ങളാണ്; ഫലത്തിൽ, സങ്കല്പസൃഷ്ടങ്ങളായ കഥകളും: പാണ്ഡിത്യത്തിന്റെ പ്രസരം. അത്രമാത്രം പ്രകടമാണവയിലെങ്കിൽക്കൂടി.

മറ്റൊരുദാഹരണമാണ് ആർതർ വെയ്ലുടെ "രാത്രിയുടെ സൈന്യ"ങ്ങൾ മെയ്ലർ ഈ കൃതിയെ വിശേഷിപ്പിക്കുന്നതുപോലെ "ചരിത്രം നോവലെന്നനിലയിൽ— നോവൽ ചരിത്രമായും" ആധുനിക സാഹിത്യത്തിന്റെ ക്രമാഹിത്യവും അതിലെ ഉന്മത്തക്രൂരജല്പനഭാവങ്ങളും ആധുനികജീവിതത്തിന്റെ പ്രതിഫലനങ്ങൾമാത്രം,

ഇങ്ങനെ സംഭവിക്കാൻ കാരണമുണ്ട്. വസ്തുതകൾ നാൾക്കുനാൾ കൂടുതൽ കൂടുതൽ അസ്ഥിരങ്ങളും പിടികൊടുക്കാത്തവണ്ണം നിഗൂഢമായിത്തീരുകയാണ്. [സങ്കല്പത്തിന്റെ പാരമ്യങ്ങളെപ്പോലും താഴത്തിക്കെട്ടി നീങ്ങുകയല്ലയോ ദിനപ്രതിവാർത്തകളിൽ പലതുമിക്കാലത്ത്?] ഏതാനും വർഷങ്ങൾക്കുമുമ്പ് തങ്ങൾക്കുണ്ടായിരുന്ന സാന്ത്വനയുടെ പാതിപോലും ഇന്ന് 'വസ്തുതകൾ'ക്കില്ല. അതേസമയത്ത് ഭാവന, ഇന്ന്, ഒരു !മായികക്കോട്ടയല്ല. അതു അത്രമാത്രം സാന്ദ്രവും യാഥാർഥ്യപ്രതീതിജനകവും ആയിത്തീർന്നിരിക്കുന്നു.

സാഹിത്യമുൾപ്പെടുന്ന കലകൾക്ക്, മൂല്യങ്ങളുമായി, ധർമ്മബോധവുമായി എന്നും അവിച്ഛിന്നബന്ധമുണ്ടായിരുന്നു. ആധുനിക സാഹിത്യത്തിനതില്ല വാല്മീകിയുടെ ലക്ഷ്മണൻ, കഴുപ്പുപിടിച്ച ഒരു സന്ദർഭത്തിൽ, പിതാവിനെ ബന്ധനാക്കാൻ ഉദ്യുക്തനായെങ്കിലും, ജ്യേഷ്ഠന്റെ വാക്കുകേട്ടടങ്ങി. ജ്യേഷ്ഠന്റെ ശബ്ദം ധർമ്മത്തിന്റെ ശബ്ദമായതുതന്നെ കാരണം എന്നാൽ, ഡസ്റ്റവസ്കിയുടെ ഇവാൻ, ("കരാമസോവ് സഹോദരന്മാർ എന്ന നോവലിന്റെ 1880") 'സ്വന്തം പിതാവിന്റെ മരണം ആഗ്രഹിക്കാത്തവനുണ്ടോ?" എന്നു ചോദിച്ചതേ. സാധാരണ അർത്ഥത്തിലുള്ള കോടതിയിൽവച്ചല്ല, മനുഷ്യാത്മാവിന്റെ കോടതിയിൽവച്ചായിരുന്നു. 'പിതാവ്', പഴയ സംസ്കൃതത്തിലെ പഞ്ചപിതാക്കളെ മാത്രമല്ല, ഭരണകൂടത്തെ, സമൂഹത്തെ, ധർമ്മബോധത്തെ—അങ്ങനെ എന്തിനെയൊക്കെ പ്രതിനിധീകരിക്കുന്നില്ല?

ഇനി 'അമ്മയുടെ കാര്യം' സമൂഹത്തിന്റെ സ്ഥിതിയ്ക്കു കാരണക്കാരിയാകയാലാണ് 'സ്ത്രീ' എന്ന പേർ അവൾക്കു കിട്ടിയതുതന്നെ. ഇന്നും അവൾതന്നെയാണ് സമൂഹത്തെ നിലനിർത്തുന്നതെന്നു നിങ്ങൾ കരുതുന്നുണ്ടോ? എങ്കിൽ നിങ്ങൾക്കു തെറ്റുപറ്റി. ലോകത്തിൽവച്ചേറ്റവും പുരോഗമിച്ച നാടുകളിലൊന്നിൽ, ഇന്ന് ഓരോ വ്യക്തിയ്ക്കും ഡസൻകണക്കിൽ അമ്മമാരുള്ളതേ. ഇന്ന സ്ത്രീയുടെ മകനായ്ട്ടല്ല, ഇന്ന സമൂഹത്തിന്റെ മകനായിട്ടാണ് അവിടെ മനുഷ്യരെ പാലൂട്ടിവളർത്തുന്നതേ. അനേകം അമ്മമാരുണ്ടായിരിക്കെ അക്കൂട്ടത്തിലൊരാൾ മരിച്ചാൽ ഉളവാകുന്ന ദുഃഖത്തിനുമുണ്ടാകുമല്ലോ ഒരു പരിധി? "ജനനിയും ജന്മഭൂമിയും സ്വർഗ്ഗത്തേക്കാൾ വിലപ്പെട്ട"താണെന്ന പ്രാചീന സങ്കല്പത്തിനു് ആധുനികസങ്കല്പത്തിൽ എത്ര പ്രസക്തി? അങ്ങനെ പഴയ വിശ്വാസങ്ങളും മൂല്യങ്ങളും നിലപാടുകളും യാഥാർത്ഥ്യങ്ങൾതന്നെയും ഇല്ലാതായ്വരുന്ന ഒരു സമൂഹത്തിൽ (ഞാൻ വിശ്വസമൂഹത്തെക്കുറിച്ചാണ് പറയുന്നതേ) പഴയ മട്ടിലുള്ള സാഹിത്യരചന എങ്ങനെ തുടർന്നുകൊണ്ടുപോകാനൊക്കും?

എം. ഷൺമുഖദാസ്

കുഞ്ഞുണ്ണി

നന്നായിസംസാരിക്കു,–
കതിനാകില്ലെന്നാകിൽ
നന്നായിമൗനംകൊള്ളു

∨

സംസാരംനിയന്ത്രിപ്പതാവശ്യ-
മതിനേക്കാളാവശ്യമായുള്ളൂ
ചിന്തയെനിയന്ത്രിപ്പ–
താണെന്നതറിയുവിൻ

മഴനീരുവീഴാഞ്ഞാലൂഴിപാഴാകും
മിഴിനീരുവീഴ്ത്താഞ്ഞാലുള്ളും

▽

ഞാനുംനിങ്ങളുംചേർന്നാൽ
നമ്മളാവില്ലനിശ്ചയം

∨

സംശയശീലംകൊണ്ടു
സർവനാശമേവരു

▽

വിശ്വാസമില്ലാത്തവ–
ക്കാശ്വാസമുണ്ടാവില്ല

∨

തന്നത്താൻകാണുവാൻ വയ്യാത്തകണ്ണുകൊ–
ണ്ടന്യരെക്കാണുന്നോർകാണ്മൊരല്ല

∨

സമംസഹിക്കുവോർചേർന്നേ
സമൂഹംസംഭവിച്ചിട്ടു

—o—

പണ്ടും യുദ്ധങ്ങളുണ്ടായിരുന്നു. ഇപ്പോഴുമുണ്ട് "യുദ്ധ"സംഭാവ്യത. പക്ഷെ, ഇനിയത്തെ യുദ്ധം — ശരിയായ യുദ്ധം, പൂർണ്ണയുദ്ധം — നാം ഇന്നേവരെ മനസ്സിലാക്കിയിട്ടുള്ള അർത്ഥത്തിൽ യുദ്ധമേ ആയിരിക്കയില്ല. സൈന്യങ്ങളുടെ മുന്നേറ്റങ്ങളോ ഏറ്റുമുട്ടലുകളോ ഒന്നും ഉണ്ടായിരിക്കയില്ല. ഒന്നോ രണ്ടോ ബട്ടൺ അമർത്തിക്കഴിയുമ്പോൾ, ഭൂമിയിലെ ജീവന്റെ യാകമാനം പ്രണാശമായിരിക്കും സംഭവിക്കുക. സമഗ്രസ്ഥിതിവിശേഷത്തിന്റെ ഈ ആത്യന്തികസ്വഭാവം —കലകളെമാത്രം ബാധിക്കാതിരിക്കുന്നതെങ്ങനെ.

ഇങ്ങനെ നോക്കുമ്പോൾ (ഇങ്ങനെ നോക്കുമ്പോൾ മാത്രമല്ല) ഓരോ കാലഘട്ടത്തിനും അവകാശപ്പെടാവുന്നതിൽനിന്ന് തീർത്തും വ്യത്യസ്തമാണ്, ഇരുപതാംനൂറ്റാണ്ടിന്റെ എട്ടാം പകുതിയിലത്തെ "ആധുനികത"യെന്ന് വ്യക്തമാകും. ജോൺബനിയന്റെ "തീർത്ഥയാത്ര" അർത്ഥവത്തായിരുന്നു; കഫ്കയുടെ കെ. യുടെ തീർത്ഥയാത്ര (കാസ്ൾ" എന്ന നോവലിലും മറ്റും) പരമ്പരരീതിയിൽ നാം ധരിച്ച അർത്ഥത്തിൽ 'അർത്ഥരഹിത'മെന്നു പറയേണ്ടിവന്നേക്കും. ആധുനികസാഹിത്യത്തിന്റെ 'നിരർത്ഥകത'യെച്ചൊല്ലി, 'അർത്ഥരാഹിത്യ'ത്തെച്ചൊല്ലി. നമ്മുടെ പാരമ്പര്യസ്സാഹിത്യകാരുടെ ആക്ഷേപവും അമർഷവും മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല, ആധുനിക സാഹിത്യകാരന്റെ 'യാഥാർത്ഥ്യം' പാരമ്പര്യസ്സാഹിത്യകാരന്റെ യാഥാർഥ്യമാകുന്നതെങ്ങനെ? കാലഹരണപ്പെട്ട 'ഹ്യൂമറിസ'ത്തെക്കുറിച്ചും മനുഷ്യന്റെ സാങ്കല്പികമായ 'ഔന്നത്യ'ത്തെക്കുറിച്ചും ആധുനികകാരന് താല്പര്യമില്ല; ഇതും സ്വാഭാവികം മാത്രം.

ആധുനികസാഹിത്യം നിഷേധമാത്രമാണോ? ആധുനികസാഹിത്യകാരന്മാർ — ജോയ്സും പ്രൂസ്റ്റും കാഫ്കയും ബെക്കറ്റും ബോർഹസും നഥാലി സൊറോറ്റും വിസ്തരഭേയത്താൽ പേരെണ്ണിപ്പറയാത്തവരുമൊക്കെ — വെറും നിഷേധികളാണോ? അല്ല, അല്ല. ഉപനിഷത്തിലെ, 'നേതി, നേതി' ('ഇതുമല്ല' 'ഇതുമല്ല') എ

(ശേഷം പേജിൽ)

മലയാളത്തിലെ എഴുപ്പിക്കുന്ന മെൻഷനുള്ള ഏറ്റവും വലിയ നോവൽ

എം. മുകുന്ദന്റെ

രാവും പകലും

അറുപതിലധികം അദ്ധ്യായങ്ങളിലായി തുടിച്ചുനിൽക്കുന്ന മനുഷ്യേതിഹാസം

1979 മാർച്ചു് മുതൽ

മലയാളനാടു് വാരികയിൽ

പ്രസിദ്ധീകരിച്ചുതുടങ്ങുന്നു.

വി. ബി. സി. നായർ

കേരളത്തിലെ ഏറ്റവും ലാഭകരമായ ബിസ്സിനസ്സ് ഏതെന്നു ചോദിച്ചാൽ ഉത്തരംപറയാൻ ഇന്നാക്കും ഒരു നിമിഷം പോലും ആലോചിക്കേണ്ടതില്ല. നോവലെഴുത്ത് എന്നാണ് ആ ബിസിനസ്സിന്റെ പേര്. ഈ രംഗത്തേക്ക് കടന്നുവരുന്ന നവാഗതരുടെ എണ്ണം നമ്മെ അമ്പരപ്പിക്കും. സാധാരണ ഗതിയിൽ പ്രസിദ്ധീകരിക്കുന്ന നോവലുകളുടെ വില അഞ്ചുരൂപമുതൽ പതിനഞ്ചുരൂപവരെവരും. ഒരു നോവലിന്റെ രണ്ടായിരം പ്രതികൾ വിറ്റഴിയുന്ന ഏറ്റവും കൂടിയ കലാവധി രണ്ടുവർഷമാണ്. ടെലിബ്രാറി സീസണിലാണ് ഈ ബിസിനസ്സുകാർ തങ്ങളുടെ ചരക്കുകൾ വില്പനക്കിറക്കുന്നത്. പേരും പ്രശസ്തിയുമുള്ളവരുടെ നോവലുകളാണെങ്കിൽ ഒരു വർഷംകൊണ്ട് രണ്ടായിരം കോപ്പികൾ വിറ്റുതീരുക സ്വാഭാവികമാണ്. വർഷത്തിൽ രണ്ടും മൂന്നും നാലും നോവലുകൾ പുറത്തിറക്കുന്ന നോവലെഴുത്തു വ്യവസായക്കാരുമുണ്ട്. മലയാളസാഹിത്യത്തിന്റെ ഭാവിയെക്കുറിച്ച് ആകാംക്ഷയുള്ള വായനക്കാർക്ക്, ഈ വ്യവസായത്തിന്റെ അനുദിനമുള്ള വളർച്ച ഭീതിപ്പെടുത്തുന്ന ഒരോർമ്മയായിത്തീർന്നിട്ടുണ്ട്. ഈ ബിസ്സിനസിലെ അമിതമായ ലാഭത്തിൽ ആകൃഷ്ടരായി കവിതയും ലേഖനവും മറ്റും എഴുതിയിരുന്ന പലരും നോവലെഴുത്തിലേക്ക് മാറിക്കൊണ്ടിരിക്കയാണിന്ന്.

മലയാളത്തിലെ ശ്രദ്ധേയനായ ഒരു നിരൂപകൻ ഈയിടെ ഓഫീസിൽവന്നു. പുതിയതായി എന്തെങ്കിലും ജോലിയിലേർപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് അദ്ദേഹം ദുഃഖപരിഹാരത്തിങ്ങനെയാണ് "നിരൂപണമൊന്നുമെഴുതിയതുകൊണ്ട് യാതൊരു ഗുണവുമില്ല. ആയിരം പ്രതികൾ വിറ്റുതീരാൻ ഏഴോ എട്ടോ വർഷങ്ങളെടുക്കും. ഞാനിപ്പോൾ നോവലിലേക്ക് മാറിയിരിക്കയാണ്. എന്റെ ആദ്യനോവൽ രണ്ട് മൂന്നു മാസങ്ങൾക്കുള്ളിൽ പുറത്തിറങ്ങും. വർഷംതോറും ഒരു നോവൽ അതാണെന്റെ വക്ഷ്യം." ഞാൻ അമ്പരപ്പോടെ ആ നിരൂപകന്റെ മുഖത്തേക്ക് നോക്കി. ശരിയായ മുഖമെവിടെ? പോയ് മുഖമെവിടെ? "അരുന്ധതിയിൽ വേണമെങ്കിൽ ആ മീതിയിലും എഴുതിത്തരാം സാർ എന്നു പറഞ്ഞ പുതിയ തലമുറയിലെ ഒരു യുവാവിന്റെ വർഷങ്ങൾക്കുമുമ്പുള്ള ശബ്ദമാണ് എനിക്കോർമ്മവന്നത്. മുൻനിരയിൽ കിരീടവും ചെങ്കോലുമായിരിക്കുന്ന ഈ കള്ളനാണയങ്ങളുടെ മുന്നിൽ; ആ നിഷ്ക്കളങ്കനായ ചെറുപ്പക്കാരനെ നാമെന്തിന് പരിഹാസത്തോടെ ചിത്രീകരിക്കണം?

V

നിരൂപണത്തിനായി ഈ മാസം കാഫീസിലെത്തിയ അറുപത്തിനാലിലധികം നോവലുകളിലേക്ക് ഞാൻ കണ്ണോടിച്ചു. കേരളത്തിലെ വിവിധ പ്രസാധകരുടെ നോവലുകളാണ് ഇവ. വായിക്കണമെന്ന് എനിക്കു തോന്നിയത്, മൂന്നു പുസ്തകങ്ങളാണ്. മാടമ്പ് കുഞ്ഞിക്കുട്ടന്റെ നിഷാദം, റഹിം മുഖത്തലയുടെ അഹല്യ, വി. ടി. നന്ദകുമാറിന്റെ ആ ദേവത. ഇതെഴുതുന്നസമയത്ത് ഞാൻ അഹല്യയും, ആ ദേവതയും വായിച്ചുതീർത്തു. 1978-ലെ എം. പി. പോൾ അവാർഡ് നേടിയ നോവലെന്ന ലേബലാണ് അഹല്യയ്ക്ക്. മാതൃമാണ്. സ്വന്തം പേനയോട് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ ഈ ചവറ് എഴുതുവാൻ ധൈര്യപ്പെട്ടയാളിരുന്നില്ല. പണത്തിനുവേണ്ടി ഏതു ഹീന പ്രവൃത്തിയും ചെയ്യാൻ തയ്യാറുള്ള ഒരു പറ്റം സാമൂഹ്യവിരുദ്ധന്മാരുടെ നിര, മലയാളസാഹിത്യത്തിലുണ്ടാവുന്നു. പ്രിയപ്പെട്ട വായനക്കാരെ ജാഗ്രൂകരായിരിക്കുക.

ഈ ചക്രവർത്തിയെ അറിയുമോ?

മലയാളത്തിലെ മിക്ക ആനുകാലികപ്രസിദ്ധീകരണങ്ങളും ഞാൻ മറിച്ചു നോക്കാറുണ്ട്. താല്പര്യം തോന്നുന്ന ലേഖനങ്ങളും കഥകളും കവിതകളും വായിക്കും. ഇന്നലെ മലയാളത്തിലെ പതിനേഴിലധികം സവേഷണങ്ങൾ പഴക്കമുള്ള ഒരു വാരിക മറിച്ചുനോക്കി. അതിലെ ഒരു തലക്കെട്ട് കണ്ട് ഞാൻ അമ്പരന്നുപോയി. "പ്രൊഫസർ കെ എം. തരകൻ—മലയാളനിരൂപണസാഹിത്യത്തിലെ ചക്രവർത്തി." എന്റെ കണ്ണുകളെ എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു പേജ് വരുന്ന ആ ലേഖനം ഞാൻ ആവർത്തിച്ചു വായിച്ചു. "ജാതിചിന്തകൾക്കതീതമായി കൃതികളെ വിമർശനം ചെയ്യുന്ന മലയാളത്തിലെ രണ്ടു നിരൂപകരാണ് സുകുമാർ അഴീക്കോടും, പ്രൊഫസർ കെ. എം. തരകനും, അതുകൊണ്ട് ഞാൻ നിരൂപണസാഹിത്യത്തിലെ ചക്രവർത്തി എന്ന് തരകനെ വിശേഷിപ്പിക്കുന്നത്." സുകുമാർ അഴീക്കോടിനു ചക്രവർത്തിസ്ഥാനം ലേഖകൻ കൊടുത്തിട്ടില്ല. മഹാകവിയെന്ന വാക്കു് ആരുടെ പേരിനു പിന്നിലും എഴുതിവിടുന്ന ഇക്കാലത്ത് ചക്രവർത്തി എന്ന വാക്കുപയോഗിക്കുന്നതുകൊണ്ട് എന്താണ് തെറ്റു്. ഏതായാലും ലേഖനങ്ങളെഴുതുന്നതിനു് സാമാന്യവിദ്യാഭ്യാസമെങ്കിലും വേണമെന്ന ഒരു നിയമം സമീപഭാവിയിൽ നടപ്പിലായില്ലെ

(ശേഷം 63-ൽ)

മലയാളത്തിലെ ഏറ്റവും വലിയ വ്യവസായം നോവലെഴുത്ത്!

സിനിമാപ്രേമികൾക്കു് ഒരു വിജ്ഞാനകോശം

മലയാള സിനിമാ ഡയറക്ടറി



ഉൾക്കനവും അടക്കം നിറഞ്ഞ
ഒരു സിനിമാ റഫറൻസ് ഗ്രന്ഥം

1979
മാർച്ചു് 31-നു്
പുറത്തിറങ്ങുന്നു.

ക്രൗൺ സൈസിലൊന്നു് വലിപ്പം

ഇഷ്ടതാരങ്ങളുടെ രസകരമായ അനുഭവ വിവരണങ്ങൾ.

സിനിമയെക്കുറിച്ചുള്ള ഇരുപതു ലേഖനങ്ങൾ.

ലൈറ്റ് ബോയ് മുതൽ ഡയറക്ടർ വരെയുള്ളവരുടെ ഫോട്ടോ സഹിതമുള്ള പൂർണ്ണ വിവരങ്ങൾ

ഓഫ്സെറ്റ് പ്രിന്റിംഗ്

നിങ്ങളുടെ കോപ്പികൾ വി. പി. M.O. അയച്ചു് റിസർവു് ചെയ്യുക.

വില 50 രൂപ
പ്രീ പബ്ലിക്കേഷൻ 30 രൂ.
തപാൽ ചെലവു് 3½ രൂ.

ആദ്യമുദ്രണം 3000 കോപ്പി മാത്രം

വീണാ ബുക്കു് ഹൗസു്
വീണാ ബിൽഡിംഗ്സു്
തിരുവനന്തപുരം 695001

പ്രശസ്തരായ നടീനടന്മാരുടെ ബഹുവർണ്ണ ഫുൾപേജു് ചിത്രങ്ങൾ!

ഫോൺ 3926

എന്റെ ജീവിതത്തിലെ ആദ്യത്തെ നഷ്ടബോധം ആരംഭിക്കുന്നതു് ഒമ്പതാം വയസ്സിലാണു്. ഓർമ്മയിലെ ആദ്യത്തെ സൗന്ദര്യബാധ ഉണരുന്നതും ഒമ്പതാം വയസ്സിൽ. ചെറിയ ഒരു ഉടുപ്പിട്ടു് തോളറ്റം വെട്ടിയ മുടി അടക്കമില്ലാതെ പാറിപ്പറന്നു്, പുസ്തകങ്ങൾ മാറോടടക്കിപ്പിടിച്ചു് ധൃതിയിൽ നിരത്തിന്റെ ഓരത്തുകൂടി നടന്നുപോകുന്ന ഒരു പെൺകുട്ടിയിലൂടെയാണു്.

പ്രമീളാനായർ

എഴുതുന്ന ഹൃദയസ്പർശിയായ
ലേഖനപരമ്പര

നഷ്ടബോധങ്ങൾ

1979 ജനുവരി മുതൽ

മലയാളനാടു് വാരികയിൽ

പ്രസിദ്ധീകരിച്ചുതുടങ്ങുന്നു.

വാസു നടുങ്ങിത്തെറിച്ചു.

എല്ലാ നടുക്കങ്ങളിൽനിന്നും എന്നെന്നേക്കുമായി താൻ മുക്തിനേടിയിരുന്നു എന്ന അവന്റെ ധാരണയെ ആകെ കീഴ്മേൽ മറിക്കാൻപോന്നതു ശക്തവും അപ്രതീക്ഷിതവും ക്രൂരവുമായിരുന്ന ആ നടുക്കം. ഒരുപക്ഷേ, താൻ ആ നിമിഷത്തിൽ ബോധമറ്റു വീഴേണ്ടതായിരുന്നു. അല്ലെങ്കിൽ ഉച്ചത്തിൽ. അത്യുച്ചത്തിൽ അലറിവിളിക്കേണ്ടതായിരുന്നു. അതുമല്ലെങ്കിൽ ആരെയെങ്കിലും, അതാരുമാണ്ടോട്ടെ, കടിച്ചുകീറേണ്ടതായിരുന്നു.

ഒന്നും ഉണ്ടായില്ല.

നാട്ടിൽവച്ച് താൻ ഈ നടുക്കത്തിനു് എത്രയോ സമീപത്തായിരുന്നു എന്നു് അവൻ അത്ഭുതത്തോടെ ഓർത്തു. ഈ നടുക്കംതേടി ഇറങ്ങണമെന്നുപോലും താൻ കരുതിയിരുന്നതല്ലേ? നേരമുണ്ടായിരുന്നെങ്കിൽ ഇക്കുറിതന്നെ അതു നടന്നേനെ. തിരഞ്ഞിരുണ്ടിയിരുന്നെങ്കിൽ, പക്ഷേ, അങ്ങനെ കണ്ടെത്തിയിരുന്നെങ്കിൽ പക്ഷേ ഇതു നടുക്കമാവുമായിരുന്നില്ല, നടുക്കമായാൽതന്നെ ഇത്ര ക്രൂരവും ശക്തവും ആവുമായിരുന്നില്ല.

ജുഹുവിൽ കടൽക്കാറ്റടിച്ചിരുന്നു. കടലോരത്തു് ടെവദ്യൂടെവെളിച്ചത്തിൽ നനഞ്ഞ നഗരനിശ തുടുത്തുവെച്ചിരുന്നു. നേരത്തെ ചാറിയമഴകാരണമാവണം കാറ്റിനു് പതിവിലേറെ കളിരുണ്ടായിരുന്നു.

മേനക എന്ന ആതിഥേയ അതിഥികളുടെ സുഖസൗകര്യങ്ങൾ ആരാഞ്ഞു് തിരക്കുപിടിച്ചു് ഓടിനടന്നു, അതിഥികളുടെ നിര വലുതായിരുന്നു. അരുന്ധതീദേവി, ജലജാഗുപ്ത, കിഷൻചന്ദ്ഖന്ന, കട്ടനവധി ഉദ്യോഗസ്ഥന്മാർ, ചിത്രകാരന്മാർ, എഴുത്തുകാർ, രാഷ്ട്രീയനേതാക്കൾ, നഗരത്തിന്റെ ഒരു പരിച്ഛേദം,

അധോലോകവും, അധോലോകം പാലൂട്ടിവളർത്തുന്ന സമൂഹത്തിന്റെ ഉപരിതലവും ഒന്നിച്ചുചേർന്നിരുന്ന ആ സദസ്സിൽ മുഖ്യാതിഥി വാസുതന്നെ ആയിരുന്നു, അടുത്തനാൾ യൂറോപ്പൻ യാത്രയ്ക്കു പുറപ്പെടുന്ന അവനുവേണ്ടി ആയിരുന്നു ആ ഒന്നിച്ചുചേരൽ,

ശേഖരൻമാസ്റ്ററും മൊയ്തുവും ഗോകുലനും ഉൾപ്പെട്ട സുഹൃത്വലയം നൽകിയ യാത്രയയപ്പു് വാസുവിന്റെ കിനാവിൽ തെളിഞ്ഞുനിന്നു. ഈ ബഹളത്തിലല്ല ഇതുയേറെ ആൾക്കാരുണ്ടായിരുന്നില്ല. ഒരു മഴവാരന്തരീക്ഷമായിരുന്നു. അന്നിടഞ്ഞാരുങ്ങി ടെവദ്യൂടെവെളിച്ചത്തിൽ സർപ്പങ്ങളെപ്പോലെ ഇഴഞ്ഞൊഴുകിനടന്ന നഗരസുന്ദരികളില്ലാത്ത സദസ്സു്. മൊയ്തുവിന്റെ നാടൻ ഫലിതങ്ങളും മാപ്പിളപ്പാട്ടും ശേഖരൻമാസ്റ്ററുടെ ഉപദേശങ്ങളും ഗോകുലന്റെ സ്നേഹനിറഞ്ഞ നർമ്മോക്തികളും നിറഞ്ഞുനിന്ന സദസ്സു്. മൊയ്തുവിന്റെ ചുവടുകളിൽനിന്നു് വാക്കുകൾ പുറത്തേക്കു തെറിച്ചുവീണ സദസ്സു് ഉള്ളിലെ



ഉള്ളറകൾ ഉള്ളിലെ ഉള്ളറകളായി കലവറയില്ലാതെ സംവദിച്ച സദസ്സു്,

ഇവിടെ ചായേന്തേച്ച മുഖങ്ങൾ. ചായം പുരണ്ട ചിരികൾ. ചായം അട്ടിയിട്ടിയായി അഴക്കുമാതിരി പററിപ്പിടിച്ചിരിക്കുന്ന മനസ്സുകൾ. കൃത്രിമ വർണ്ണമാലകളുടെ, കൃത്രിമ സുഗന്ധദ്രവ്യങ്ങളുടെ കൃത്രിമമായ ഒരു ലോകം.

''മോഡേൺ സൊസൈറ്റിയുടെ എറവും അനുപേക്ഷണീയമായ ഘടകങ്ങൾ ലിപ്സ്റ്റിക്, റൂഷ്, പൗഡറുകൾ മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവയാണു്.'' ആരാണു് അങ്ങനെ പറഞ്ഞതു്. താൻ ആവരികൾ ഉല്ലുരിച്ചപ്പോൾ ജലജാഗുപ്ത പൊട്ടിച്ചിരിച്ചിരിച്ചു,

"ഞാൻകൂടി ഉൾപ്പെട്ടന്ന ഈ സമൂഹത്തെ ആക്ഷേപിക്കുന്നതാണെങ്കിലും" അവൾ പറഞ്ഞു: "സമ്മതിച്ചു തന്നേ പറ്റൂ. സംഭവം സത്യമാണു്."

അവൾ അതിനു് ഓടിനടന്നു് പ്രചാരം കൊടുക്കുകയുംചെയ്തു.

വേണുഗോപാലന്റെ വീട്ടിലെ ഡിന്നർപാർട്ടി വാസ്തവത്തിൽ വർണ്ണങ്ങളുടെയും സൗരഭ്യങ്ങളുടെയും ഒരു ഉത്സവമായിരുന്നു. വീഞ്ഞും വിഭവസമൃദ്ധമായ സദ്യയും വർണ്ണഗന്ധങ്ങളുടെ മാറ്റു് വർദ്ധിപ്പിച്ചു. വീമ്പിഞ്ഞുകിയപ്പോൾ ശബ്ദങ്ങളും ചലനങ്ങളും ഏറി. ചിലർ കുഴഞ്ഞ ശബ്ദത്തിൽ പാടി. മറ്റു ചിലർ വേച്ചുവേച്ചു നൃത്തം ചവിട്ടി. ഗ്രാമ്മോർഡ് പ്ലേയറിൽ നിരന്നാഴുകി വീണിരുന്ന പാശ്ചാത്യസംഗീതം നൽകുക്കു വീറു പകർന്നു.

ജലജ ഒരു ചിത്രശലഭത്തെപ്പോലെ പാറി നടന്നു. അവൾ ഏറെ സമയം ചിലവഴിച്ചതു് വാസുവിന്റെ അടുത്താണു്. അവൾക്കു് ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ടായിരുന്നു. റോമിൽ ചെല്ലുമ്പോൾ ഇന്നതുചെയ്യണം. പാരീസിൽ ചെല്ലുമ്പോൾ ഇന്നിന്നയിടങ്ങൾ സന്ദർശിക്കണം. ഓരോ പ്രധാനനഗരവും സന്ദർശിക്കുമ്പോൾ അവൾക്കു് പിക്ചർ പോസ്റ്റു് കാർഡുകൾ അയക്കണം. യൂറോപ്യൻ കവികളോടും പ്രസാധകരോടും അവളെക്കുറിച്ചു സംസാരിക്കണം. എങ്ങനെയെങ്കിലും അവൾക്കു് കുറെ യൂറോപ്യൻയാത്രയ്ക്കുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം പിന്നെ അതു വാങ്ങണം, ഇതു വാങ്ങണം.

വാസു എല്ലാം സമ്മതിച്ചു.

"ഞാൻ സുഖിച്ചുമടുക്കുമ്പോഴെന്നെ വിചാരിക്കണ്ട." അവൾ ക്ഷീണത്തോടെ പറഞ്ഞു. അതു പറയുമ്പോൾ ചുണ്ടത്തെ പുഞ്ചിരി കുറെയും മനോഹരമാക്കാനും അവനോടു് ചേർന്നുനിന്നു് അവൾ മറന്നില്ല.

അവൾ അവന്റെ കാതിൽ പലതും മന്ത്രിച്ചുപ്പോൾ അതു് ഒരുകദേശം ചുംബനങ്ങൾ തന്നെ ആയിരുന്നു. ചുണ്ടുകൾ കാതുകളോടു വക്കുത്തുരുമ്മി, ചിലപ്പോൾ കാതിന്മേൽ ശക്തമായി അമർന്നു.

ഒരു തവണ അവൾ പറഞ്ഞു: "എനിക്കു നിങ്ങളെ ഉമ്മവയ്ക്കണമെന്നു തോന്നുന്നു."

'നീ അതു തന്നെയാണു് ചെയ്യുന്നതു്' എന്ന മുഖഭാവത്തോടെ വാസുവിനു്.

അവൻ അതു പറഞ്ഞില്ല. ഒന്നും പറഞ്ഞില്ല. ചിരിക്കുക മാത്രം ചെയ്തു.

"നിങ്ങളുടെ ഈ ചിരിയാണു് നിങ്ങൾക്കിത്രയേറെ ആരാധകരെ ഉണ്ടാക്കിത്തന്നതു്." അവൾ കൊഞ്ചി മൊഴിഞ്ഞു.

"ആരാധകരോ? എനിക്കോ?" വാസു ചിരിച്ചു

"ആണ്, നിങ്ങൾക്കു തന്നെ. നിങ്ങൾക്കു് ഒരുപാടു് ഫാൻസുണ്ടു് പ്രത്യേകിച്ചു്

അറുപത്തിമൂന്നു്

നടുക്കം ക്രൂരമായ നടുക്കം

കാക്കനാടൻ

സ്ത്രീകൾ. ഉദാഹരണം പറഞ്ഞാൽ നിങ്ങൾ പോലും വിശ്വസിച്ചെന്നു വരില്ല. എന്റെ സപ്പണ്ടുകളിൽ നിങ്ങൾ ഒരു പ്രേമഭാഗംപോലെ ഒഴുകിയെത്താറുണ്ടു്. നാടകമാണിച്ചു് ഏതോ അന്യലോകങ്ങളുടെ വിദൂരതീരങ്ങൾ തേടി പറന്നുപോവാറുണ്ടു്." ജലജ വാചാലയായി.

"കവിഭാവന ചിറകു വിരുത്തുന്നു."

"ഇതു ഭാവനയുമല്ല നേരുമല്ല നിങ്ങൾ നിയന്ത്രിക്കുന്നു. സപ്പണ്ടുകളെ അടക്കിവാഴുന്നു."

"നിങ്ങളീ സംസാരം തുടരുക."

വാസു പറഞ്ഞു.

ജലജയുടെ മുഖം വാടി. "സോറി,

—നെല്ലിക്കൽ മുരളീധരൻ

അരെന്നിതിരഞ്ഞു നിൻറെ-
യോർമ്മതൻ നീലാവിലെന്നു?—
മേളരാഗമേകതാരമീട്ടി നീ-
യുണർത്തി?-
യെൻ വരണ്ട കൺകളിൽ പടർന്ന
നിന്നെ നീ മറന്നുവോ...?
പാടകെയ്യുട്ടത്തമുഖവു-
മായി ഞാൻ, തിരക്കെഴുന്ന
തെരുവീഥിയിലലഞ്ഞുനേടി
ജാഡ്യവും തളർച്ചയും!
പാർക്കിലും കടൽപ്പുറത്തു-
മർത്ഥശൂന്യവാക്കുകൾ
കൊറിച്ചിരമ്പിടുന്ന പൊയ്-
മുഖങ്ങളിൽ,
ക്രിച്ചറിഞ്ഞിടാൻ ഞെരുക്കമെന്നെ-
നീ...

മഴയിലെൻഞരമ്പുകൾ
നിനക്കുവേണ്ടി, യോമനേ!
പാട്ടു; മെന്മനം സഹസ്ര-
ലോചനം തുറന്നിട്ടും.
വാടകെയ്യുട്ടത്ത മുറിയി,—
ലന്ധരാക്കളിൽ ഭയം
വിങ്ങുന്നിനെത്തിടുന്ന
വാതിലിൻറെ പഴുതിലൂടെവേ.
സ്വന്തമാംജഡംചുമന്നു
ഞാനലഞ്ഞപാതയിൽ
തിരിഞ്ഞുനോക്കുവാൻഭയം...
വളർന്നിടുന്നനിഴലുകൾ.
സ്വന്തമാമുഖം മറന്നു
പോയിതെൻറെ പൊയ്മുഖം
അടർത്തിമാറിടാതെയിങ്ങു
ഞാനലഞ്ഞകാരണം.
എങ്കിലും സ്ഫുരിപ്പു നിൻ
മുഖം, നിറഞ്ഞമാറിടം,
സുഗന്ധിയാം ഹൃദന്തു,-
മുന്മദം വിരിഞ്ഞകണ്ണുകൾ.
മുല്ലയും ജമന്തിയും
പടന്നഗാർഡനിൽ വളർന്ന-
പുല്ലുപിഴുതുകൊണ്ടു വിധിയെ
നീ ശപിച്ചുനില്ലുമോ?
ഇഞ്ചുതച്ചമേനിതൻ
നിതാന്തകാന്തിപാഴിലാ-
ക്കിട്ടുന്ന വിരഹരാത്രികൾ
നീണ്ടുനീണ്ടുപോകവേ,
പരിഭവം തുടുത്ത പേന
കൊണ്ടുനീകുറിയ്ക്കുമോ
പ്രണയലേഖനം
പൊരുൾ നിറഞ്ഞൊരക്ഷരങ്ങളിൽ?
നാഡിയിൽ നിലാവുദിച്ച
പാടിട്ടും കിനാക്കളിൽ
നീ വിതുമ്പിവീർപ്പുവീട്ട
കാത്തിരിയ്ക്കുമോസഖീ!
ഹാ! വിദൂരനാകുമെന്നെ-
യോർത്തകംപുകഞ്ഞുനീറി
നാലുകെട്ടിനുള്ളിൽ നീ-
യുലാത്തുമോപലപ്പൊഴും?
പഴയ താളുകൾ തുറന്നു
പീലിയെണ്ണിനില്ലുമോ?

—o—

ഞാൻ നിങ്ങളെ വല്ലാതെ ബോറടിച്ചു. അല്ലേ ക്ഷമിക്കു ഞാനിത്ര ബോറിങ് ആണെന്നു് ഒരിക്കലും വിചാരിച്ചിരുന്നില്ല." അവളുടെ കണ്ഠം ഇടറി. അവൾ കസേരയിലിൻറെ വക്കത്താണെന്നു തോന്നി. വാസു അവളുടെ ചുമലിൽ കൈവച്ചു. "മിസ് ഗ്ലാഡ്സ്, നിങ്ങൾ എന്നെ തെറ്റിദ്ധരിച്ചു." അവൻ പറഞ്ഞു. "നിങ്ങൾ ഒരിക്കലും ബോറിങ് അല്ല. മറിച്ചു് യു ആർ വെരി ഇൻറിസ്റ്റിങ്. ഞാൻ പറഞ്ഞതു് നിങ്ങൾ എന്നെ ഇങ്ങനെ പുകഴ്ത്തരുതെന്നാണു്."

"ഓ," അവൾ നിശ്വസിച്ചു." യു ആർ സോ സ്വീറ്റ്. ഞാൻ പുകഴ്ത്തിയതല്ല.

ഞാൻ പറഞ്ഞതൊക്കെ വെറും സത്യങ്ങളാണു്."

"എന്താണിവിടെ നമ്മുടെ കവി തട്ടിവിടുന്നതു്?" കയ്യിൽ പകുതി ഒഴിഞ്ഞ വിസ്കി ഗ്ലാസ്സുമായി കിഷൻചന്ദ് ഖന്ന കിളുങ്ങിക്കിളുങ്ങി അവരുടെ അടുത്തേക്കു വന്നു. "ജലജ മിക്കവാറും നാളെ പിള്ള സാബ്വിൻറെ കൂടെ പറക്കുമെന്നാണെനിക്കു തോന്നുന്നതു്." അയാൾ കിളുങ്ങിച്ചിരിച്ചു

"ചുമ്മാതിരിക്കണം ഖന്നാജീ." ജലജ അയാളുടെ വയറ്റത്തു കുത്തി. തുടർന്നു് ഒരു നെടുവീർപ്പോടെ അവൾ കൂട്ടിച്ചേർത്തു: "അതിനുള്ള ഭാഗ്യം നമുക്കുണ്ടോ?"

"നിൻറെത്ര ഭാഗ്യവതി ആരുണ്ടു മോളേ?" തെല്ലകലെനിന്നു് മേനക വിളിച്ചു ചോദിച്ചു

"നിങ്ങളാരും കളിയാക്കുകയും മറ്റും വേണ്ട." ജലജ പറഞ്ഞു." എനിക്കും ഒരു നല്ല കാലം വരും."

"ഷുവർ!" മേനക തിരിച്ചടിച്ചു. "മിസ്റ്റർ പിള്ളേള്ള, അനദർ ഡ്രിങ്ക്." അവൾ ഗ്ലാസ്സിനു കൈ നീട്ടി.

"ഞാൻ പകരാം," വാസു മര്യാദ പറഞ്ഞു.

"വേണ്ട, ഐഷാൽ." അവൾ ഗ്ലാസ്സു വാങ്ങി, നടന്നു. നടക്കുന്നതിനിടയിൽ തിരിഞ്ഞു് അവൾ പറഞ്ഞു:" എന്നാലും ഞാൻ മറന്നിട്ടില്ല."

താൻ ബോംബെയിൽ എത്തിയ നാൾ മുതൽ അവൾ പരിഭവം പറയുകയായിരുന്നുവെന്നു് വാസു ഓർത്തു.

ശേഖരൻമാസ്റ്ററും മൊയ്തുവും ഗോകുലനും മറ്റുമായി ദിവസങ്ങൾ കഴിച്ചിട്ടു് താൻ ബോംബെയ്ക്കു തിരിച്ചെത്തിയപ്പോൾ സഹപ്രവർത്തകരിക്കാൻ അരുന്ധതീദേവിയോടൊപ്പം മേനകയെയും ഭർത്താവിനെയും കണ്ടു് വാസു അത്ഭുതപ്പെട്ടു പോയിരുന്നു.

"സർപ്രൈസാണു് അല്ലേ?" വേണു ഗോപാൽ ചിരിച്ചു. "എനിക്കും കിട്ടി മെസ്സേജു്. ഉടൻ പുറപ്പെടാൻ. താങ്കളുടെ യാത്രയ്ക്കുള്ള ഏർപ്പാടുകളൊക്കെ ശരിയാക്കാൻവേണ്ടി ഉടനടി എത്തണമെന്നു് ദേവി എന്നെ ഫോൺ ചെയ്തു പറഞ്ഞു "

'ഏതായാലും വീട്ടിൽവരാഞ്ഞതിൽ എനിക്കു പരാതിയുണ്ടു്.' മേനകയുടെ

NBS NEWS

നോവൽ ക്ലബ്ബ്-3

സീരിയലൈസ് ചെയ്യാത്ത

പതിമ്മൂന്നു് പുതിയ നോവലുകൾ ജനുവരി 1-മുതൽ ജൂലൈ 1-വരെ പ്രതിമാസം രണ്ടു നോവലുകൾ.

നോവലിസ്റ്റുകൾ:

ജി. എൻ. പണിക്കർ
കെ പത്മനാഭൻനായർ
ടി. കെ. സി. വടുതല
ജോസഫ് പുത്തൻതറ
മുട്ടത്തു വർക്കി
എൻ. പി മുഹമ്മദു്
വൈക്കം ചന്ദ്രശേഖരൻനായർ
മധു മഞ്ഞാലായം
പി. പത്മരാജൻ
മലയാറ്റൂർ
ഉറൂബു്
പാറപ്പുറം
ലളിതാംബിക അന്തർജ്ജനം

രജി. ഫീസു് ഒരു രൂപ. ഒന്നാമത്തെ നോവലിനു് മുഴുവൻ വില. രണ്ടു മുതൽ പന്ത്രണ്ടു വരെയുള്ള നോവലുകൾക്കു് 25 ശതമാനം കമ്മീഷൻ. പതിമ്മൂന്നാമത്തെ നോവൽ സൗജന്യം.

ഇന്നു തന്നെ ഒരു രൂപ എൻ. ബി. എസ്. ബ്രാഞ്ചിലോ ഏജൻസിയിലോ അടച്ചു് പേരു രജിസ്റ്റർ ചെയ്യുക.

നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം – 686001

മുഖം വാടിയിരുന്നു.

'കുട്ടം സമയമുണ്ടായിരുന്നില്ലെന്നു് മിസ്സിസ്സ് വേണുഗോപാലിനു് അറിയാമല്ലോ. ജോലിത്തിരക്കിനു നടുവിലാണു് രമേസ്സുജു് കിട്ടിയതു്.' വാസു വിശദീകരിച്ചു.

'എന്നാലും,' മേനക പ്രതിഷേധം തുടർന്നു. 'ഇന്നവരും ഇന്നവരും എന്നു പറഞ്ഞു് എന്നും ഞാൻ കാത്തിരുന്നു. ഒടുവിൽ ആരെ നാണംകെടായി. എല്ലാവരും എന്നെ കളിയാക്കി.'

'കൊച്ചുകുട്ടികളെപ്പോലെ ഇങ്ങനെ പരിഭവിച്ചാലോ? വാസ്തവത്തിൽ ഇത്തിരി ഒഴിവുകിട്ടിയിരുന്നെങ്കിൽ ഞാൻ വന്നേനെ.'

മേനക നിറഞ്ഞ ഗ്ലാസ്സുമായി മടങ്ങിവന്നപ്പോൾ വാസു കിഷൻ ചന്ദ്രനോടു പറഞ്ഞു: 'ഈ മിസ്സിസ്സ് വേണുഗോപാലിനോടൊന്നും പറഞ്ഞുകൊടുക്കരുതു്, രണ്ടാജി. ഇവർക്കിപ്പോഴും എന്നോടു ദേഷ്യമാണു്.'

'എനിക്കു ദേഷ്യമൊന്നുമില്ല, നമുക്കു് ഉള്ളു.' ഗ്ലാസ്സു് കൊടുക്കുന്നതിനിടയിൽ അവൾ പറഞ്ഞു: 'ഞാൻ പാവമായതുകൊണ്ടല്ലേ എന്റെ വീട്ടിൽ വരാഞ്ഞതു്?'

ഈ കുട്ടികളുടെ സ്വഭാവം ഒന്നു മാറുമോ." വാസു പറഞ്ഞു.

'മേനക കുട്ടികളുടെമാതിരിയാണു്,' ഖന്ന പറഞ്ഞു: 'എല്ലാ കാര്യത്തിലും ഇങ്ങനെതന്നെ. 'ആരേ ജാനേ ദോനാ?' അയാൾ മേനകയെ ഒരു കൊച്ചുകുട്ടിയെപ്പോലെ കെട്ടിപ്പിടിച്ചു് അടുത്തുനിന്നു. മോളു് കരയണ്ട. പിള്ള സാബ്ജു്, നിങ്ങൾ യൂറോപ്പിൽനിന്നു് മേനകയ്ക്കു നല്ല പ്രസന്റു് വാങ്ങിക്കൊണ്ടുവരണം.'

'തീർച്ചയായും.'

'മിസ്സിസ്സ് വേണുഗോപാൽ?' ആരോ ഉച്ചത്തിൽ വിളിച്ചു.

'ആതിഥേയ അല്ലേ? ചെല്ലൂ, ചെല്ലൂ.' ഖന്ന പറഞ്ഞു. അവൾ പൊങ്ങിഴഞ്ഞെഴുന്നേൽ ജലജ ഒരു അഭിപ്രായം പാസ്സാക്കി. 'ഇവക്കു് കൊഞ്ചൽ ഇത്തിരി കൂടുതലാ.'

യഥാർത്ഥ ആതിഥേയ മേനക അല്ലെന്നു് വാസുവിനു് അറിയാമായിരുന്നു. യാത്ര അയപ്പു് ഡിന്നറിനു് തീരുമാനമെടുത്തതും അതിനു പണം മുടക്കിയതും അരുന്ധതീദേവിയാണു്.

'നീ പോവുന്നതിന്റെ തലേന്നാൾ രാത്രി എന്റെ വീട്ടിൽ ജൂൾഫഹളും ഞാനിഷ്ടപ്പെട്ടന്നില്ലേ മോനേ' അവൾ പറഞ്ഞു 'അതുകൊണ്ടാണു് വേണുഗോപാലിനെ വിളിച്ചു് ഡിന്നർ അവിടെയാക്കാൻ പറഞ്ഞതു്. ബഹളം കഴിഞ്ഞാൽ നമുക്കിരുന്നു പോരാമല്ലോ. പിന്നെ ഞാനും ഒഴിഞ്ഞുതരാം. നമ്മുടെ കിടക്കയും. നമ്മുടെ മാളുമായും.'

'നീ അതിബുദ്ധിശാലിയാരുന്നെന്നു് എനിക്കറിഞ്ഞുകൂടേ?'

വാസു ചിരിച്ചു.

'ഇതിൽ എനിക്കു പങ്കുണ്ടെന്നു ഖിവരും പുറത്തുവിടരുതെന്നും ഞാൻ പറഞ്ഞിട്ടുണ്ടു്. ഞാനും നീയും തമ്മിലുള്ള അടുപ്പത്തിന്റെ അളവു് ബന്ധുമിത്രാദികളും അറിയണമെന്നില്ല.'

പാർട്ടിയിൽവച്ചു് അരുന്ധതീദേവി വാസുവിനോടു് വലിയ താല്പര്യമൊന്നും കാട്ടിയില്ല.

അവർ ചുറ്റിനടന്നു. കണ്ണോ ഗ്രൂപ്പിലും ചെന്നു് കുശലംപറഞ്ഞിരുന്നു. വാസുവിന്റെ ചുറ്റിലുമുള്ള ഗ്രൂപ്പിൽനിന്നു് കഴിഞ്ഞുമാറി നടന്നു. അതു മനഃപൂർവ്വമാണെന്നു് അവനു തോന്നാതെയിരുന്നില്ല. ജലജയും മേനകയും മറ്റു സ്ത്രീകളും ഞരിൽ സന്തുഷ്ടരായിരുന്നു. അവർക്കു് വാസുവിനോടു് സ്വതന്ത്രമായി, അടുപ്പത്തോടെ പെരുമാറാനും സംസാരിക്കാനും കഴിഞ്ഞു. ജലജ അതു ഇടയ്ക്കു പറയുകയും ചെയ്തു: 'ദേവി അടുത്തുള്ളപ്പോഴെങ്കിലും പറയാൻ എനിക്കു പേടിയാ, ഇന്നേതായാലും ദേവി ഇങ്ങോട്ടെങ്ങും വരുന്നില്ലല്ലോ. നന്നായി.'

അവർ രാത്രിക്കവേണ്ടി തയ്യാറെടുക്കുകയാണെന്നു വാസുവിനു് അറിയാമായിരുന്നു. ഇടയ്ക്കൊന്നുരണ്ടുതവണ അവരുടെ കണ്ണുകൾ അവന്റെനേരെ നീണ്ടപ്പോൾ ആ കണ്ണുകളിലെ ആത്തി അവൻ കാണാതിരുന്നില്ല. അവ കിടപ്പറയിലേക്കുപോവാൻ തിരക്കുകൂട്ടുന്നതുപോലെ തോന്നി.

പാർട്ടി കൊഴുത്തു. പർട്ടി ശബ്ദായമാനമായി. റെക്കോർഡ്സംഗീതത്തെ കവച്ചുവയ്ക്കുന്ന വായ്പാട്ടുകൾ ഉയർന്നു. ഒരു കസ്റ്റംസുദ്യോഗസ്ഥൻ ഭാര്യയെ കെട്ടിപ്പിടിച്ചു് പാടി. അവരും പാടി. പെണ്ണുങ്ങളുടെ മേത്തുനിന്നു് സാരിത്തലപ്പുകളും ദുപ്പട്ടകളും ഒഴുകിവീണു. പുരുഷന്മാരുടെ ശബ്ദങ്ങൾ കുഴഞ്ഞു. വേണുഗോപാലിന്റെ ഇംഗ്ലീഷ്പാട്ടുകൾക്കു് ഒരുകൂട്ടർ താളംപിടിച്ചു. പാട്ടുകൾക്കു് പിന്നീടു് ഭാഷയില്ലാതായി. സംഭാഷണങ്ങൾക്കു് ഭാഷയില്ലാതായി. ചുവടുകൾക്കു് താളമില്ലാതായി. ശബ്ദങ്ങളും ചലനങ്ങളും കുഴഞ്ഞുമറിഞ്ഞൊഴുകി.

ശബ്ദങ്ങളും ചലനങ്ങളും കുഴഞ്ഞുകൊഴുത്തുവളർന്ന പടർന്നിരുന്ന ഏതോ ഒരു നേരത്താണു്, ഏതോ ഒരു ഘട്ടത്തിലാണു്, ബോധമനസ്സു് സൂക്ഷിച്ചിരുന്ന വാസുവിന്റെ കാതുകൾക്കു് ഒരു വാർത്ത കേൾക്കേണ്ടിവന്നതു്. ഒരുകാര്യം അറിയേണ്ടിവന്നതു്.

കേൾക്കേണ്ട കാര്യമാണു് കേട്ടതു്. അറിയേണ്ടതാണു് അറിഞ്ഞതു്.

പക്ഷേ, നട്ടുക്കു ശക്തമായിരുന്നു, ക്രൂരമായിരുന്നു, അവിചാരിതമായിരുന്നു.

തനിക്കെന്തോ സംഭവിക്കാൻപോവുന്നു എന്നു് അവൻ ഭയപ്പെട്ടു.

പെട്ടെന്നു് വാസു ഒന്നും കാണാതായി. കേൾക്കാതായി. അറിയാതായി. ദൃശ്യങ്ങൾ മറഞ്ഞു. ശബ്ദങ്ങൾ മറഞ്ഞു.

(ശേഷം 54-ൽ)



സ്റ്റെപ്സ് വാഗ്ദത്തം
കുട്ടികൾ നമ്മുടെ സമ്പത്താണ്
1979 കുട്ടികളുടെ വർഷം

12 ബാലശാസ്ത്ര പുസ്തകങ്ങൾ
1979 മെയ് 15ന്
സ്റ്റെപ്സ്
പ്രസിദ്ധീകരിക്കുന്നു.

1 ശാസ്ത്രം കാര്യാന്വേഷണത്തിൽ
ഡോ: ബി. ഉമാദത്തൻ
2 തെരഞ്ഞെടുത്ത ശാസ്ത്രകഥകൾ
പ്രശസ്ത ബാലശാസ്ത്ര
കഥാകൃത്തുക്കൾ
3 തെരഞ്ഞെടുത്ത ശാസ്ത്രകവിതകൾ
പ്രശസ്ത ബാലശാസ്ത്ര കവിതകൾ
4 ബാല്യം മുതൽ യൗവ്വനംവരെ
ഡോ: വി. കെ. രാമചന്ദ്രൻ
5 പാരഫ് ഗൈഡ്
പി. ടി. ഭാസ്കരപ്പണിക്കർ
6 ജീവലോക വിസ്മയങ്ങൾ
കെ. രാജേന്ദ്രബാബു
7 വൈദ്യുതിയുടെ കഥ
എൻ. വി. ഈശ്വരവാരിയർ
8 ഈ ചെടികളെ സൂക്ഷിക്കുക
കെ. എൻ. രാമകൃഷ്ണൻ
9 ശാസ്ത്രരീതി
കേശവൻ വെള്ളിക്കുളങ്ങര
10 കണക്കിലെ കേളികൾ
പ്രൊഫ. കെ. ജയചന്ദ്രൻ
11 ഭാരത ശാസ്ത്രചരിത്രം ഒരു മുഖം
എം. എം. ബഷീർ
12 ലേഖനകല
എൻ. വി. കൃഷ്ണവാരിയർ

പ്രീപബ്ലിക്കേഷൻ വില രൂ. 37
(7+10+10+10)
ഒരുമിച്ചടച്ചാൽ 33 രൂപ

ഓഫീസിൽ നേരിട്ടോ ഏജൻറുവഴിയോ M O. ഡ്രാഫ്റ്റ് എന്നിവ വഴിയോ പണം അടയ്ക്കാം.

800 ൽ പരം പേജുകൾ
ബഹുവർണ്ണ കവർ ചിത്രങ്ങൾ
മറനേകം ചിത്രങ്ങളും
ആകെ മുഖവില രൂപ 57

• നിങ്ങളുടെ കുട്ടികളുടെ ബുദ്ധിവികാസത്തിനു്; സ്വഭാവ സംസ്കരണത്തിനു്, വിജ്ഞാനവർദ്ധനവിനു്, സർവ്വോപരി വ്യക്തിത്വവികാസത്തിനു് 12 ബാലശാസ്ത്രപുസ്തകങ്ങളും ലഭിക്കുമെന്നു് ഉറപ്പു വരുത്തുവാൻ

ഇന്നു തന്നെ 7 രൂപാ അടച്ചു് പേരു് രജിസ്റ്റർ ചെയ്യുക

സ്റ്റെപ്സ്

• ശാസ്ത്ര സാഹിത്യകാരന്മാരുടെ പ്രസിദ്ധീകരണ സഹകരണ സംഘം.
• ബാല ശാസ്ത്രസാഹിത്യത്തിനു് NCERT യുടെ അലേന്ത്യാ അവാർഡ് നേടിയ സ്ഥാപനം
• അധിക പങ്കു് ഓഹരി മൂല ധനവും കേരള സർക്കാരിനേതായ സ്ഥാപനം



സെക്രട്ടറി,
സ്റ്റെപ്സ്
എജീസ് ഓഫീസിനെതിർവശം
തിരുവനന്തപുരം-695001

ചൂട്ട് കൂടി വരുന്ന നിമിഷങ്ങൾ.

ഒഴിഞ്ഞ നിരത്തിലൂടെ, ഇടയ്ക്കുപ്പോഴെങ്കിലും ധൃതിയിൽ കടന്നു പോകുന്ന ഗ്രാമീണർ. അവരുടെ കൈയിൽ ഒരു മീൻ കോമ്പയോ, മറ്റോ കണ്ടാലായി. ഇവിടത്തെ നിമിഷങ്ങൾ—

മടുത്തിരിക്കുന്നു.

ഈ നാട്ടു—ഈ നിരത്തുകൾ—

എല്ലാം എല്ലാം എന്നെ വീർപ്പുമുട്ടിക്കുന്നു. അത്യുഷ്ണത്തിൽ, കണ്ണടക്കാനാവാതെ കിടന്ന വെളുപ്പിക്കേണ്ട രാത്രികൾ.

ഇവിടത്തെ നിലാവു്, കാറു് എല്ലാം എവിടെയാണു് ഒളിച്ചിരിക്കുന്നതു്? ഇവിടത്തെ ഓരോ നിമിഷങ്ങൾക്കും ഞാനപരിചിതത ആകുന്നതു പോലെ. ദിവസം കഴിയുംതോറും സ്വസ്ഥത എന്നിൽ നിന്നകലുന്നതു പോലെ.

എനിക്കു വയ്യ—

തുളഞ്ഞു കയറുന്ന തലവേദന. ഇതു തോന്നലോ? അതോ മനസ്സിൻറെ വേദനയോ? ആവോ—

ഉരുകിവരുന്ന മദ്ധ്യാഹ്നത്തിൽ, വെന്തുലഞ്ഞ ശരീരവുമായി ബസ്സിൻറെ ഉള്ളിൽ കടന്നപ്പോഴെ കരുതിയതാണു്. ഈ ദിവസത്തിൻറെ അന്ത്യം തലവേദനയിലായിരിക്കും.

ബസ്സിനുള്ളിലെ തിരക്കിൽ നിന്നു് മുഖം തിരിച്ചു് പുറത്തേക്കു് നോക്കി നിന്നു. സ്റ്റോപ്പ് നിറയെ യുവതികളും യുവാക്കന്മാരും. വെയിലേറ്റു് ചുവന്ന മുഖങ്ങൾ.

കടന്നുപോകുന്ന ബസ്സുകൾ നിറയെ ടെസ്റ്റെഴുതാൻ വന്ന ഉദ്യോഗാർത്ഥികൾ മാത്രം.

എത്രായിരം പേരാണു്—

ഓടിപ്പിടഞ്ഞു് ബസ്സിൽ കടന്നുകൂടുന്നവർ പിന്നിലോട്ടു് നോക്കി ചിരിക്കുന്നു. സ്വയം ആശ്വസിക്കയും, മറ്റുള്ളവരെ പരിഹസിക്കയും ചെയ്യുന്ന എന്തോ ഒന്നു് ആ ചിരിയിലില്ലേ?

അങ്ങനെയാണെങ്കിൽ, തൻറെ ചിരിയും അതേ പോലായിരിക്കുമല്ലോ. എന്താണോ, മനസ്സു് കാട്ടു കയറാൻ തുടങ്ങുകയാണു്. ഓരോ ടെസ്റ്റിനും കാർഡു് വരുമ്പോൾ മനസ്സു് ചതയുന്നു. ഇനിയിപ്പോൾ അടുത്തുവരുന്നതു് അവിടെയെങ്കിലും ഭേദപ്പെട്ടതാവും. സെൽഫ് അഡ്രസ്സു് എഴുതിയ എൻവലപ്പിനുള്ളിൽ അവർ സദയം അയക്കുന്ന ഖേദം. ഭാവിയിൽ എല്ലാ ക്ഷേമങ്ങളും നേരുന്നവരെത്ര. ചിരിക്കാനാണു് തോന്നുക—

ദിവസങ്ങൾക്കു് വീതമായ മദ്ധ്യാഹ്നത്തിൻറെ നിമിഷങ്ങളെണ്ണി, അലസതയോടെ, അസ്വസ്ഥതയോടെ കിടക്കയായിരുന്നു. ഗേറ്റിൽ മൈക്കിൾ മണി മുഴങ്ങിയിട്ടും എണീക്കാൻ തോന്നിയില്ല. കണ്ണുമടച്ചു് കിടക്കുമ്പോൾ അമ്മയുടെ ശബ്ദം കേട്ടു.

"തങ്കത്തിനൊരു കവറുണ്ടു്."

ഒരാളെയാണു് തോല്പിച്ചതു്

ലതാദേവി

പെട്ടെന്നെണീറ്റു എന്തായാലും ഒരു സാഹസം. ഒരു പക്ഷേ, അംബികയുടേയോ, ചച്ചുവിൻറെയോ കത്താണെങ്കിലോ—

മുറിയിൽ നിന്നിറങ്ങുമ്പോഴേക്കും അമ്മ കത്തുമായി അകത്തുവന്നു.

ഓ—

മനസ്സു് ചതഞ്ഞതു പോലെ. ടെസ്റ്റിനുള്ള കാർഡാണു്. ബാങ്കിൻറെ ഔദാര്യം.

പൊട്ടിച്ചു് നോക്കിയിട്ടു് അമ്മ പിറുപിറുത്തു.

"എത്ര ടെസ്റ്റു് കഴിഞ്ഞതാണു്?"

തളർച്ചയുടെ, നിരാശയുടെ സ്വരം തൻറേതു കൂടിയല്ലേ?

ഇപ്പോൾ ടെസ്റ്റുകളെ പേടിയാണു്. കടന്നു ചെല്ലുമ്പോൾ, പരിചയമുള്ള, ഒപ്പം പഠിച്ച മുഖങ്ങൾ.

ചിരിക്കുന്നു. അർത്ഥമില്ലാതെ കുശലങ്ങൾ പറയുന്നു. എല്ലാവരുടെയും മുഖത്തു തെളിയുന്നതു് അകൽച്ചയുടേയും കഴിഞ്ഞുമാറലിന്റേയും നിഴലുകൾ.

ഇന്നും കരുതി, ആരെയെങ്കിലും ഒക്കെ കാണും. കടന്നുചെന്നപ്പോൾത്തന്നെ കോളേജിന്റെ പോർട്ടിക്കോയിൽ സുജ.

മെല്ലെ ചെന്നു കൈയിൽ പിടിച്ചു. സുജ ചിരിച്ചു. വിളറിയ ചിരി. മൗനം തുടിച്ചു നില്ക്കുന്ന കണ്ണുകൾ നിറയുമെന്നു തോന്നി.

ഞങ്ങൾക്കിടയിൽ മൗനത്തിന്റെ തിരശ്ശീല?

ആത്മലച്ചു കരയാനാണു് തോന്നുന്നതു്. ഇനിയൊരിക്കലും തിരിച്ചു കിട്ടാത്ത നിമിഷങ്ങളെ, ഞങ്ങൾക്കോർത്തു നിൽക്കാൻ നൽകിയ വർഷങ്ങൾ.

ചിരിയുടെയും, കരച്ചിലിന്റെയും ഇടയ്ക്കു് കനം തൂങ്ങിനിൽക്കുന്ന ഈ നിമിഷങ്ങളെ ഒരിക്കലും സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ലല്ലോ.

എല്ലാം മറന്നു് ഒരിക്കൽക്കൂടി ഉറക്കെ ചിരിക്കാൻ —

സുജയു ഗീതയും ഒത്തു് അലസമായി ചുറ്റി നടന്നു് തമാശകൾ പറയാൻ.

ദൈവമേ—

"തങ്കം ഏതു റൂമിലാണു"?"

"31. സുജ?"

"എനിക്കു് അപ്പസ്സയറിലാണു്. 13-ാം നമ്പർ"

വാച്ചിൽ നോക്കി. 9-15 കഴിഞ്ഞിരിക്കുന്നു. 9-30 നാണല്ലോ ടെസ്റ്റു്.

"എഴുതിക്കഴിഞ്ഞു" ഇവിടെ വരുമല്ലോ?"

ടെസ്റ്റു് നടന്നുകൊണ്ടിരിക്കേ പെട്ടെന്നു് ചിരി വന്ന ഇതെത്രാമത്തെ ടെസ്റ്റാണു്? ഓർമ്മയില്ല. ഇനിമുതൽ കുറിച്ചിടണം. അവസാനം പറയാമല്ലോ ഞാൻ—ടെസ്റ്റു് എഴുതിക്കഴിഞ്ഞു. സിനിമാതാരങ്ങൾ, നൃ് ചിത്രം പൂത്തിയാക്കി എന്നു പറയുന്നതുപോലെ.

തല ഉയർത്താതെ കഴിച്ചുകൂട്ടി വർമ്മസാറിന്റെ കണ്ണുകളെ നേരിടാൻ തോന്നിയില്ല.

വർമ്മസാറിന്റെ ക്ലാസുകളിൽ പ്രോക്സി ചെയ്യാതെ സൂത്രത്തിൽ രക്ഷപ്പെട്ടിരുന്നപ്പോഴുള്ള വിജയഭാവം ഇന്നെവിടെ?

സാറിന്റെ, വാർദ്ധക്യം നൽകിയ വെള്ളിരേഖകളിലൂടെയും, വരകൾ വീണ നെറ്റിയും ഒക്കെ ഓർമ്മിപ്പിക്കുന്നതു പണ്ടത്തെ ക്ലാസു് റൂമിനെയാണു്. ചിരിക്കുന്ന, പൊട്ടിച്ചിരിക്കുന്ന മുഖങ്ങൾ —

ഇന്നവയിൽ പലതും അപരിചിതമായിരിക്കുന്നു. വല്ലപ്പോഴും സുജയോ, അംബികയോ എഴുതിയാലായി. ചെലരുടെ കണ്ണുകൾപോലും കാണാറില്ല. എന്തു പെട്ടെന്നാണു് വ്യക്തികൾക്കു്, ഭാവങ്ങൾക്കു് മാറ്റം വരുന്നതു്? വെറുതെ ഒരന്വേഷണമെങ്കിലും —

കോളേജിൽ ത്രിമൂർത്തികൾ എന്നറിഞ്ഞിരുന്നവർ.

ഇന്നു് മൂന്നും, മൂന്നുവഴിക്കു് പിരിഞ്ഞുപോയിരിക്കുന്നു

ആരും, ആരെയും ഓർത്തുകൊള്ളാമെന്നു് വാക്കൊന്നും കൊടുത്തിട്ടില്ലല്ലോ.

നിർത്താതെ ശബ്ദിക്കുന്ന ബെല്ലു് കേട്ടാണു് ഞെട്ടിയുണർന്നതു്.

ഓ — ടെസ്റ്റു് കഴിഞ്ഞിരിക്കുന്നു.

സാരിത്തലപ്പു് ചുമലിലൂടെ പുതച്ചു് തലകുനിച്ചു് നടന്നു. ഇനിയും അർത്ഥമില്ലാതെ ചിരിച്ചു കാണിക്കാനാവില്ല.

പോർട്ടിക്കോയിൽ ചെന്നുനിന്നു. സുജ എത്തിയിട്ടില്ല മണി പന്ത്രണ്ടു് കഴിഞ്ഞിരിക്കുന്നു. ഫാൾ നിറയെ, ചിരിക്കുന്ന, വർത്തമാനം പറയുന്ന കുട്ടികൾ.

ഇടയ്ക്കു് താൻമാത്രം നിശ്ശബ്ദയായി, നിശ്ചലയായി

സുജയെ കാണാതെ പോയ്ക്കളഞ്ഞാലോ? ഒരു നിമിഷം ഓർത്തുനിന്നു.

പെട്ടെന്നു് മനസ്സു് തരുത്തി തങ്കം, നിനക്കതിനു് കഴിയുമോ? മൂന്നു വർഷങ്ങൾ, ഒരേ ബഞ്ചിലിരുന്നു, ഒരേ കുടക്കീഴിൽ നടന്നു് നിമിഷങ്ങളെ കീഴടക്കിയവർ —

ഇന്നു് വീണ്ടുമൊരു കണ്ടുമുട്ടലിന്റെ സൗഹൃദം കളഞ്ഞുകുളിക്കാനുള്ള വിഡ്ഢിത്തം നിനക്കുണ്ടോ?

നോക്കിനില്ലേ, സുജ പതിയെ നടന്നു വന്നു എന്തു സംസാരിക്കാനാണു"?

പണ്ടു് എത്ര മണിക്കൂർ സംസാരിച്ചാലും തീരാത്ത കാര്യങ്ങൾ ഉണ്ടായിരുന്നു.

അതിനുവേണ്ടിമാത്രം ക്ലാസ് കട്ടു് ചെയ്തു് ഞങ്ങൾക്കു് പിന്നിൽ അഭയം തേടുമായിരുന്നു.

'വർമ്മസാറായിരുന്നു എന്റെ റൂമിൽ' സുജ ചിരിച്ചു. വിളറിയ ചിരി.

ഇനിയും നീണ്ടുനിൽക്കുന്ന നിശബ്ദത തകർക്കാനുള്ള വഴികളോർത്തു് മെല്ലെ നടന്നു.

"എങ്ങനെയിരുന്നു ടെസ്റ്റു"?"

"ഓ — എന്തു പറയാനാണു"? ഒരുമാസം കഴിയുമ്പോൾ ബാങ്കിൽനിന്നു് ലോറർ കിട്ടും."

"എന്തിനു"?"

"ഖേദം പ്രകടിപ്പിക്കാൻ —"

സുജ ചിരിച്ചു, കൂടെ ചിരിക്കുമ്പോൾ ഓർത്തു എത്ര ജീവനില്ലാത്ത ചിരിയായിപ്പോയി ഇതു്.

കവലയിലെത്തിയപ്പോൾ നിന്നു.

"ഇപ്പോൾ ബസ്സുണ്ടോ നിനക്കു"?"

"ങാ — 12-30 നു് ഒന്നുണ്ടു്. സുജ നടന്നോളൂ."

"അതു കിട്ടിയില്ലെങ്കിലോ?"

ചിരിവന്നു. അങ്ങനെ ഓർത്താൽ —

"വാ, തങ്കം. നമുക്കു് എന്റെ വീട്ടിൽ പോകാം."

"നോ സുജ. എനിക്കു് ഒന്നിനും വയ്യ. 12-30 ന്റെ ബസ്സു് കിട്ടാതിരിക്കില്ല.

"നിനക്കെന്താണ്" പറയിയുടെ തങ്കം?"

പെട്ടെന്നൊന്നും മിണ്ടാനായില്ല. ഞാനെന്താണ് പറയുക? എനിക്ക് പെട്ടന്നാണ് ബസ്സ് പൊടി പറത്തി മുന്നിലെത്തിയത്. സുജയെ ശ്രദ്ധിക്കാതെ, യാത്രപോലും പറയാതെ ചാടിക്കയറി. എനിക്കാരോടും ഒന്നും പറയാനില്ല.

എനിക്കെന്റെ സ്വാസ്ഥ്യതയെങ്കിലും അനുവദിച്ചുതരൂ.

തലയുടെ ഇരുവശത്തിലേക്കും അതിക്രമിച്ചുകയറുന്ന വേദന. അസ്വസ്ഥതയോടെ പല്ലു ഞവുമ്പോൾ വെറുതെ മാഞ്ഞു. കാലത്തെ തന്റെ പെരുമാറ്റം കണ്ട് സുജ എന്തുധരിച്ചോ ആവോ. അവൾക്ക്, അവൾക്ക് മാത്രമല്ലേയല്ലമെങ്കിലും അതൊന്ന മനസ്സിലാക്കാനാവൂ.

പെട്ടന്ന് കണ്ണു നിറഞ്ഞു. ദൈവമേ — എന്റെ മനസ്സിനെന്താണ് പറ്റിയതു?

"ടെസ്സിങ്ങനെയിരുന്ന മോളേ?"

അമ്മയുടെ ശാന്തതയാന്ന മുഖം. പെട്ടന്ന് മനസ്സ് പിടഞ്ഞു.

മുഖം തിരിച്ചു, ചിരി വരുത്താൻ ശ്രമിച്ചു.

"നന്നായിരുന്നു. വളരെ എളുപ്പം."

അമ്മയുടെ ചിരി. ആശ്വാസത്തിന്റെയോ, നിസ്സഹായതയുടേതോ? പാവം, പാവം അമ്മ.

ഒരക്ഷരം കുത്തിക്കുറിക്കാത്ത, ഉത്തരക്കടലാസിന്റെ വെണ്മയെക്കുറിച്ച് അമ്മക്കറിയില്ലല്ലോ.

പേരുമാത്രം എഴുതിയ പേപ്പർ തിരികെക്കൊടുത്തു, ആരുടെയും മുഖത്തു നോക്കാതെ രക്ഷപ്പെട്ടതു മറക്കാനറിയില്ലല്ലോ.

തലയിണയിൽ മുഖം അമർത്തി തേങ്ങുമ്പോൾ മനസ്സ് വീണ്ടും സംശയിച്ചു.

ഞാനതെയാണ് തോല്പിച്ചതു?

അമ്മയെ? എന്നെ?

വയ്യ. കരിക്കൽകുടി, എന്റെ പരാജയം.

എന്നും എവിടെയും, ഞാൻ തോല്പിച്ചിട്ടുള്ളതു എന്നെ മാത്രമാണല്ലോ.

എന്നെമാത്രം —

—o—

അഭിമാനമില്ലാത്ത തൂലിക

മനുഷ്യനു ആത്മാഭിമാനമുള്ളതു പോലെ അവന്റെ തൂലികയ്ക്കും അത്മാഭിമാനമുണ്ട്. അങ്ങനെയുള്ള പേനയ്ക്ക് ഹീനങ്ങളായ കഥകൾ, കവിതകൾ ഇവയെക്കുറിച്ചു് എഴുതാൻ മടിയുണ്ടായിരിക്കും. വളരെ വർഷങ്ങളായി അധമങ്ങളായ "സാഹിത്യസൃഷ്ടി"കളെക്കുറിച്ചു് എന്റെ തൂലിക എഴുതിക്കൊണ്ടിരിക്കുന്നു. അതിനാൽ അതിന്റെ ആത്മമാനത്തിനു ലോപം സംഭവിച്ചുപോയി. അല്ലെങ്കിൽ "കുങ്കുമം" വാരികയിൽ ശ്രീമതി എസ്. സതീദേവി എഴുതിയ "സന്ന്യാസം" എന്ന ചെറുകഥയുടെ ഒടുക്കത്തു പോകാൻ പോലും അതു അറയ്ക്കുമായിരുന്നു. ഓടയിൽ കിടക്കുന്നവനു് അതിന്റെ നാറ്റം സഹിക്കാൻ കഴിയുന്നതുപോലെ ഈ പേനയ്ക്ക് ഇപ്പോൾ ഏതു നീചമായ കഥയേയും സ്പർശിക്കാമെന്നായിട്ടുണ്ട്. സ്പർശം കൊണ്ടു ഒരു ഫലവുമില്ല. ഷേവു് ചെയ്യാൻ ഉപയോഗിക്കുന്ന ബ്ലെയ്ഡ് കൊണ്ടു് കരിങ്കല്ലു മുറിക്കാൻ പറ്റുമോ? പാരുഷ്യത്തിന്റെ കരിങ്കല്ലാണു് ഈ ചെറുകഥ. എങ്കിലും തൂലിക അതിനെ സ്പർശിക്കട്ടെ.

അച്ഛനുമമ്മമാർ മരിച്ചു പോയ ഒരു ചെറുപ്പക്കാരി. ജോലിയുള്ള അവൾ അനുജനെയും അനുജത്തിയെയും കരകയറ്റണമെന്നായിരുന്ന മരിച്ചവരുടെ ആഗ്രഹം. അവൾ അതിനു് അനുസരിച്ചു പ്രവർത്തിച്ചു. അനുജനു ജോലി കിട്ടി. പക്ഷേ, അവൾക്കു മുപ്പതു വയസ്സായിപ്പോയി. അക്കാരണത്താൽ അവൾക്ക് ഇനി ഭർത്താവിനെ കിട്ടുകയില്ല.അനുജനെ നല്ലനിലയിലാക്കിയതിന്റെ ഫലമാണതു്. ജോലി കിട്ടിയ അനുജൻ ശംബളം വാങ്ങിയ ദിവസം രണ്ടുസാരികൾ വാങ്ങിക്കൊണ്ടു വരുന്നു. നീറുള്ള സാരി അനുജത്തിക്കും വെള്ളസ്സാരി ചേച്ചിക്കും. "വിവാഹിതയാകാതിരുന്നപ്പോൾ ചേച്ചി സന്ന്യസിക്കാൻ തീരുമാനിച്ചെന്നു് അനിയൻ ധരിച്ചിട്ടുണ്ടാകണം." അനിയൻ കാണാതെ ചേച്ചി പൊട്ടിക്കരയുമ്പോൾ സതീദേവിയുടെ ചെറുകഥ അവസാനിക്കുന്നു. വിമർശനത്തിന്റെ ആയുധങ്ങളെടുത്തു് ഈ ചെറുകഥയുടെ നേർക്കു പ്രയോഗിക്കേണ്ടതില്ല. അതുപ്പു് ക്ഷുദ്രമാണിതു്. എനിക്കോർമ്മ വരുന്ന ഒരു ഫ്രഞ്ചുഗോറിയൻ പഴഞ്ചൊല്ലു് മാത്രം എഴുതാം. An ox remains an ox, even if driven to Vienna. സാഹിത്യം വിയന്ന നഗരമാണു്. അവിടെയെത്തിയ സതീദേവി സതീദേവിയായിത്തന്നെ നില്ക്കുന്നു. മനുഷ്യനു സചയമുയരാനാണു് ആഗ്രഹം. ഉയരണമെങ്കിൽ അവൻ മേലോട്ടു ചാടിയാൽ മതിയാവുകയില്ല. അതിനു ചില അലംബങ്ങൾ വേണം. അവയിലൊന്നാണു് സാഹിത്യം, ഉത്കൃഷ്ടമായ സാഹിത്യം വായിക്കുമ്പോൾ അവൻ ഔന്നത്യത്തിൽ എത്തുന്നു. അങ്ങനെ ഉത്കൃഷ്ടമായ ഒരു ഉപകരണത്തെ ഇത്തട്ടിൽ മലീമസമാക്കരുതെന്നേ എനിക്കു് അഭ്യർത്ഥിക്കാനുള്ളു.

ഹോമേ സെക്ഷ്വാലിറ്റി

ന്യൂഡൽഹിയിൽനിന്നു ഫിനാൻസ് യാത്രാ ചിപത്തിജനകമാണെന്നു ചിലായിനഗറിലെ സുഹൃത്തുക്കൾ മുന്നറിയിപ്പു നല്കിയിരുന്നു. ഞാൻ കാലത്തു ഒൻപതു മണിക്കുതന്നെ നാഗപ്പൂരിൽ നിന്നു യാത്ര ആരംഭിച്ചു. രാത്രി എട്ടുമണിയോടുകൂടി ചിലായി നഗരിലെത്തി. കാറോടിക്കുന്ന അതിന്റെ ഉടമസ്ഥൻ ശ്രീ ആത്മചരൻ പ്രഗത്ഭനായ യുവാവാണു്. സ്റ്റീഡോ മീറ്ററിലെ സൂചി 80-ൽ നിന്നു ഇടത്തോട്ടോ വലത്തോട്ടോ പോകുന്നില്ല. "ഐസ്സഡി ഐഡ്രൈവിങ്" എന്നു ഞാൻ അഭിനന്ദനസൂചകമായി പറഞ്ഞു. അങ്ങനെ അതിവേഗത്തിൽ പോകുമ്പോൾ വൃക്ഷങ്ങൾക്കിടയിലായി പാറക്കെട്ടുകൾ കണ്ടിരുന്നു; അവയിലൂടെ ഒഴുകുന്ന നീർച്ചാലുകളും. കാറിന്റെ വേഗം കൊണ്ടാവാം, അ

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

മിനിസ്ട്രിയിലെ ശ്രീ മോഹനചന്ദ്രൻ നായർ എഴുതിയ ഒരു കത്തിൽ ഏതാണ്ടിങ്ങനെ രേഖപ്പെട്ടത്തിയിരിക്കുന്നു. (കത്തു് നഷ്ടപ്പെട്ടതുകൊണ്ടു് കാർഡ്മയിൽനിന്നു് എഴുതുന്നു.) "താങ്കൾ സാഹിത്യവാരഫലത്തിൽ വർണ്ണിക്കുന്ന ഓരോ സംഭവവും സ്വകപോലകല്പിതമാണെന്നു ഞാനും മറ്റുള്ളവരും കരുതുന്നു. എന്നാൽ വിമർശിക്കുന്ന കഥയോടു അവയെ കൂട്ടിയിണക്കുന്ന താങ്കളുടെ വൈദഗ്ദ്ധ്യം അഭിനന്ദനാർഹമത്രേ." കത്തയച്ച സുഹൃത്തിനു നന്ദി പറഞ്ഞുകൊണ്ടു് എഴുതട്ടെ. പത്തു വർഷത്തിലധികമായി ഈ ലേഖനങ്ങൾ എഴുതാൻ തുടങ്ങിയിട്ടു്. ഇന്നുവരെ ഒരു അസത്യംപോലും ഞാൻ എഴുതിയിട്ടില്ല. ഇനി അസത്യമെഴുതുകയുമില്ല. സംഭവങ്ങൾ വിവരിക്കുമ്പോൾ വ്യക്തികൾക്കു് ഉണ്ടാകാവുന്ന വ്യാകുലത (embarrassment) ഒഴിവാക്കാനായി അവരുടെ പേരുകൾ മാറ്റിപ്പറയാറുണ്ടു്. അത്രയുള്ളു. സത്യത്തിനു ശക്തിയുണ്ടു്. സത്യം സത്യമായിത്തന്നെ ആവിഷ്കരിക്കുമ്പോൾ അതു സാധാരണമായിത്തോന്നും. അതിനാലാണു് അഭ്യൂഹത്തിനു് ഈ ലേഖനങ്ങളിലെ ചർണ്ണനകൾ ഭാവനാത്മകങ്ങളാണെന്നു തോന്നിയതു്. അതിരിക്കട്ടെ. അടുത്തകാലത്തു് ഇതെഴുതുന്ന ആൾ ചിലായിനഗരിൽ ഒരു മീറ്റിങ്ങിനു പോയി; അവിടത്തെ മലയാളഗ്രന്ഥശാലയുടെ വാർഷികസമ്മേളനത്തിനു്. നാഗപ്പൂരിൽനിന്നു് ചിലായിനഗരിലേക്കുള്ള റോഡ് കൊള്ളാം കാട്ടിനകത്തിലൂടെയാണു്. മധ്യപ്രദേശിലെ കൊള്ളക്കാരെക്കുറിച്ചു് വായനക്കാർ കേട്ടിരിക്കുമല്ലോ. കൊള്ളക്കാരുള്ളതിനാൽ വൈകുന്നേരം ആറു മണി കഴിഞ്ഞാൽ ആ റോഡിൽകൂടെയുള്ള

മല്ലെങ്കിൽ ഇലച്ചാത്തിലൂടെ കടന്നുവന്ന സൂര്യരശ്മികൾ തട്ടിയതുകൊണ്ടാവാം ആ നീർച്ചാലുകൾ വെള്ളിരേഖകൾ പോലെ കാണപ്പെട്ടു. അവ പ്രത്യക്ഷമാകുന്നതും അപ്രത്യക്ഷമാകുന്നതും ഒരു നിമിഷം കൊണ്ടു്. ആ യാത്രയ്ക്കിടയിൽ വേറൊരുകാഴ്ച്ച കാറിന്റെ മുൻപിലായി മോട്ടോർ സൈക്കിളിൽ രണ്ടു പേർ. വളരെ വേഗം

ഞങ്ങൾ അവരെ കടന്നുപോയി. എങ്കിലും ആ രണ്ടുപേരുടെയും രൂപങ്ങൾ മനസ്സിന്റെ ദർപ്പണത്തിൽ ഇപ്പോഴും തെളിഞ്ഞുനിൽക്കുന്നു. മനോഹരങ്ങളായ കാഴ്ചകളും വൾഗറായ കാഴ്ചകളും നമ്മൾ വേഗത്തിൽ വിസ്മരിക്കില്ലല്ലോ. മോട്ടോർ സൈക്കിൾ ഓടിക്കുന്ന മധ്യവയസ്കനും സുന്ദരനുമായ പഞ്ചാബി 'ഹാൻഡിൽ ബാറി'ൽനിന്നു കൈകൾ രണ്ടുമെടുത്തു് പിന്നിലേക്കാക്കി പിറകിലിരിക്കുന്ന സുന്ദരനായ യുവാവിനെ കെട്ടിപ്പിടിച്ചിരിക്കുന്നു. യുവാവു് പഞ്ചാബിയുടെ കടവയറിൽ ബലമായി കൈകൾ ചുറ്റിയിരിക്കുന്നു. മാത്രമല്ല അയാൾ സ്വന്തം ശരീരം മുൻപിലിരിക്കുന്നവന്റെ ശരീരത്തോടു ആവുന്നത്ര ചേർത്തുവച്ചിരിക്കുന്നു. വായനക്കാർ ക്ഷമിക്കണം. അതൊരു ലൈംഗികചേഷ്ടയുടെ പ്രതീതിയുളവാക്കി. "വൾഗർ ഫൊലാസ്" എന്നു ഞാൻ പറഞ്ഞുപോയി. എന്റെ പ്രായക്കൂടുതലിനെ ആദരിച്ചു് ആത്മചരൻ ഒന്നും മിണ്ടിയില്ല. കുമരകം വാരികയിൽ ശ്രീ. എം. ഭാസ്കരൻ എഴുതിയ "മുള്ള്" എന്ന ചെറുകഥ നിർച്ചാട്ടമാകുന്നു വെള്ളിരേഖയാണു്. നേത്രയവനികയിൽ അതു വളരെനേരം തങ്ങിനിൽക്കില്ല. ഇടയ്ക്കിടയ്ക്കുള്ള "സില്ല്"യായ ചില പ്രസ്താവങ്ങൾ സർദാർജിയുടെയും ചെറുപ്പക്കാരന്റെയും ഫോട്ടോ സെക്ഷ്വാലിറ്റിപോലെ അനാദരണീയമാണു്. സ്നേഹിച്ച യുവാവിനെ വിവാഹംകഴിക്കാൻ സാധിക്കാത്ത യുവതിയുടെ വിഷാദമാണു് കഥയിലെ വിഷയം. പെൺപിള്ളേരുടെ കൈയിൽകിട്ടിയാൽ അതിഭാവുകത്വം ആവഹിക്കുന്ന കഥയായിമാറുമായിരുന്ന ഇതു്. അവരുടെ "വിഷ്ഫുൾ തിങ്കിങ്" മുഴുവൻ ഇതിൽ കാണുമായിരുന്നു. ഭാഗ്യവശാൽ പുരുഷനാണു് കഥയെഴുതിയതു്. വലിയ മെച്ചമൊന്നുമില്ല. എങ്കിലും നേത്രാന്തഃസ്ഥിത

ചിത്രപത്രത്തിൽ (Retina) ഒരു രജതരേഖ പതിയുന്നു. അതുമായി. സർദാർജിയെ ഗാഢാലിംഗനംചെയ്തു് ജനനേന്ദ്രിയമുള്ള ഭാഗം അയാളുടെ പൃഷ്ഠത്തിൽ ചേർത്തുവച്ച വൃത്തികെട്ട ചെറുപ്പക്കാരാ! തടഞ്ഞു കാണാതിരുന്നെങ്കിൽ എന്റെ ഭിലായി യാത്ര എത്ര ആഹ്ലാദപ്രദമാകുമായിരുന്നു!

നായേ! ഇങ്ങോട്ടുവരൂ

കുങ്കുമം വാരികയിലെ ഒരു ബോക്സ്. ശിവൻ കളക്കട എഴുതിയതു്:— വിവാഹാനന്തരം കൂട്ടുകാരികൾ ഒന്നിച്ചുചേർന്നപ്പോൾ എങ്ങനെയുണ്ടെടീ നിന്റെ ഭർത്താവു്? —നൈസ്. വലിയ ഇഷ്ടമായെന്നു. വിജയലക്ഷ്മി എന്നുള്ളതു ചുരുക്കി വിജയം എന്നേ വിളിക്കൂ,

—എന്റെ ഫസ്റ്റ് അങ്ങനതന്നെയാ. രാധികയെന്നുള്ളതു രാധി എന്നുമാത്രം.

—എന്റാളും ആദ്യം അങ്ങനതന്നെയായിരുന്നു. ഫസ്റ്റ്ടൈം തന്നെ ഞാനതു സ്റ്റോപ്പ്ചെയ്തു.

അതെന്താടി?

എന്റെ ആനന്ദം എന്നുള്ള പേരാണു് അദ്ദേഹം ചുരുക്കി വിളിച്ചതു്. ഹൗ ക്യാൻ ഐ സഫർ ഫ്രണ്ട്സ്?

(പുറം 31)

നേരമ്പോക്കു് കൊള്ളാം. തിരുവനന്തപുരത്തു് ഇപ്പോൾ പല സ്ത്രീകളും ഭർത്താക്കന്മാരെ പേരിന്റെ ആദ്യത്തെ അക്ഷരം പറഞ്ഞാണു് വിളിക്കുന്നതു്. രാമൻപിള്ള "രാ;" ശ്രീധരൻപിള്ള "ശ്രീ" അപ്പോൾ നാരായണൻനായരെ അയാളുടെ ഭാര്യ എന്തു വിളിക്കും? പിന്നെ ഞാനറിയുന്ന ഒരു തണ്ടുകാരി ഭർത്താവിനെ അങ്ങനെതന്നെയാണു് കരുതുന്നതു്.

ശ്രീ. കുമരകം പരമേശ്വരൻപിള്ള

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ കേരളകൗമുദി ദിനപത്രംവന്നു. രാഷ്ട്രവ്യവഹാരത്തെസ്സംബന്ധിക്കുന്ന ഒരുവാർത്തയും ഞാൻ വായിക്കാറില്ല. ഇന്ദിരാഗാന്ധി ചിക്കമഗളൂർ എന്ന സ്ഥലത്തുനിന്നു തിരഞ്ഞെടുപ്പിൽ ജയിച്ചുവെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു് പക്ഷേ ആ സ്ഥലം

എവിടെയാണെന്നോ അവരെ എതിർത്ത ആളു് ആരാണെന്നോ എനിക്കറിഞ്ഞുകൂടാ. ഇന്ത്യയുടെ പ്രധാനമന്ത്രി മൊറാർജി ദേശായിയാണെന്നു് എനിക്കറിയാം. എന്റെ അഭിവന്ദ്യഗുരുനാഥൻ ഡോക്ടർ ഗോദവർമ്മയുടെ ക്ലാസ്സിൽ ഞാനിരിക്കുമ്പോൾ ഒരു പയ്യൻ ആ ക്ലാസ്സിന്റെ വാതിൽപ്പുറത്തു വന്നുനിന്നു. ഗോദവർമ്മസ്സാർ ചാടിയെഴുന്നേറ്റു് "പൊയ്ക്കോളൂ; ഉടനെ ഇവിടംവിട്ടു പൊയ്ക്കോളണം" എന്നു ദേഷ്യത്തോടെ പറഞ്ഞു. ആ ബാലൻ പോയപ്പോൾ ഞാൻ സാറിനോടു ചോദിച്ചു. ആരാണു് സാർ എന്താണു് കാര്യം?" സാറ് മറുപടി നല്കി: "എന്റെ മകൻ. രവീന്ദ്രവർമ്മ. കേൺഗ്രസ്സ് പ്രവർത്തനങ്ങളിൽ പങ്കെടുത്തുനടക്കുന്നു. സി. പി. ഐ. മന്ത്രിസഭയിലെയോ എന്നെ അതിനുവേണ്ടി ശിക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തിയിരിക്കുന്നു." അങ്ങനെ ശ്രീ രവീന്ദ്രവർമ്മയെ കേന്ദ്രമന്ത്രിയായി എനിക്കറിയാം, പിന്നെയുള്ള ഒരു മന്ത്രിയുടെയും പേരു് എനിക്കറിഞ്ഞുകൂടാ. പക്ഷേ പത്രത്തിലെ ഒരു വാർത്ത എന്നെ വലിയ ദുഃഖത്തിൽ വീഴ്ത്തി "കുമരകം പരമേശ്വരൻപിള്ള അന്തരിച്ചു" എല്ലാ വിധത്തിലും അദ്ദേഹം മഹാനായിരുന്നു. ചികിത്സയിൽ, പെരുമാറ്റത്തിൽ, പാണ്ഡിത്യത്തിൽ, വാഗ്മിതയിൽ, ജീവിതശുദ്ധിയിൽ ഒക്കെ ആ മഹത്ത്വം കാണാമായിരുന്നു. വായനക്കാരുടെ സദ്യാനന്ദമതിയോടുകൂടി വ്യക്തിപരമായ ഒരു കാര്യം എഴുതിക്കൊള്ളട്ടെ. കുറെവർഷം മുൻപു് എനിക്കു് ആർട്ടീറിയോ സ്ക്ലീറോസിസ് (രക്തധമനികൾ കട്ടപിടിക്കുക എന്നതു്) എന്ന രോഗംവന്നു. ബോധംകെട്ടു കുടുക്കുടെ മൂന്നുവീഴുക എന്നതായിരുന്നു അതിന്റെ ലക്ഷണം. ഒരിക്കൽ വീണതു് ഓടിവന്ന ട്രാൻസ്പോർട്ടു് ബസ്സിന്റെ മുൻപിലായി ആയി. മെഡിക്കൽകോളേജിലെ പ്രശസ്തനായ ഒരു ഡോക്ടർ എന്നെ പരിശോധിച്ചു് മരുന്നുകൾ എഴുതിത്തന്നു. ദിവസം 30 രൂപയോളം വിലവരുന്ന ഗുളികൾ. അങ്ങനെ മൂന്നുവർഷം ഞാൻ ദിവസവും 30 രൂപയ്ക്കു് മരുന്നുവാങ്ങിക്കഴിച്ചു. എന്നിട്ടും രോഗം കുറഞ്ഞില്ല. അങ്ങനെയിരിക്കെ പ്രശസ്തനായ സാഹിത്യകാരൻ ശ്രീ. പി. കെ. പരമേശ്വരൻനായർ എന്നെ ഉപദേശിച്ചു. ശ്രീ കുമരകം പരമേശ്വരൻപിള്ളയെ കാണാൻ. ഞാനും പരമേശ്വരൻനായർ അവർകളും കൂടി അദ്ദേഹത്തെക്കണ്ടു. യോഗരാജഗുഗ്ഗുലു എന്ന ഗുളിക കാലത്തും വൈകുന്നേരവും ജീരകവെള്ളത്തിൽ അരച്ചുകലക്കി സേവിക്കാൻ അദ്ദേഹം പറഞ്ഞു. ഒരു ഗുളികയുടെ വില അഞ്ചുരൂപ. ഒരുമാസം കഴിച്ചപ്പോൾ എന്റെ രോഗം പരിപൂർണ്ണമായി മാറി. (ഗുഗ്ഗുലുകൊണ്ടു് ആർട്ടീറിയോസ്ക്ലീറോസിസ് ഉള്ളവർ യോഗരാജഗുഗ്ഗുലു കഴിച്ചുതുടങ്ങരുതെന്നു് ഞാൻ അപേക്ഷിക്കുന്നു. ഓരോ ആളിന്റെയും ശരീരപ്രകൃതി ഓരോരീതിയിൽ. വൈദ്യനോ ഡോക്ടറോ പരിശോധിച്ചു് നിർദ്ദേശിക്കുന്ന മരുന്നു കഴിക്കാവൂ. ചില വാരികകളിൽ ഡോക്ടറന്മാരുടെയും വൈദ്യന്മാരുടെയും നിർദ്ദേശങ്ങൾ കാണാം. അതുവായിച്ചിട്ടു് മരുന്നു ഉപയോഗിക്കുന്നതു് മരണത്തെ ക്ഷണിച്ചുവരുത്താനേ പ്രയോജനപ്പെടൂ.) മഹാനായ ഭിഷഗ്വരനായിരുന്ന കുമരകം പരമേശ്വരൻപിള്ള അവർകൾ സ്വദേഹത്തിന്റെ ദേഹവിയോഗം പത്രഭാഷയല്ല. യഥാർത്ഥത്തിൽ വലിയ നഷ്ടം തന്നെയാണു്.

അരവിന്ദൻ എന്ന കലാകാരൻ

ലിച്ച്", ഡുമാറിയൻ, ബീർബോം ഡേവിഡ് ലോ, ബ്രോക്ക്, സ്റ്റൈൻബർഗ് കൊറിൻസ്കി (റഷ്യൻ) ഇവരൊക്കെ രാഷ്ട്രാന്തരീയ പ്രശസ്തി നേടിയ ഫാസ്യചിത്രകാരന്മാരാണു്. രാഷ്ട്രവ്യവഹാരത്തിന്റെ കുസിതരൂപം തുറന്നുകാണിക്കുന്നതിലാണു് അവരുടെ വൈഭവമിരിക്കുന്നതു്. കേരളത്തിലെ അരവിന്ദനാകട്ടെ സമുദായത്തിലെ എല്ലാ മാലിന്യങ്ങളുടെനേർക്കും അമ്പയയ്ക്കുന്നു. അതിനുവേണ്ടി അദ്ദേഹം സൃഷ്ടിച്ച കഥാപാത്രങ്ങൾ കലയുടെ ലോകത്തു ചിരംജീവികളായി മാറിയിരിക്കുന്നു. അദ്ദേഹത്തിന്റെ 'ചൊറിയരനുഷ്യരും വലിയലോകവും" എന്ന ഫാസ്യചിത്രപമ്പരയെ ലക്ഷ്യമാക്കിയാണു് ഞാനിതു പറയുന്നതു്. പ്രതിഭയുടെ വിലാസം കാണിക്കുന്ന ഈ ചിത്രങ്ങളെക്കുറിച്ചു് ശ്രീ. വി. ബി. സി. നായർ മലയാളനാട്ടിലെഴുതിയ ലേഖനത്തിലേക്കു് ഞാൻ

പ്രിയപ്പെട്ട ന്യായനക്കാരുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. I imagine, Therefore I belong and am free — എന്നു ലാറൻസ് ഡൂറൽ. (ജസ്റ്റീൻ). സ്വതന്ത്രനായ കലാകാരൻ അരവിന്ദനു് അഭിനന്ദനം

"കേരളശബ്ദ"ത്തു് ശബ്ദിക്കുന്നു

ഡിക്ലേറേർഷിപ്പു് ആയാലെന്തു്? ഡമോക്രസി ആയാലെന്തു്? മനുഷ്യനു് വ്യത്യാസമില്ല. അവൻ തന്റേതായ രീതിയിലേ പെരുമാറുകയുള്ളൂ. എങ്കിലും ഉദ്യോഗസ്ഥന്മാക്കു് ഡിക്ലേറേർ ഷിപ്പിൽ പേടികാണും. അതുകൊണ്ടു കാര്യങ്ങൾ കുറെയൊക്കെ ശരിയായി നടക്കുമെന്നു് ധരനിപ്പിക്കുന്നു "കേരളശബ്ദ"ത്തിന്റെ പത്രാധിപർ. അദ്ദേഹം ധീരമായി സത്യം പറയുന്നു. കേരളത്തിൽ തീവണ്ടികൾ സമയത്തു് ഓടുന്നില്ല; ട്രാൻസ്പോർട്ടു് അധികാരികൾ ബഹുജനത്തെ അപമാനിക്കുന്നു. ഇലക്ട്രിസിറ്റി വകുപ്പു് കുടെക്കുടെ വിദ്യുച്ഛക്തി ഇല്ലാതാക്കി ജനങ്ങളെ കഷ്ടപ്പെടുത്തുന്നു. പത്രാധിപരുടെ ഈ അഭിപ്രായങ്ങളെല്ലാം സത്യമാണു്. അവ വ്യക്തമാക്കിയതു നന്നായി. തീവണ്ടികൾ മാത്രമല്ല ട്രാൻസ്പോർട്ടു് ബസ്സുകളും സമയത്തു തിരിക്കുന്നില്ല. എത്തേണ്ട സമയത്തു് എത്തുന്നില്ല. വിദ്യുച്ഛക്തിയുടെ കാര്യവും തകരാറിലാണു്. ഉഷ്ണകാലത്തു് പകൽ സമയം മുഴുവനും കറൻറു് ഇല്ലാതിരിക്കുന്നതു് അസാധാരണമല്ല. വിയർത്തൊഴുകി മനുഷ്യൻ ഇരുന്നുകൊള്ളണം. എന്നാൽ ബില്ലിന്റെ പണമടയ്ക്കാൻ താമസിച്ചാൽ സർക്കാർ ഭാഷയിൽ "ആക്ഷൻ എടുക്കുന്നതു്" സാധാരണമാണു്. താനും. കറൻറു് രാത്രികിട്ടിയാലും പലപ്പോഴും വിളക്കുകൾ മങ്ങിയാണു് കത്തുന്നതു്. Liberty and democracy become unholy when their hands are dyed red with innocent blood എന്നു മഹാത്മാഗാന്ധി പറഞ്ഞു. തീവണ്ടി താമസിച്ചെത്തുമ്പോൾ, എക്സ്പ്രസ്സ് ബസ്സു് വൈകി യാത്ര ആരംഭിക്കുമ്പോൾ, പണം വാങ്ങിയിട്ടും വേണ്ടിടത്തോളം വെളിച്ചം കൊടുക്കാതിരിക്കുമ്പോൾ അതിനൊക്കെ കാരണക്കാരായവർ സ്വാതന്ത്ര്യത്തിന്റെയും പ്രജാധിപത്യത്തിന്റെയും കരതലങ്ങളെ നിരപരാധരുടെ രക്തംകൊണ്ടു പങ്കിലമാക്കുകയാണു്.

മലയാളനാടു് വാരിക

വരിസംഖ്യാനിരക്കു്

ഒരുവർഷത്തേക്കു്	52-00 രൂ.
ആറുമാസത്തേക്കു്	26-00 രൂ.
ഒറ്റപ്രതി	1-00 രൂ.

ഇന്ത്യക്കു പുറത്തുള്ള വരിസംഖ്യാനിരക്കുകൾക്കു് ഓഫീസിലേക്കെഴുതുക.

മാനേജർ,
മലയാളനാടു് വാരിക,
കൊല്ലം—691013.

അന്ധകാരം വ്യാപിപ്പിക്കുന്ന കഥ

ജോൺ സി. ലില്ലി ഭിഷഗ്വരനും മനോവിശ്ലേഷകനും ന്യൂറോ ഫിസിയോളജിസ്റ്റുമാണു്. ബയോ ഫിസിക്സ്, ഇലക്ട്രോണിക്സ്, ന്യൂറോ അനോട്ടമി, കംപ്യൂട്ടർ സിദ്ധാന്തം ഇവയിലൊക്കെ ഗവേഷണങ്ങൾ നടത്തി സ്വതന്ത്രസ്ഥാപനം നിർവ്വഹിച്ചിട്ടുള്ള മഹാനാണു്. അദ്ദേഹത്തിന്റെ ഏതോ ഒരു ഗ്രന്ഥത്തിൽ ഒരാധുനികസിദ്ധാന്തത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. ഒരു നക്ഷത്രം തകരുമ്പോൾ ഒരു കറുത്ത കുഴി ഉണ്ടാകുമത്രേ. ആ കുഴിക്കു ചുറ്റുമുള്ള "ഓർബിറ്റുകളിൽ" വെലോസിറ്റി" പ്രകാശത്തിന്റെ വേഗത്തിനു തുല്യമാണു്. ഈ കുഴിയുടുത്തു് എത്തുന്ന ഏതിനെയും അതാകർഷിച്ചു് ഉള്ളിലാക്കിക്കളയും. സൂപർ ഗ്രാവിറ്റിയുണ്ടതിനു്. അതിനാൽ പ്രകാശത്തെപോലും അതു് അതിന്റെ അഗാധതയിൽ വലിച്ചെടുക്കും. ഇങ്ങട്ടിലുള്ള അനേകം കറുത്ത കുഴികൾ ചിലർ ആഴ"ചതോറും വാരികകളിൽ ഉണ്ടാക്കുന്നുണ്ടു്. അങ്ങനെയുള്ള ഒരെണ്ണം ഡിസംബർ 16–ാംതീയതിയിലെ മനോരമ ആഴ"ചപ്പതിപ്പിൽ കാണാം. ശ്രീ. ഉണ്ണി വാര്യത്തു് എഴുതിയ "മരണമെഴുതി" എന്ന ചെറുകഥ. ഒരു ലേഡീസ് ഹോസ്റ്റലിൽ ഒരു മുറിയിൽ മൂന്നുപേർ

(ശേഷം–41–ൽ)

തന്ത്രികളായ പുള്ളുവരുടെ കഴിവു കേടാണെന്നു് ഒരുകൂട്ടർ, കോപിഷ്ഠരായ സർപ്പദേവതകളുടെ പകയും നിസ്സഹരണവുമാണെന്നു് മറെറാരുകൂട്ടർ, എവിടെയെങ്കിലും ശുദ്ധം മാറിക്കാണുമെന്നു് തറപ്പിച്ചു പറയുന്ന മറെറാരു കൂട്ടർ. ഇതെല്ലാം കണ്ടുംകേട്ടും വിഷണ്ണരായി നടക്കുന്ന കുടുംബാംഗങ്ങൾ.ഇതിനിടയ്ക്കു"എന്റെ ഉള്ളിൽ പരമനിഗൂഢമായ ഒരു ശങ്ക. ഞാൻ വല്ല പിഴയും അറിയാതെ ചെയ്തുപോയിട്ടുണ്ടോ? ഉമിനീരെങ്ങാൻ ഇറക്കിയോ? ഇപ്പല്ലു" ചവിട്ടിയോ? തീണ്ടു" നിഷേധിയ്ക്കാൻ പറ്റില്ല. നോക്കണേ ഒരു ദൈവത്തെണി!

മൂന്നാംദിവസം സന്ധ്യയ്ക്കുതന്നെ കളമെഴുത്താരംഭിച്ചു അതോടെ ക്രിയകൾ സമാപിയ്ക്കുകയാണു്. ഞാനും പിണിയാളു് ഉള്ളിയില്ലുകിൽ!...

കളമെഴുതാനാരംഭിച്ചതും എന്റെ അമ്മ, പലരുടേയും വിലക്കുകൾ തട്ടിത്തെറിയെ അനുഗമിച്ചു.

ഇന്നെനിയ്ക്കു് തോന്നുന്നു അന്നെന്റെ അമ്മയിൽ ഞാൻ ഒരു യഥാർത്ഥ 'മന്ത്രവാദി'യെക്കണ്ടു എന്നു്. മതം മനുഷ്യനു് അതിശക്തികളോടു് ഇരക്കാൻ പഠിപ്പിയ്ക്കുമ്പോൾ മന്ത്രവാദി തന്റെ ആത്മവിശ്വാസംകൊണ്ടു് അതേശക്തികളെ വരുച്ചവരയിൽ നിയ്ക്കുകാണു്. ചേത്തല ഭഗവതിയെ പ്രതിഷ്ഠിയ്ക്കാൻ തന്ത്രവിധികളിൽ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും ബിംബം ഉറയ്ക്കാതെകണ്ട വിലപിടിപാടുള്ള സ്വാമിയാർ കടുശ്ശിക്കെയ്ക്കു് "ഇരി

അരുതയ്യാ കാവിനെ തൊടരുതു

(കഴിഞ്ഞലക്കത്തിൽ നിന്നും തുടർച്ച)

പ്പിച്ചുകൊണ്ടു", കിഴക്കേക്കളത്തിലേയ്ക്കു് ഒരുചാട്ടം. അവിടുന്നു് ഓലവാരല മുങ്ങിക്കയറി വലിയ സർപ്പക്കാവിലേയ്ക്കാരോട്ടം. അമ്മയുടെ പിന്നാലെ ഒരു വലിയ സംഘംതന്നെ ഓടുന്നുണ്ടു്, കൂടെ സംഭ്രാന്തനായ ഞാനും. അമ്മ ചെന്നോണംചെന്നു്. ആ കാവിലെ നാഗപ്രതിഷ്ഠകളുടെ മുൻപിൽ നിവന്നുനിന്നു് മനഃക്ലേശത്തോരടി ചെമ്പിനിട്ടടിയ്ക്കുണമാതിരി പ്രേക്ഷകർ ഞെട്ടിപ്പോയി. പിന്നെ അമ്മ പറഞ്ഞതു് മുഴുത്ത രണ്ടു തെറിയായിരുന്നു, ഉടനൊരു പ്രഖ്യാപനവും "ഇന്നെന്റെ കാവു് ഉള്ളിലുകിൽ നാളെ ഈ കാവു് ഞാൻ കത്തിയ്ക്കും. ഈ കരിങ്കല്ലെല്ലാംകൂടി വലിച്ചു"പറിച്ചു" ഞാൻ കൊളത്തിലെറിയും. കൊച്ചുപാറുനോട്ടു് കളിയ്ക്കരുതു" കേട്ടോ." ഉപസംഹാരമായി ഒരുഗ്രൻ തെറികൂടി പുറത്തെടുത്തു് അമ്മ തിരിഞ്ഞുനടന്നു. അന്നംവിട്ട പുരുഷാരം നിശ്ശബ്ദരായി അമ്മയെടി പൊലയാടി" എന്നു് പറഞ്ഞു് തലയ്ക്കുരടിയടിച്ചപ്പോൾ 'ഭവാനി' അവിടെ ഇരുന്നു; പിന്നെ അനങ്ങിട്ടില്ല. ഇന്നും ചേത്തലഭഗവതിയ്ക്കു് തെറിയാണു് ഏറെറവും പ്രിയം. അതാണു് മന്ത്രവാദി. പിൽക്കാലത്തു് മതവും മന്ത്രവാദവും തമ്മിൽ കൂടിക്കഴഞ്ഞുപോയി. കടമറത്തച്ചൻ പുരോഹിതനും മന്ത്രവാദിയുമായിരുന്നു. കഷ്ടം! മനുഷ്യനു് മതത്തിന്റെ യാതൊരാവശ്യവുമില്ലായിരുന്നു, മന്ത്രവാദം മതിയായിരുന്നു.

അന്നത്തെ കളമെഴുത്തവസാനിച്ചപ്പോൾ രാത്രി പത്തുമണി കഴിഞ്ഞുകാണും. ഹൊ! അതു" കാണേണ്ട ഒരു കാഴ"ചയായിരുന്നു. അതുവരെ എഴുതിയ കളങ്ങളെ എല്ലാം നിഷ്പ്രഭമാക്കിക്കൊണ്ടു് പന്തലു് നിറഞ്ഞുപരന്ന ഒരു ഭീകര സൌന്ദര്യമേഖല, ചുറ്റും നിരത്തിയ സപ്തവർണ്ണാഭമായ കൂറൻ നിലവിളക്കുകളു

ടേയും ദീപയഷ്ടികളുടേയും പ്രകാശപ്രളയത്തിൽ വെട്ടിത്തിളങ്ങുന്ന ആ കളത്തിനഭിമുഖമായി ചിറമ്മ ഇരുന്നു, തൊട്ടടുത്ത് ഞാനും, അന്തരീക്ഷം തിങ്ങിനിറഞ്ഞ് അനിർവചനീയമായ എന്തോ ഒന്നും.

പുള്ളുവന്മാരുടെ സംഖ്യ ഇരട്ടിച്ചിട്ടുണ്ട്. സമാന്തരമായി വാദ്യമേളങ്ങളുടെ എണ്ണവും കരക്കാരും, പുരുഷന്മാരും സ്ത്രീകളും, രണ്ടു ഭാഗമായി പിരിഞ്ഞു. മുറവും പാനും നിറഞ്ഞു. വീണ കരഞ്ഞുതുടങ്ങി, കടം മൂളിത്തുടങ്ങി, ഒരു ഡസൻ ഉടുക്കുകൾ അലറിത്തുടങ്ങി, ഒന്നിനൊന്ന് പിന്നിലാകുകയാണ്. ഇടയ്ക്കിടയ്ക്ക് ചെകിടടപ്പൻ ആർപ്പും കുരവയും. പുള്ളുവൻമാർ ഇരുന്നിടത്തുനിന്നും അല്പാല്പം മുന്നോട്ടായുന്നുണ്ട്. എല്ലാവരുടെയും ശ്രദ്ധപെട്ടെന്ന് ചിറമ്മയിലേയ്ക്കു തിരിഞ്ഞു. ഇരുന്ന ഇരുപ്പിൽനിന്നും ഒന്നും നോക്കി. എന്തൊരത്ഭുതം! ചിറമ്മയിൽ പ്രകടമായ ഒരു മാറ്റം, ശ്വാസോച്ഛ്വാസം ഉയർന്നുയർന്നുവരുന്നു. അതിന്റെ ഗതിവേഗം വർദ്ധിക്കുന്നു. ചിറമ്മയുടെ മുഖവും കഴുത്തുമെല്ലാം വീർത്തുവീർത്ത് വരുന്നു. പച്ചനിറത്തിലുള്ള പിടലിഞരമ്പുകൾ വലിഞ്ഞു വികസിച്ച് ബലൂൺ മാതിരിയായി. ചിറമ്മയുടെ ഉടൽ ഇരുന്നിരുപ്പിൽ വട്ടംകറങ്ങിത്തുടങ്ങി. പുള്ളുവപ്രധാനി എന്നോടെഴുനേറ്റു പിന്നാക്കമാറാൻ ആംഗ്യംകൊട്ടി. ഞാൻ യാന്ത്രികമായി അനുസരിച്ചു.

എൻ എൻ. പിള്ള മകൻ വിജയരാഘവനോടൊപ്പം

കെട്ടഴിഞ്ഞു. നാലുപാട്ടം ചിതറിയ ചിറമ്മയുടെ തലമുടി അന്തരീക്ഷത്തിൽ വൃത്തങ്ങളും അർദ്ധവൃത്തങ്ങളും ആരചിച്ചു ചുറ്റിത്തിരിയുന്നു. ഇടയ്ക്കിടയ്ക്ക് ചുമൽകൊണ്ടടിക്കുന്നമാതിരി ആ തലമുടി കളത്തിലെ വർണ്ണധൂളികൾ അടിച്ചു തെറിപ്പിക്കുന്നു. ഒന്നിനൊന്നിനു പുള്ളുവന്മാർക്കും കലികയറിയമട്ടായി. പാട്ടും കൊട്ടുമെല്ലാം അതിന്റെ ഉച്ചസ്ഥായിയിൽ ഒരു ശ്രാന്തകോലാഹലമായി മാറി. ഇവിടെനിന്നും ഉപരി ആകാശം ഇടിഞ്ഞുവീഴുന്നമാതിരി ആർപ്പും കുരവയും.

ഒരു തൊട്ടലിൽ, ഏതോ അദൃശ്യശക്തി തട്ടിത്തെറിപ്പിച്ചുമാതിരി, ചിറമ്മയുടെ ഉടൽ അന്തരീക്ഷത്തിലേയ്ക്കുയർന്ന് ആ കളത്തിന്റെ ഒത്തനടുവിലേയ്ക്ക് തടിവെട്ടിയിട്ടമാതിരി മറിഞ്ഞു. പിന്നെ ഒരു 'പ്രപഞ്ച'മായിരുന്നു. ആ ദേഹം ആ കളമാകെ ഉരുണ്ട് മറിയുകയാണ്. അതെല്ലാം ഒരു താളക്രമത്തിനുമാണ്. ആ ചലനവിധങ്ങൾ ഭീമാകാരമായ ഒരഗ്രസർപ്പത്തിന്റെ ചലനഭംഗികളെ ദ്യോതിപ്പിക്കുന്നവയാണ്. വളഞ്ഞുപുളഞ്ഞു ചീറി ഉയർന്ന് ഫണംവിരിച്ചാടുന്ന ഒരഗ്രസർപ്പം. കളത്തിൽനിന്നുയരുന്ന ധൂളിപടലങ്ങൾകൊണ്ട് കണ്ണുകാണാൻമേലാതായി. ഇടയ്ക്കിടയ്ക്ക് ഇടിമിന്നൽമാതിരി തെള്ളിപ്പോടിയുടെ ആളിക്കത്തൽ. അപ്പോഴാണ് ഒരലർച്ചയെന്നോണം അമ്മയിൽനിന്നും ആ വിളി "അയ്യോ! കാവിന്റെ താഴിഞ്ഞു."

ഞാൻ നടുങ്ങിപ്പോയി. ഞാൻ മുന്നോട്ടാഞ്ഞ് കനിഞ്ഞുനിന്നു നോക്കി. ശരിയാണല്ലോ! നേരത്തേതന്നെ ചിറമ്മയുടെ ഉടുപ്പുടവ കുത്തഴിഞ്ഞു പാതി ആ കളത്തിൽ ഇഴയുന്നുണ്ടായിരുന്നു. ഇപ്പോൾ അതു മുഴുവൻ അഴിഞ്ഞകന്നു. എങ്കിലും ചിറമ്മ നഗ്നയല്ല അസാധാരണമായ ആ താണ്ഡവകോലാഹലങ്ങൾക്കിടയ്ക്ക് തുടയുടെ പല ഭാഗങ്ങളും മിന്നിമറയുന്നുണ്ടെന്നുമാത്രം. അതാകട്ടെ അത്ര ഗൌരവമായി ശ്രദ്ധിച്ചിരുന്നെന്നും തോന്നുന്നില്ല. എന്നാൽ ഇപ്പോൾ സംഗതി അതല്ല. മുൻവശത്തു മുറുക്കി കുത്തിയ തോർത്തിന്റെ നീണ്ട മടി പിന്നിലേയ്ക്കുറ്റുത്ത് കുത്തിയതിന്റെ അറ്റമാണ് അഴിഞ്ഞിരിയ്ക്കുന്നതു്. ഇതൊന്നുമറിയാത്ത ചിറമ്മ ഇടംവലം ഉരുളുകയാണ്. കളത്തിലെ വിവിധവർണ്ണങ്ങളിൽ മുങ്ങിയ ആ വസ്ത്രാഞ്ചലം പിടിവിട്ട് ഒരു മണിനാഗം മാതിരി ഫണമുയർത്തി അത് വരുന്നു. ചിറമ്മ ഒന്നനങ്ങിയാൽ മതി അതു് വളഞ്ഞുനിലം പൊത്തും.

കളത്തിലേയ്ക്ക് ചാടാൻ അമ്മ ആയുകയും കളം തൊടരുതു്, കളം തൊടരുതു്" എന്ന പുള്ളുവന്റെ ഉഗ്രമായ ആജ്ഞ തുടർന്ന് 'കാപ്പിനു്' കളംതൊടാം എന്ന പ്രതിവിധിയും. ഇതു് കേൾക്കാത്ത താമസം ഞാൻ കളത്തിലേയ്ക്ക് ചാടി. ചിറമ്മയുടെ അടുത്ത തിരിച്ചിലിനിടയ്ക്ക് ഞാനാ തുണിത്തുമ്പിൽ കടന്നുപിടിച്ച് ഭംഗിയായി വലിച്ചു് മുറുക്കിയങ്ങോട്ടു് കുത്തി. പക്ഷെ, കുത്തു് മുറുകുന്നില്ല. അപ്പോഴാണ് സംഗതിയുടെ ശരിയായ ഗൌരവം ഞാൻ മനസ്സിലാക്കുന്നതു്. അറിയാതെ 'അയ്യോ!'ന്നു് വിളിച്ചു പോയി. പിന്നോട്ടുള്ള എന്റെ വലിയുടെ ശക്തികൊണ്ടു് പ്രായേണ ദുർബലമായ മുൻവശത്തെ കുത്തു്വിട്ട് തലേക്കെട്ട് മാതിരി ദാ അവിടം എല്ലാം കൂടി അഴിഞ്ഞുവരുന്നു. എന്തു് ചെയ്യും? രണ്ടും കല്പിച്ചു് ഞാൻ കുനിഞ്ഞു കിടന്നു് ആ തുണിയെല്ലാംകൂടി കഴിയുന്നത്ര ചുരുട്ടി ഒതുക്കി അമർത്തിപ്പിടിച്ചു. ഇതിനിടയ്ക്ക് ചിറമ്മ ഉരുളുകയാണ്, കൂടെ ഞാനും ഇടംവലം മറിയുന്നുണ്ട്.

"ഹ! ഈ കഴുതച്ചെറുക്കൻ"! അമ്മയതു് പറയുന്നതായിരുന്നു. എന്നാൽ അമ്മാ

(ശേഷം 40-ൽ)

അഭിഭാഷകന്റെ മരണം

പി. ആർ. നാഥൻ

ഭാഷാപ്രശ്നത്തിൽ അശേഷം താല്പര്യമില്ലാത്ത ഒരു മാന്യദേഹമായിരുന്നു അഭിഭാഷകൻ. ഭാഷകളെ ചൊല്ലി കലഹിക്കുന്നവരോട് അദ്ദേഹം പലപ്പോഴും കയർത്തു സംസാരിക്കുമായിരുന്നു. ഒഴിവുനേരങ്ങളിൽ ആനകളെക്കുറിച്ച് സംസാരിക്കുന്നതായിരിക്കും ഭംഗി എന്നദ്ദേഹം തന്റെ കക്ഷികളെ ഉപദേശിച്ചു. ഒരു ജീവിതകാലംകൊണ്ടൊന്നും സംസാരിച്ചാൽ അവസാനിക്കാത്തവിധം ആനകളെപ്പറ്റി പറയാനുണ്ടെന്ന് അദ്ദേഹം വിവരിച്ചു. എന്നാൽ കക്ഷികൾക്കാകട്ടെ അഭിഭാഷകന്റെ ആനശ്രദ്ധയിലായിരുന്നില്ല താല്പര്യം. അഭിഭാഷകന്റെ ചുമതലയിൽ നടക്കുന്ന കേസ്സ് വിധി പറയുന്ന ദിവസമായിരുന്നു അന്ന്. ആ കേസ്സിൽ പരാജയപ്പെട്ടാൽ നിർദ്ദോഷിയായ കക്ഷി ആത്മഹത്യക്കുവേണ്ടി കയറോ വിഷമോ പൊട്ടക്കിണറോ അന്വേഷിക്കുകയെന്നു നിർവ്വാഹമുള്ള. വീട്ടിൽനിന്നും കോടതിയിലേക്കുള്ള യാത്രയിൽ അഭിഭാഷകൻ ചുമതലയിൽ നടന്ന നീങ്ങവെ അഭിഭാഷകനോട് പ്രായേണ കക്ഷി അപേക്ഷിച്ചു. അങ്ങ് ദയവായി ഞങ്ങളുടെ കേസ്സിനെപ്പറ്റി പറയൂ. ആനകളെപ്പറ്റി ഇപ്പോൾ ആവശ്യത്തിലധികം കേട്ടുകഴിഞ്ഞിരിക്കുന്നു.

അഭിഭാഷകൻ ശാന്തഭാവത്തിൽ കക്ഷിയുടെ ദീനമായ മുഖത്തേക്ക് നോക്കി.

"ആനകളെപ്പറ്റി പറഞ്ഞു എന്നതു് സത്യമാണു്. പക്ഷെ, ആഫ്രിക്കയിലെ ആനകളെപ്പറ്റി നിങ്ങൾക്കെന്തറിയാം?"

"ഒന്നുമറിയില്ല. അറിയണ്ട. ഞങ്ങൾക്കു് താല്പര്യം—"

അഭിഭാഷകൻ പിൻതിരിഞ്ഞു.

"കൂടെവരൂ—നിങ്ങളുടെ താല്പര്യം കേരളത്തിലെ ആനകളെപ്പറ്റിയാണെന്നു് എനിക്കറിയാം. എന്റെ വീട്ടിൽ പണ്ടു് മൂന്നു് ആനകളുണ്ടായിരുന്നു. പക്ഷെ, കേരളത്തിലെ ആനകൾ നാം കരുതുന്നതു പോലെ ശാസ്ത്രജ്ഞരല്ല."

ശ്വാസംമുട്ടലോടെ കക്ഷി പിന്നേയും വിഷയം മാറ്റി.

"എന്തായാലും ഇപ്പോൾ വക്കീലിന്റെ വീട്ടിൽ ആനകളൊന്നുമില്ലല്ലോ. നമ്മുടെ കേസ്സു്—".

വക്കീൽ നിന്നുവക്കിൽ പൊട്ടുന്നതെ ചിന്താധീനനായി ഉറച്ചുനിന്നു.

"ഞാനൊരാനയെ വാങ്ങാൻ നിശ്ചയിച്ചുകഴിഞ്ഞു. ലക്ഷണമൊത്ത കൊമ്പൻ. അതെന്റെ സ്വപ്നമാണു്."

പെട്ടെന്നു് എതിരെവന്ന ഒരു ഘോഷയാത്രയുടെ ഒച്ചയിൽ അഭിഭാഷകന്റെ ശബ്ദം ഇല്ലാതായപ്പോൾ കക്ഷികൾ ആഹ്ലാദിച്ചു. സംഭവിയ്ക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടപ്പോൾ അഭിഭാഷകനും ആ ശബ്ദം ശ്രദ്ധിച്ചു. അടിച്ചേല്പിക്കുന്ന അന്യഭാഷയ്ക്കുതിരായുള്ള പ്രതിഷേധപ്രകടനമായിരുന്നു അതു്. അഭിഭാഷകൻ സഹചാരികളെ ഗുണദോഷിച്ചു. മനുഷ്യർ മൃഗങ്ങളേക്കാൾ അധഃപതിക്കുന്നു, തിരുക്കുകൾക്കു് ഭാഷയുണ്ടോ? മത്തേതരങ്ങൾ പരസ്പരം പ്രണയിക്കുന്നതു് ഏതു് ഭാഷയുടെ മാദ്ധ്യമത്തിലൂടെയാണു്? അവർ രഹസ്യങ്ങൾ കൈമാറുന്നതു് ഏതു് ലിപിയിൽക്കൂടെയാണു്?

പ്രകടനജാഥ കടന്നുപോയപ്പോഴേക്കും അഭിഭാഷകനും കക്ഷികളും കോതമ്പിറ്റത്തു് നടന്നെത്തിക്കഴിഞ്ഞിരുന്നു.

ആ കേസ്സിൽ അഭിഭാഷകന്റെ കക്ഷികൾ തോറ്റുപോയി. അവർ ആത്മഹത്യയ്ക്കുള്ള മാർഗ്ഗംതേടി അപ്രത്യക്ഷരാക്കുകയും ചെയ്തു. വക്കീൽഫീസ്സു് വീട്ടിൽ പ്രിയതമ വശം കൊടുത്തേല്പിക്കാമെന്നു് അക്കൂട്ടത്തിലൊരു ചെറുപ്പക്കാരൻ സൂചിപ്പിച്ചിരുന്നു.

വൈകുന്നേരം വീട്ടിൽ കയറിച്ചെന്നപാടെ അഭിഭാഷകന്റെ ഭാര്യ ഒരു കടലാസ്സുപൊതിയെടുത്തു് നീട്ടി.

"ഇതാ അവർ തന്നേല്പിച്ച വക്കീൽ ഫീസ്."

അഭിഭാഷകൻ ജിജ്ഞാസയോടെ കടലാസ്സുപൊതിയഴിച്ചപ്പോൾ ചുറ്റും ദുർഗ്ഗന്ധം പരന്നു. അപമാനഭാരം താങ്ങാനാകാതെ ഭാര്യ തുള്ളകയാണു് —

കാരണം ആ പൊതിനിറയെ ആനപ്പിണ്ടിയായിരുന്നു.

ഭാര്യ കർക്കശസ്വരത്തിൽ ശകാരിച്ചു.

"ഈ മാനക്കേടു് നിങ്ങൾ അർഹിക്കുന്നുതന്നെയാണു്. എന്തായാലും വിറളിയെടുക്കാതെ എന്റെകൂടെ വരൂ. മിനർവയിലേക്കു് സിനിമ കാണാൻ പോകാമെന്നു് പറഞ്ഞതോർക്കുന്നില്ലെ?"

കിതപ്പുകൾ നിയന്ത്രിച്ചശേഷം അഭിഭാഷകൻ തന്റെ കറുത്ത വസ്ത്രങ്ങൾ വലിച്ചെറിഞ്ഞു. പകരം ഷർട്ടും മുണ്ടും എടുത്തുധരിച്ചു. അനുസരണയോടെ പുറത്തേക്കിറങ്ങവെ ഭാര്യ ആവശ്യപ്പെട്ടു.

"എന്റെ കയ്യിലടിച്ചു് സത്യംചെയ്യൂ. സിനിമ കണ്ടു് മടങ്ങുംവരെ ആനകളെക്കുറിച്ചു് സംസാരിക്കില്ല എന്നു്."

അഭിഭാഷകനു് കലശലായ ദേഷ്യം വന്നു.

"ആന നിന്നെപ്പോലെ അത്ര വൃത്തികെട്ട ജന്തുമാണെന്നാണു് എനിയ്ക്കഭിപ്രായമില്ല. ഒരു നല്ല ആനയെ കിട്ടുകയാണെങ്കിൽ ഞാൻ നിന്നെ വില്ക്കുമായിരുന്നു.

ഭാര്യയ്ക്കു് പിന്നീടൊന്നും സംസാരിക്കാനില്ലായിരുന്നു. എന്തായാലും അഭിഭാഷകൻ ആനയെക്കുറിച്ചു് ശബ്ദിക്കാതെതന്നെ വിനയപുരസ്സരം ഭാര്യയോടൊത്തു് നടന്നു.

നെറ്റിപ്പട്ടംകെട്ടിയ സന്ധ്യയുടെ ചന്തത്തിൽ അലിഞ്ഞു് ധൃതിയിൽ സിനിമാതിയേറ്ററിലേക്കു് നടക്കവേ മുന്നിൽ കണ്ണഞ്ചിക്കുന്നഞ്ചി ഒരാനക്കുട്ടിവരുന്നു. അഭിഭാഷകൻ തന്നെത്തന്നെ മറന്നു. എത്ര ലക്ഷണമൊത്ത ആനക്കുട്ടി. വസ്തുവ്യാപാരിയായ കൃഷ്ണയ്യർ ക്ഷേത്രത്തിലേക്കു് സംഭാവനചെയ്ത ആനക്കുട്ടിയായിരുന്നു അതു്. എല്ലാം മറന്നു് ആനപ്പാപ്പാനോടൊത്തു് അഭിഭാഷകൻ തിരിഞ്ഞുനടന്നു. ആനക്കുട്ടിയുടെ ആനച്ചന്തത്തിൽ ലയിച്ചു് എവിടെയെല്ലാമോ ചുറ്റിനടന്നു. രാത്രി

വീട്ടിൽ തിരിച്ചെത്തിയശേഷമാണു് നിരത്തിൽവെച്ചു് ഭാര്യയെ ഉപേക്ഷിച്ചോടിയകഥയോർമ്മിക്കുന്നതു്.

നിയന്ത്രണത്തിന്റെ എല്ലാ ബന്ധനങ്ങളും നഷ്ടപ്പെട്ട ഭാര്യ അഭിഭാഷകന്റെനേരെ ചീറ്റിയടുത്തു.

"ആനപ്പിണ്ടി തിന്നാനാണോ കൂടെപ്പോയതു്?"

അയാൾ അപ്പോഴും ശാന്തചിത്തനായിരുന്നു;

"ആനപ്പിണ്ടിയെപ്പറ്റിത്തന്നെ ഞാൻ പറയാം. ലക്ഷണമൊത്ത ആനകൾക്കേ ഇത്തരത്തിൽ പിണ്ടിയുണ്ടാകൂ. കേരളത്തിൽ ഞാനറിയുന്ന മൂന്നു് ആനകൾക്കെങ്ങിനെയുള്ള പിണ്ടിയുള്ളു."

നിസ്സഹായയായ ഭാര്യ മുഖംപൊത്തി തേങ്ങിക്കരഞ്ഞു. കട്ടിലിൽച്ചെന്നു് കമിഴ്ന്നുകിടന്നിട്ടും അഭിഭാഷകൻ വളരെനേരം കൃഷ്ണയ്യരുടെ ആനക്കുട്ടിയെപ്പറ്റിത്തന്നെ പറഞ്ഞു

"നീ ദുഃഖിക്കാതിരിക്കൂ. താമസിയാതെ ഞാൻ ഒരു നല്ല ആനയുടെ ഉടമസ്ഥനാകും."

അഭിഭാഷകപത്നി ആനയെയോർത്തു് ഉറങ്ങിയില്ല. അഭിഭാഷകനും ആനയെപ്പറ്റി ചിന്തിച്ചു് നിദ്രയിൽ അലിഞ്ഞുചേർന്നില്ല.

ഭാര്യ വിവാഹമോചനത്തെക്കുറിച്ചു് ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രഭാതത്തിലാണു് അഭിഭാഷകൻ ആ രഹസ്യം വെളിപ്പെടുത്തിയതു്.

"ഗോസായിമാരുടെനാട്ടിൽ നടക്കുന്ന

ആനലേലത്തിൽ ഞാനും പങ്കെടുക്കാൻ പോകുന്നു. ചന്തമുള്ള ഒരാനയെ നമുക്ക് വാങ്ങണം." ഭാര്യ ഒരഗ്നികുണ്ഡമായി മാറി.

"എന്നിട്ട് ആനപ്പുറത്തു് കോടതിയിൽ പോണം. അവിടെയിരുന്നതന്നെ നിങ്ങൾ കേസ്സ് വാദിക്കുകയുംവേണം."

"നീ പരിഹസിക്കണ്ട. അത്തരം ആനകളെ കണികാണുന്നതന്നെ ഐശ്വര്യമാണു്."

ഭാര്യ കോപം നിയന്ത്രിക്കാനാവാതെ കളിമുറിയിൽക്കയറി ശീമസ്സിൽ വെള്ളം കോരിയൊഴിച്ചു. അഭിഭാഷകൻ ഉത്തരേന്ത്യയിലേക്കുപോകവേ പൗരപ്രമാണിമാർ സ്വീകരണം നൽകി. ഗജാശംസകൾ നേർന്നു. അഭിഭാഷകൻ ഗണപതിയെ ധ്യാനിച്ചു് യാത്രതിരിച്ചു.

അങ്ങിനെ നാട്ടിൽ അഭിഭാഷകന്റെ ആനയും വിദേശിയായ പാപ്പാനും പുതിയ കഥാപാത്രങ്ങളായിത്തീർന്നു. സിങ്ങ് പുതിയ ഗ്രാമത്തിൽ തന്റെ മതേതര സുഹൃത്തൊത്തു് വിരാജിച്ചു. ടൗണിലൂടെ, ഇടവഴികളിലൂടെ, വയൽവരമ്പിലൂടെ സിങ്ങും ആനയും നടന്നുതുടങ്ങി. തലയെടുപ്പുള്ള ഒരു കൊമ്പനാനയായിരുന്നു അതു്. അഭിഭാഷകൻ കോടതിയിൽ പോകാതെ കളഭവീരനെനോക്കി നിർവൃതിയടയുക സാധാരണമായി. എങ്കിലും അഭിഭാഷകന്റെ മുഖം വാടിക്കൊണ്ടിരുന്നു. കനത്ത മനക്ലേശം അനുഭവിച്ചുകൊണ്ടാണു് അദ്ദേഹം ദിവസങ്ങൾ തള്ളിനീക്കിയതു്. ആനപ്പാപ്പാനായ സിങ്ങിനു് തന്റെ മാതൃഭാഷയറിഞ്ഞുകൂടാ. കൊമ്പനാകട്ടെ സിങ്ങിന്റെ ഭാഷയല്ലാതെ മറ്റു ഭാഷകളൊന്നും അറിഞ്ഞുകൂടാ, സിങ്ങ് എന്ന അത്ഭുതകരമായ മാദ്ധ്യമം കൂടാതെ കൊമ്പനോട്ടു് പെരുമാറാൻ ആർക്കും ധൈര്യമില്ലാതായി.

പൈങ്കിളിയുടെ ചിറകടിപോലുള്ള ഭാഷകേട്ടു് കൊമ്പൻ അന്ധാളിച്ചു് ചിറ്റിയലറി. സിങ്ങ് ഇടപെട്ടതുകൊണ്ടുമാത്രം ആപത്തുകൾ ഒഴിവായിക്കൊണ്ടിരുന്നു.

"ഇനിയെന്തുചെയ്യും?"

അഭിഭാഷകഭാര്യ ഉപദേശങ്ങൾക്കു് സുല്ലിട്ടു.

"ആപത്തുവരുംമുൻപു് ഞാനും എന്റെ രണ്ടു് കുട്ടികളും ഞങ്ങളുടെ വീട്ടിലേക്കു് പോകുന്നു—നിങ്ങൾ ആനയെ നാട്ടുഭാഷ പഠിപ്പിക്കുക."

അഭിഭാഷകന്റെ കണ്ണുകൾ നിറഞ്ഞു.

"ഇതുയും പഴകിയ ആനയെ പുതിയ ഭാഷ പഠിപ്പിക്കുക എളുപ്പമല്ല. ഇവിടത്തുകാരായ പാപ്പാന്മാർ സിങ്ങിനോടു ചേർന്നു് ആനയെ പുത്തൻഭാഷ പഠിപ്പിക്കാൻചെന്നപ്പോളൊക്കെ ആന കൊലയാളിയെപ്പോലെ ചീറ്റിവന്നിട്ടുണ്ടു്"

അഭിഭാഷകനു് മനസ്സമാധാനമില്ലാതായി, ഒരുദിവസം ഭാര്യ കുട്ടികളേയുംകൂട്ടി അഭിഭാഷകനേയും ആനയേയും ഉപേക്ഷിച്ചു് അവരുടെ വീട്ടിലേക്കു് പോയി.

അലസനായി മദ്യപിച്ചു് മയങ്ങിക്കിടക്കുന്ന സിങ്ങിനെ തട്ടിയുണർത്തി അഭിഭാഷകൻ അപേക്ഷിച്ചു,

"ആന ചങ്ങലപൊട്ടിക്കാൻ ശ്രമിക്കുന്നു. നാട്ടുകാരൊക്കെ ഭയന്നാണു് കഴിയുന്നതു്. നിങ്ങൾ ചെന്നു് നിങ്ങളുടെ ഭാഷയിൽ അവനോടു് കാര്യം പറയുക."

സിങ്ങു് എഴുന്നേൽക്കാൻ ഒരുക്കമില്ലായിരുന്നു.

"എന്നെസംബന്ധിച്ചേടത്തോളം ഞാനൊരു പണിമുക്കിലാണിപ്പോൾ. ആയിരം ശ്രുപ ശമ്പളം. അഞ്ഞൂറു് ശ്രുപ റിസ്സു് അലവൻസു്. അതുയും അനുവദിച്ചുകിട്ടണം."

നിസ്സഹായനായ അഭിഭാഷകൻ മുറിതേത്തിറങ്ങി ഓടിയപ്പോൾ നാടൻ പാപ്പാന്മാർ സഹതാപം പ്രകടിപ്പിച്ചു.

"ഞങ്ങൾക്കു് അവനോടു് സംസാരിക്കാൻ പറ്റുന്നില്ല. ഞങ്ങൾ അവന്റെ ഭാഷപഠിക്കാൻ ശ്രമിച്ചുനോക്കി. വയസ്സുകാലത്തു് ആ ഭാഷപറയാൻ ഞങ്ങളുടെ നാക്കു് വളയുന്നില്ല"

അഭിഭാഷകൻ സിങ്ങിന്റെ പാദങ്ങളിൽ വീണപേക്ഷിച്ചു. ഒരിക്കലും പൊരുത്തപ്പെടാൻകഴിയാത്ത ആവശ്യങ്ങളാണു് സിങ്ങ് ഉന്നയിക്കുന്നതു്. കൂട്ടിയ ശമ്പളനിരക്കു് ആനയുടെ ജനനദിവസം മുതൽക്കു് അനുവദിച്ചുകിട്ടണം.

ചങ്ങല പൊട്ടിച്ചുകഴിഞ്ഞ ആനയുടെ വെപ്രാളംകേട്ടു് അഭിഭാഷകനും നാട്ടുകാരും നടുങ്ങി. അഭിഭാഷകൻ മാതൃഭാഷയിൽ ആനയെ തൊഴുതുകൊണ്ടു് നിലവിളിച്ചു.

"എന്റെ പൊന്നുകൊമ്പാ— നീ ഞങ്ങളെ ചതിക്കരുതു്"

എല്ലാം ഇടിച്ചുതകർത്തശേഷം ആന ഗെയിറുകൾ പുഴക്കിയെറിഞ്ഞു് തെരുവിലേക്കിറങ്ങിക്കഴിഞ്ഞു. പിറകെയോടിച്ചെന്നു് അഭിഭാഷകൻ അപേക്ഷിച്ചു.

"നീ വലിയവനാണെങ്കിലും എന്റെ പുത്രനെപ്പോലെയാണെടാ കൊമ്പാ— ഞങ്ങൾ നിന്റെ ഭാഷ പഠിച്ചുവരുന്നതുവരെയെങ്കിലും ക്ഷമിക്കു"

അഭിഭാഷകന്റെ ജീർണ്ണിച്ച സ്വരം കേട്ടിട്ടും കൊമ്പന്റെ ദേഷ്യം കെട്ടടങ്ങിയില്ല. അവൻ ചിന്നംവിളിച്ചു് ഒരു ഇലക്ട്രിക്കു് പോസ്റ്റു് പുഴക്കിയിട്ടു ആൾക്കൂട്ടം തെരുവിലൂടെ ആയുസ്സിന്റെ അവസാനമയിൽക്കുറിയും തേടി നേട്ടോട്ടമോടിത്തുടങ്ങി. ആൾക്കൂട്ടത്തിൽനിന്നും തടിച്ചൊരു മനുഷ്യൻ കൊമ്പൻമീശചുരുട്ടി അഭിഭാഷകനെ ആശ്വസിപ്പിച്ചു.

"ഞാൻ നിയമപാലകനാണു്. നമുക്കു് പോംവഴിയുണ്ടാക്കാം"

പോലീസ്സുകാഫിസറുടെ ഇട്ടത്ത കണ്ണുകളിലേക്കു് അഭിഭാഷകൻ ദീനഭാവത്തിൽ നോക്കിയതേയുള്ളു. മതിലുകൾ ഇടിച്ചുപൊളിച്ച കൊമ്പൻ പിൻതിരിഞ്ഞു് അടുത്തുവരുകയാണു്.

പതറിച്ചയോടെ അഭിഭാഷകൻ പോലീസു് ഓഫീസറോടു് ചോദിച്ചു.

"ആശാനു് അവന്റെ നാട്ടുഭാഷ വശമുണ്ടോ?"

അപ്പോളേക്കും ആന അടുത്തെത്തി.

"ഇല്ലല്ലൊ വക്കീലെ"

അഭിഭാഷകൻ തൊണ്ടപൊട്ടുമാറു് വിളിച്ചുപറഞ്ഞു

"എങ്കിൽ ഓടിക്കോ പോലീസെ"

കൊമ്പനാന അവന്റെ പ്രാദേശികഭാഷയുടെ അനുരണങ്ങൾക്കായി കാതോർത്തുകൊണ്ടു് എല്ലാ തടസ്സങ്ങളും വലിച്ചെറിയാൻ തുടങ്ങി.

—o—

28

മുകളിൽ കുട്ടിമുത്തശ്ശി കിടന്നിരുന്ന മുറിയിലാണു് വധൂവരന്മാർക്കുവേണ്ടി ഒരുക്കിയിരുന്നതു്.

അതിനകത്തു് ആർത്തിപിടിച്ച നരിയെപ്പോലെ അപ്പേട്ടൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ടായിരുന്നു.

അപ്പേട്ടനും വരായിരുന്നില്ല കഥകളി കാണാൻ" അമ്മു ചോദിച്ചു.

അയാൾ ഒന്നും പറഞ്ഞില്ല. പകരം അവളെ അടിമുടി കനംതുങ്ങുന്ന കണ്ണുകൾ കൊണ്ടു് ശരീക്കാനും ഉഴിഞ്ഞിട്ടു് ഗൗരവത്തിൽ തെരക്കി.

"എന്താ നിന്റെ കയ്യിലു്""

അപ്പൊഴാണു് അവളതോർത്തതു്,



പന്ത്രണ്ടു്

ഗോവിന്ദൻകുട്ടിതന്ന ആ കൊച്ചു പ്രതിമ അപ്പോഴും തന്റെ കയ്യിലുണ്ടായിരുന്നു.

"ഇദ്ദു്...ഇദ്ദു്..." എന്തു പറയണമെന്നറിയാതെ അവൾ പരുങ്ങി.

"ഞാനൊന്നു നോക്കട്ടെ. ഇങ്ങുതാ" അയാൾ കൈനീട്ടി.

"കൊള്ളാം ഇരിക്കട്ടെ. നമുക്കാർക്കെങ്കിലും കല്യാണസമ്മാനമായിട്ടു് കൊടുക്കാം" ആ പ്രതിമ കൌതുകത്തോടെ തിരിച്ചും മറിച്ചും നോക്കിയിട്ടു് അയാൾ പറഞ്ഞു,

"അതാർക്കും കൊടുക്കാൻ പറ്റില്ല"

"ഉം. എന്താ പറ്റാതെ...സാക്ഷാൽ ഭഗവാൻ ഗോവിന്ദൻതന്നെ നേരിട്ടു് തന്നതായതുകൊണ്ടായിരിക്കും."

അമ്മു പരുങ്ങി.

"അപ്പേട്ടനോടാരേ പറഞ്ഞേ ഗോവിന്ദൻകുട്ടിയെന്നതാന്ന്." പരിഭ്രമം പുറത്തു കാട്ടാതിരിക്കാൻ പണിപ്പെട്ടുകൊണ്ട് അവൾ ചോദിച്ചു.

"നീതന്നെ മുമ്പ് പറഞ്ഞിരുന്നില്ലെ നിനക്ക് ഗോവീന്ദൻന്ന് പേരായിട്ട് ഒരു കൂട്ടുകാരനുണ്ടെന്ന്."

"അതോണ്ട്?!"

"ബാക്കിയൊക്കെ ഊഹം...എന്താ ശരിയല്ലെ എൻറെ ഊഹം."

ഹാവൂ, അവൾക്കാശ്വാസമായി. അപ്പേട്ടൻ ഒന്നും കണ്ടിട്ടില്ല, അതോ കണ്ടിട്ട് മിണ്ടാതിരിക്കുകയാണെന്നോ വരുമോ?!

"ഒരുകാര്യം ഞാനിപ്പോൾത്തന്നെ പറയാം. എൻറെത്തൊന്നും ഒളിക്കാമെന്ന് കരുതണ്ട. ആ മണ്ടത്തരത്തിനൊന്നും പോവരുത്..." അയാൾ തുടർന്നു: "നമ്മുടെ ഇടയിൽ രഹസ്യങ്ങളൊന്നും പാടില്ല...പോട്ടെ...അതൊക്കെ പിന്നെ പറയാം. തൽക്കാലം ഇങ്ങട്ടുത്തുവാ."

അവൾ അവിടെത്തന്നെ അനങ്ങാതെ നിന്നു.

"നമുക്ക് നമ്മുടെവക ഒരു കഥകളി നടത്തിക്കളയാം...പാട്ട വേണ്ട കൊട്ടുമാത്രം മതി...എന്താ?" അവൾ അനങ്ങുന്നില്ലെന്നു കണ്ടപ്പോൾ അവളുടെ അടുത്തേക്ക് നീങ്ങി അവളുടെ തോളത്ത് കൈവച്ചുകൊണ്ട് അയാൾ പറഞ്ഞു.

മുഖം കയ്യിലുണ്ടായിരുന്ന പ്രതിമ അയാൾ കട്ടിലിൻറെ തലയ്ക്കലുള്ള മേശപ്പുറത്ത് വെച്ചു.

"നമ്മുടെ കഥകളി കാണാൻ ആരും ഇല്ലെന്ന്. വരട്ടെ, അവരവിടിരുന്ന് കാണട്ടെ..." പ്രതിമ മേശപ്പുറത്തുവെച്ചിട്ട് അപ്പേട്ടൻ തുടർന്നു. "അയാളാരാപുള്ളീന്നറിയാമോ? പതിനാറായിരത്തെട്ട് പെണ്ണുങ്ങളെക്കൊണ്ട് കഥകളി കളിപ്പിച്ച പഹയനാ."

അമ്മു മുഖംകനിച്ചു നിന്നു.

പുറത്ത് കഥകളിപന്തലിൽ ചൊകന്ന താടി അമറുന്നണ്ടായിരുന്നു.

"ഇങ്ങുവാ, എൻറടുത്തുവാ." അപ്പേട്ടൻ വിളിച്ചു.

അമ്മു അനങ്ങിയില്ല.

അപ്പോൾ അവളുടെ അടുത്തേക്കുചെന്ന് ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവളെ വാരിയെടുത്ത് അയാൾ കട്ടിലിൽ കിടത്തി. എന്നിട്ട് ഒരുവശത്തേക്ക് നീങ്ങിനിന്ന് ഇട്ടിരുന്ന കുപ്പായവും ഉടുത്തിരുന്ന മുണ്ടും അഴിച്ചുമാറുകയായിരുന്നു അപ്പേട്ടൻ.

"അയ്യോ. ആ വിളക്കൊന്നു കെടുത്തു അപ്പേട്ടാ...ആരെങ്കിലും കാണില്യേ അവൾ ഉറക്കെ വിളിച്ചുപറഞ്ഞു.

അയാൾ അതു കേട്ടതായി നടിച്ചില്ല.

"ഒന്ന് വിളക്കണയ്ക്കുന്നു" അവൾ കെഞ്ചി.

"വേണ്ടെടി പെണ്ണേ"

"ആരെങ്കിലും കാണില്യേ?"

"കണ്ടോട്ടെ"

"എന്നെക്കൊണ്ടാവില്യ"

"എന്നെക്കൊണ്ടാവും. നീയവിടെ വെറുതെ കെടന്നാൽമതി."

പറയുന്നതിനൊപ്പം അയാളും കട്ടിലിലേക്ക് മറിഞ്ഞു.

കരുങ്ങിൻതലപ്പുകളെ തലോടിവന്ന ഇളംകാറ്റ് ജനാലപ്പാളികളിൽ മുട്ടിക്കൊണ്ടിരിക്കുമ്പോൾ താഴത്ത് ഉറങ്ങിക്കിടന്നിരുന്ന ഏതോ കൈക്കുഞ്ഞ് ഉണർന്ന് ഉറക്കെ കരഞ്ഞു.

കഥകളി കഴിഞ്ഞിരുന്നു.

താഴ്ത്തു കരഞ്ഞിരുന്ന കൈക്കുഞ്ഞു ഉറങ്ങിയിരിക്കണം.

ജനാലപ്പൊളിയിൽ മുട്ടിമുട്ടി കൈ കഴച്ചപ്പോൾ തളർന്നുപോയ ഇളംകാറ്റു മറെറങ്ങോട്ടോ വഴിമാറിപ്പോയിരിക്കണം.

മേശപ്പുറത്തിരുന്നു കൃഷ്ണനും രാധയും ചിരിക്കുന്നുണ്ടായിരുന്നു.

എങ്ങും നിശ്ശബ്ദം.

... ...

"എടത്തി ചായ" ഉണ്ണി കതകിനരുട്ടി വിളിച്ചുപറഞ്ഞു.

അപ്പേട്ടന്റെ മാറത്തു കമഴ്ന്നുകിടന്നുറങ്ങിയിരുന്ന അമ്മു ഞെട്ടിയുണർന്നു.

അഴിഞ്ഞുകിടന്നിരുന്ന സാരി വലിച്ചുവാരി ചുറ്റിക്കൊണ്ടു താങ്ങിപ്പിടിച്ചു് എഴുന്നേൽക്കാൻ ശ്രമിക്കുമ്പോൾ അവളുടെ ശരീരത്തിലെ ഓരോ മാംസപേശിയും വേദനിക്കുന്നുണ്ടായിരുന്നു. അരക്കെട്ടു് അനക്കാൻകഴിയുന്നില്ല. അരഞ്ഞെട്ടിനു താഴെ എവിടൊക്കെയോ സൂചികുത്തിയിറക്കുംപോലത്തെ നൊമ്പരം.

"എടത്തി കതകുതുറക്കുന്നേ" ക്ഷമനശിച്ച ഉണ്ണി വീണ്ടും മുട്ടിവിളിച്ചു

"പണ്ടാരം" അപ്പേട്ടൻ മുരണ്ടു.

വേഗം മുഖംകഴുകി തലമുടി മാടിയൊതുക്കിക്കൊണ്ടു് അമ്മു വാതിൽതുറന്നു.

"കൊണ്ടുകൊട്ടുക്കു" ചായക്കോപ്പയുമായി കാത്തുനിന്നിരുന്ന ഉണ്ണിയോടു് അവൾ പറഞ്ഞു.

വിവാഹത്തിനു് പങ്കുകൊള്ളാൻവന്ന ബന്ധുക്കൾ പോകാൻ ഒരുങ്ങിനിൽക്കുന്നുണ്ടായിരുന്നു

അവരെനോക്കി വിഷമിഷ്ടപ്പെട്ടു് ചിരിക്കാൻ ശ്രമിക്കുമ്പോൾ അവളുടെ പൊട്ടിവീഴ്ത്ത ചുണ്ടുകൾക്കിടയിൽ ഒരു വാടിയ പുഞ്ചിരിയുടെ വിളറിയ തമിസുമാത്രം പററിക്കിടന്നു.

വടക്കിനിയിലെ വരാന്തയിൽ കഥകളിക്കാർ കളികഴിച്ചുവന്നു കറിതൊട്ടു കെട്ടുകെട്ടുന്നുണ്ടായിരുന്നു. അന്നത്തന്നെ ആനക്കരെ കിചകവധം ആടേണ്ടവരാണു"

അവളെ കണ്ടപ്പോൾ എന്ത്രാന്തിരി ചിരിച്ചു.

നമ്പീശൻ കൈകൂപ്പി തൊഴുതു.

അമ്മു നാണിച്ചു നമ്രമുഖിയായിനിന്നു.

അങ്ങനെ നിൽക്കുമ്പോൾ തലേന്നവരെ വീടിനു വിലസിയിരുന്ന അവളുടെ സ്വപ്നങ്ങൾ, മോഹങ്ങൾ എല്ലാമെല്ലാംതന്നെ വാടിയ രാജമല്ലിപ്പൂക്കളെപ്പോലെ ഉതിരുതെ കൊഴിഞ്ഞുവീഴുന്നതു് അവൾ മാത്രം അറിയുന്നുണ്ടായിരുന്നു.

* * *

പത്തുദിവസത്തെ കല്യാണത്തിയ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് വിവാഹം കഴിഞ്ഞു പത്താൻറന്നു് അപ്പേട്ടനും അമ്മുവും ബോമ്പേക്കു് തിരിച്ചു. അവളുടെ അച്ഛൻ കല്യാണത്തിന്റെ അടുത്തദിവസംതന്നെ മടങ്ങിയിരുന്നു.

യാത്രപറഞ്ഞിറങ്ങുമ്പോൾ അമ്മയും ഉണ്ണിയും കരഞ്ഞു

മുത്തശ്ശി മാറോടു ചേർത്തുനിറുത്തി ശിരസ്സിൽ തലോടിക്കൊണ്ടു പറഞ്ഞു. "സുഖായിട്ടും സന്തോഷായിട്ടും കഴിയണം. ഒരു പുരുഷൻറാപ്പം പാർക്കുമ്പോൾ പലേ പ്രയാസങ്ങളും ഉണ്ടാവും. അതൊക്കെ കണ്ടും അറിഞ്ഞും വേണ്ടപോലെ പെരുമാറണം. അതാ നമ്മടെ കർത്തവ്യം ... പിന്നെ അപ്പു അന്യനൊന്നുമല്ലല്ലോ. നമ്മടതന്നെ കുട്ടിയല്ലെ അതോണ്ടു് ബുദ്ധിമുട്ടാനും വരില്യ... ങ്ഹാ!... പോണവഴിക്കു് എലഞ്ഞിക്കൽ തൊഴാൻ മറക്കണ്ട. ദേവി മാത്രേള്ള നമുക്കൊരാശ്രയം. അദു് എന്നും ഓർമ്മവരിക്കണം..."

അപ്പോൾ മാത്രമെ അമ്മു കരഞ്ഞൊള്ളു.

മുത്തശ്ശിയെ വീട്ടുമാറുമ്പോൾ നിയന്ത്രിക്കാനാവാതെ അവൾ പൊട്ടിക്കരഞ്ഞു.

"ഇനി നീവരുമ്പോൾ. മോളെ... ഞാനുണ്ടാവുംന്നു തോന്നണില്ല... വേണ്ട... കാണേണ്ടതൊക്കെ കണ്ടില്ലെ കിട്ടേണ്ടതൊക്കെ കിട്ടുംചെയ്തു. മുത്തശ്ശിക്കു് ദുഃഖിയായി. ഇനി എന്നവേണങ്കിലും അങ്ങട്ടു് എട്ടത്തോട്ടെ..."

കത്തിയൊലിക്കുന്ന കണ്ണുനീരിൽ വിങ്ങിവിറയ്ക്കുന്ന ചിറികളിൽ ഇടറുന്ന ആ ശബ്ദം ഇരുന്നുപോയി

"ഒമാടങ്ങാമണ്ട ആഴ്ച്ചതോറും ഓരോ കത്തയക്കാൻ മറക്കണ്ട. അപ്പൂനതിനൊന്നും നേരംണ്ടാവില്ല. നീതന്നെവേണം അതൊക്കെചെയ്യാൻ..."

കണ്ണുതുടച്ചിട്ടു് തിരിഞ്ഞുനടക്കുമ്പോൾ അമ്മ ഓർമ്മപ്പെട്ടത്തി.

പെട്ടിയും കിടക്കയും ചുമന്നു് ചാമി പടിക്കൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

പടിയിറങ്ങുമ്പോൾ പാലേക്കാരുടെ പാടത്തു് തേവുകാൽ ഞെരങ്ങി.

കന്നുപൂട്ടിയിരുന്ന ചെറുമൻ "ഠഭാ" "ഠഭാ" എന്നു് ഉറക്കെ ശബ്ദമുണ്ടാക്കി കാളകളെ തെളിക്കുന്നുണ്ടായിരുന്നു.

നേരം പുലർന്തേള്ളു. എന്നാലും വെയിലിനെന്തൊരു ചൂടാണു്.

അപ്പോൾ പെട്ടെന്നു് അവൾ ഓർത്തുപോയി!

മൈകതപ്പൂവിൻറെ മണമുള്ള പുലർകാറ്റിൽ ആ ഈരടികൾ മുഴങ്കിവന്നു —

,കരയില്ലാരും എന്നെക്കുരുതി—
പിരിയുമ്പോൾ
എന്നരികിൽ കാണില്ലാരും—
യാത്രയാക്കുവാൻപോലും
മോഹങ്ങളല്ലാതൊന്നും—
ബാക്കിയില്ലെനിക്കിന്നു്
സ്വന്തമായതുമാത്രം കൊണ്ടു—
പോകുന്നതുകൊടു.
പോകട്ടെ ഇനിവൈകാൻപാടില്ല—
ദൂതത്തതാ
കാത്തുനിൽക്കുന്നകാലം—
കടത്തുവഞ്ചിക്കാരൻ'

"ഒന്നു വേഗം നടക്കു" ദൂതത്തെത്തിക്കഴിഞ്ഞിരുന്ന അപ്പേട്ടൻ മുരണ്ടു.

അമ്മു വേഗംനടന്നു.

ഒരു യാത്രയുടെ അവസാനത്തിൽനിന്നും മറെറാന്നിൻറെ തുടക്കം...

പാടത്തിനക്കരെ പാറക്കുന്നിൻറെ മുകളിൽ കുന്തിച്ചിരുന്നു് പാട്ടപാട്ടന്ന കന്നാലിച്ചെക്കൻറെ അപശ്രുതിയിൽ താളം തെറെറിയ നെൽച്ചെടികൾ ഉലഞ്ഞു.

നെടുവരമ്പിനു താഴെയുള്ള നീർച്ചാലിൽ ഒരു നീർക്കോലിക്കുഞ്ഞു് പുളഞ്ഞു.

വള്ളിക്കട്ടയും ചുമന്നു് വള്ളക്കടവിലേക്കുപോയിരുന്ന ചെറുമിത്തള്ളകൾ വഴിമാറിനിന്നു.

മാനത്തിൻറെ മച്ചിന്മേൽ ആ ഈരടികൾ അപ്പോഴും മാറെറാലിക്കൊണ്ടിരുന്നു

'പോകട്ടെ ഇനിവൈകാൻപാടില്ല—
ദൂതത്തതാ
കാത്തുനിൽക്കുന്നകാലം—
കടത്തുവഞ്ചിക്കാരൻ

—•—

മൂന്നു്

ഇടികരയുന്ന ഒച്ചകേട്ടാണു് ഉണർന്നതു്. കിടക്കുന്ന സ്ഥലമേതെന്നു് തിട്ടപ്പെട്ടുത്തുവാൻ നിമിഷങ്ങളെടുത്തു. നല്ല തണുപ്പു്. തുടർച്ചയായി കരയുന്നു. അതാരാണു്? ഇവിടെത്തെ കുളിമുറിയിൽ കയറി വേണമല്ലോ വെള്ളം കോരാൻ? അയൽക്കാരാരെങ്കിലുമാണോ? അശ്രദ്ധിക്കു, ദിവസത്തിൻറെ തുടക്കത്തിൽത്തന്നെ ദേഷ്യംതോന്നി. ഇത വീടെന്താ വഴിയമ്പലമാണോ?

അവൾ പെട്ടെന്നെണീറു വാതിൽ തുറന്നു.



എം. ഡി. രത്നമ്മ

വൃശ്ചികത്തിലെ കാറ്റു് വീശിയടിക്കുന്നുണ്ടായിരുന്നു. പല്ലുകൾ പരസ്പരം കൂട്ടിയടിച്ചു. മുറിക്കുള്ളിൽ കിടന്നപ്പോൾ ഇത്രതണുപ്പുതോന്നിയില്ല. വൃക്ഷങ്ങളെല്ലാം ആടിയുലയുന്നു. തെങ്ങിൻ തലകളും വാഴതൈകളും ചാഞ്ചാടുന്നു. അശ്രദ്ധി സ്വരിച്ചുപെട്ടെന്നു പുതച്ചുകൊണ്ടു്, കുളിമുറിയുടെ വാതിൽക്കലേക്കുചെന്നു.

അറുപതോ അതിലധികമോ തോന്നിക്കുന്ന ഒരു സ്ത്രീ. എണ്ണപുരളാത്ത ചകിരിപോലത്തെ മുടി, കഴുത്തിനൊപ്പം പറന്ന പാറിക്കിടക്കുന്നു. ക്ഷീണിച്ച, കണ്ടിലാണ്ട കണ്ണുകൾ അവൾക്കുനേരെ തിരിഞ്ഞപ്പോൾ അവയിൽ നിറയെ ക്രൂരതയോ അധികാര

മോ അശ്വതി കണ്ടു. വെളുത്തു വിളറിയ നിറം. മുട്ടിറങ്ങിക്കിടക്കുന്ന മുഷിഞ്ഞുനാറിയ മുണ്ടും, നരച്ചു നിറംമങ്ങിയ ചുവന്ന ജാക്കറ്റും. കഴുത്തിറുകിക്കിടക്കുന്ന, കറുത്ത ചരടിൽ കോർത്ത സ്വർണ്ണനൂക്ക്, തൊണ്ടക്കുഴിയിൽ വീണ തെറ്റിത്തെറിക്കുന്നു.

ആ തണുപ്പിൽ, കാറ്റിൽ, അശ്വതി കണ്ടു.

അവർ ഒന്നും ചോദിക്കുകയോ പറയുകയോ ചെയ്തില്ല. ഇടക്കിടെ അശ്വതിയെ നോക്കുകമാത്രം ചെയ്തു. ആ നോട്ടത്തിൽ എന്തോ ദുരൂഹമായ ധ്വനികൾ ഉണ്ടെന്നു തോന്നി. ഒരു കത്തിമുനപോലെ തിളക്കത്തിൽ തുളഞ്ഞുകയറുന്ന എന്തോ ഒന്ന് ആ നോട്ടത്തിലുണ്ടായിരുന്നു. ആരാണീ സ്ത്രീ? ഇത്ര അധികാരഭാവത്തിൽ, മറ്റൊരാളുടെ സാന്നിദ്ധ്യം തെല്ലും വകവെയ്ക്കാതെ...

വക്കടഞ്ഞ രണ്ടു മൺകുടങ്ങളിലേക്ക് അവർ വെള്ളം നിറയ്ക്കുകയാണ്. ചെറിയ തൊട്ടിയാണെങ്കിലും വെള്ളം വലിക്കുമ്പോൾ അവർ കിതയ്ക്കുന്നു. കൈകൾ രണ്ടും വിറയ്ക്കുന്നു.

വീണ്ടും അശ്വതി ഓർത്തു.

ആരാണിവർ?

ഈ വെളുത്തു വിളറിയ സ്ത്രീ?

"ആരാണ്"?"

ഒടുവിൽ അശ്വതി ചോദിച്ചു. അവർ ഒടുവിലത്തെ തൊട്ടിവെള്ളം കുടത്തിലേക്ക് പകരുകയായിരുന്നു. അപ്പോഴാണ് ചോദ്യം കേട്ടത്. നടുവിനു കൈകുത്തി അവർ നിവർന്നു. കത്തിമുനപോലെ വീണ്ടും അശ്വതിക്കുനേരെ കണ്ണയച്ചു. അശ്വതിക്ക് അരിശം വരുന്നുണ്ടായിരുന്നു. ഇവർ മിണ്ടുകില്ലേ?

"ആരാണെന്ന"?"

അശ്വതി വീണ്ടും ചോദിച്ചു.

തള്ള പെട്ടെന്ന് പൊട്ടിത്തെറിച്ചു:

"ആരാന്നോ? ഞാനാരാന്നോ? ഹും. ന്റെ വീട്ടിലു് കേറിവന്നിട്ട് ചോദിക്ക്ണ, ഞാനാരാന്ന്. നിക്ക് നിശ്ശുണ്ട്. എല്ലാം നിശ്ശുണ്ട്. മാറൂ വഴീന്നങ്ങട്ട് മാറൂ."

നിറയെ വെള്ളമുള്ള രണ്ടു കുടങ്ങളും തൂക്കി പ്രാഞ്ചിവാഞ്ചി അവർ തനിക്കുനേരേ വന്നപ്പോൾ, അശ്വതി ഒഴിഞ്ഞുനിന്നു. അവർ വീണ്ടും എന്തൊക്കെയോ പറഞ്ഞുകൊണ്ട് പുറത്തേക്കു നടന്നു. അപ്പോഴാണ് അശ്വതിയ്ക്കു കഴിഞ്ഞ രാത്രി ഓർമ്മ വന്നതു്. കഴിഞ്ഞ രാത്രിയിലെ തണുപ്പിന്റെ വരവു്. കഴിഞ്ഞ രാത്രിയിലെ നിറഞ്ഞ അന്ധകാരം. അന്ധകാരത്തിൽനിന്നും ഉയർന്ന ശാസനകൾ. ഇതേ ശബ്ദം. ഇതേ ഭാഷ. ശൈലി. ഇവരാണോ ഈ വീടിന്റെ ഉടമസ്ഥ? ഇവരാണോ ഇന്നലെ ബാലൻമേനോൻ എന്ന മനുഷ്യനെ കൊറ്റപ്പെടുത്തിയതു്? അതെ. ഇവർതന്നെ.

അശ്വതി, പെട്ടെന്നു്, തരിച്ചുനിന്നു. ആരുടെ മുമ്പിലാണു് ഇത്രനേരം നിന്നതു്? ആരോടാണു് സംസാരിച്ചതു്? കഴിഞ്ഞ രാത്രിയിൽ ഭയന്ന, അതേരൂപം ഇപ്പോൾ, തന്റെ തൊട്ടുമുമ്പിലൂടെ...

ഒന്നും സംഭവിച്ചില്ല, അശ്വതിക്കു് അതോർത്തപ്പോൾ അത്ഭുതം തോന്നി. ആ നോട്ടംമാത്രം അവളിൽ പതർച്ചയുണ്ടാക്കി. അശ്വതി നോക്കിനിന്നു: തൊടിയിൽ നിറയെ തെങ്ങിൻതൈകളാണു്. വാഴകളും. തള്ള ഓരോ തെങ്ങിൻതൈയ്ക്കും വെള്ളമൊഴിക്കുകയാണു്. പിച്ചനടക്കുന്ന കുഞ്ഞിനെപ്പോലുള്ള നടത്തം. ഉറയ്ക്കാത്ത പാദങ്ങൾ. ഇടയ്ക്കിടെ, തല ചരിച്ചു്, ഒരു ശത്രുവിനെയെന്നപോലെ അവർ അശ്വതിയെ നോക്കി. കുടങ്ങളിലെ വെള്ളം തീർന്നപ്പോൾ അവർ വീണ്ടും പടികയറി, ആടിയാടി വന്നു. വീണ്ടും ഇടുകരഞ്ഞു, വീണ്ടും...എത്ര ദുർബ്ബലമാണാശരീരം. നടക്കാൻകഴിയാത്ത ഈ പ്രായത്തിൽ, ഇത്രയേറെ കഷ്ടപ്പെടുന്നതെന്തിനാണു്? ഇതൊക്കെ ചെയ്യാൻ മറ്റാരുമില്ലേ? അശ്വതിക്കു് ഇപ്പോൾ അനുകമ്പയാണു തോന്നിയതു്. ഇവർക്കാണോ ഭ്രാന്തുണ്ടെന്നു കേട്ടതു്? ഭ്രാന്തു്...എന്താണതു്? ആദ്യമായി അശ്വതി അങ്ങിനെയൊക്കെ ആലോചിക്കാൻ ശ്രമിച്ചു.

പടിയിറങ്ങുമ്പോൾ, പെട്ടെന്നു്, അവരുടെ കാലുകൾ പിഴച്ചു. ഭാഗ്യം വീണില്ല.

അശ്വതി ചോദിച്ചു:

"എന്തിനാ വയ്യാതെ ഇതിനൊക്കെ വെള്ളംകോരുന്നതു്?"

തള്ള തിരിഞ്ഞുനിന്നു.

കുടം താഴെവെച്ചു.

"പിന്നാരാ കോരാ? ന്റെ മൊതല് നശിക്കാണ്ട് നോക്കേണ്ടതു് പിന്നാരാ? പൊറത്തൂന്നാരെങ്കിലും വരോ? നിങ്ങളു

വരോ? ബാലൻ വരോ? ഇല്ല്യ. ഇതെല്ലാം ന്റെ സൊത്താണേയ്. നിശ്ശുണ്ടോ? ഞാൻ നോക്കീട്ടില്ലെങ്കില്, കണ്ടോരെ കേറി നശിപ്പിക്കും."

അവരുടെ കണ്ണുകൾ, അങ്ങനെയൊക്കെ പറയുമ്പോൾ ഒന്നുകൂടി ഉരുണ്ടു് വികൃതമായി. അശ്വതിയെ പരിഹസിക്കുന്നമട്ടിലായിരുന്നു അവരുടെ സംസാരം. സംസാരിക്കുന്നതിനിടയിൽ അവർ ഇരുപശത്തേക്കും ആടിക്കൊണ്ടിരുന്നു. അതെന്തുകൊണ്ടാണെന്നു് അശ്വതിക്കു മനസ്സിലായില്ല വീണ്ടും അവൾ ഓർത്തുപോകുകയായിരുന്നു. ഇവർക്കുതന്നെയായിരിക്കുമോ ഭ്രാന്തു്? ഇത്ര ഉത്തരവാദിത്വബോധത്തോടെ സംസാരിക്കുന്ന, പെരുമാറുന്ന ഒരു സ്ത്രീയുടെ സമനിലയ്ക്കു് എന്താണു തകരാറു്? തന്റെ ഭൂമി...തന്റെ കടമ...

ഇതിനിടെ, തള്ള വീണ്ടും പിച്ചവെച്ചു് കൂളിമുറിയിലേക്കുപോയി. വെള്ളം കോരുകയും വീണ്ടും തെങ്ങുകൾക്കു നനയ്ക്കുകയും ചെയ്തു. അല്പംകൂടി അതു കണ്ടുനിന്നശേഷം അശ്വതി അകത്തേയ്ക്കുപോന്നു.

മുറികൾ അടിച്ചുവാരിവൃത്തിയാക്കി. പിന്നീട് മുറ്റം അടിച്ചുവാരാൻ ഭാവിക്കുമ്പോഴാണ് വീണ്ടും അത്ഭുതം അവളിലുണ്ടായതു്. മുറ്റം ഭംഗിയായി ആരോ അടിച്ചുവാരിയിരിക്കുന്നു. ഒരു തൂത്തുപോലുമില്ല.

അപ്പോൾ, തള്ളയുടെ വീടിന്റെ വരാന്തയിൽനിന്നും കേട്ടു.

"മുറ്റം അടിക്കാനാ ഭാവം? ഇത്രേം നേരം വെളുത്തിട്ട്. ഭേഷായി. ഞാൻ നാലുമണിക്കേ എണീറ്റു് മുറ്റം അടിച്ചുവാരും. ന്റെ മുറ്റം ഞാനല്ലാണ്ടു് പിന്നാരാ അടിച്ചുവാരാ?"

അശ്വതി ശ്രദ്ധിച്ചു:

എന്റെ മുറ്റം!

"അതാ ന്റെ രീതി. ന്നെ ഇവ്ടെ കൊണ്ടന്നകാലംമൊതലേ അടിച്ചുവാരല് ഞാനാ. വേറാരും ചെയ്യില്ല്യ. ചെയ്യാൻ ഞാൻ സമ്മതിക്കില്യ. ചെയ്യാലേ, നിക്കിഷ്ടപ്പെടില്യ. വൃത്ത്യാവില്യ. ന്റെ മുറ്റം, ജീവനെട്ക്കംവരെ ഞാൻതന്നെ അടിച്ചുവാരിക്കോളാം."

അശ്വതി, കൈയിൽ താഴ്ത്തിപ്പിടിച്ച ചൂലുമായി എല്ലാം കേട്ടുനിന്നു. തള്ളയുടെ പ്രവൃത്തി അവൾ ഇഷ്ടപ്പെട്ടു. പക്ഷെ, തള്ളയുടെ വാക്കുകൾ. അനേകം മുനകളുള്ള വാക്കുകൾ, കേട്ടുനിൽക്കുന്നവരുടെ വിലകെട്ടുത്തുന്ന വാക്കുകൾ, അധികാരത്തിന്റെ സ്വരം.

അശ്വതി അടുക്കളയിലേക്കു പോന്നു. ഇനി തള്ള ഇവിടെയും കയറി വന്നേക്കുമോ, തന്റെ അടുക്കളയാണെന്നും പറഞ്ഞു്. അശ്വതി അത്രവരെ ചിന്തിച്ചു. എന്തായാലും ഒന്നവൾ ഉറച്ചു. ഈ വീടിനു് എത്ര അവകാശികൾ ഉണ്ടെന്നറിയണം. അല്ലെങ്കിൽ ആരാണു് യഥാർത്ഥ അവകാശി എന്നറിയണം. അല്ലാതെ ഇവിടെ ജീവിക്കുക വയ്യ. തള്ള ഇതിൽ ഏതു ഭാഗമാണഭിനയിക്കുന്നതു്. തള്ള പ്രധാനകഥാപാത്രമോ, ഉപകഥാപാത്രമോ എന്നറിയണം.

അശ്വതി അടുപ്പിൽ തീ കത്തിച്ചു. ഉണങ്ങിയ വിറകിൻ കഷണങ്ങൾ അടുപ്പിലേക്കു പെറുക്കിവെച്ചു. തീയാളിക്കത്തിയപ്പോൾ രോമകൂപങ്ങളിൽ പതിയിരുന്ന തണുപ്പിനു് ശമനം കിട്ടി.

അവൾ കാപ്പി ഗ്ലാസ്സിൽ പകർന്നു് കിടപ്പുമുറിയിലേക്കു ചെന്നു. രാജേന്ദ്രൻ ഉണർന്നു കിടക്കുകയായിരുന്നു. തണുപ്പുകാരണം, പക്ഷെ, പുതപ്പിനുള്ളിൽതന്നെയാണു്.

"നീ നേരത്തേ ഉണർന്നോ?"

അശ്വതി ചിരിച്ചു.

പിന്നെ കട്ടിലിൽ ഇരുന്നു.

അയാൾ പുതപ്പു ചുറ്റിക്കൊണ്ടു് എഴുന്നേറ്റിരുന്നു. പിന്നെ കാപ്പി വാങ്ങി ഊതിയൂതി കുടിച്ചു.

അശ്വതി, ജാലകം തുറക്കാനൊരുങ്ങവെ, രാജേന്ദ്രൻ തടഞ്ഞു.

"പൊന്നേ, തണുത്തിട്ട വയ്യ. അതു തുറക്കണ്ട."

"നേരമെന്തായീന്നാ വിചാരം?"

അശ്വതി ജാലകം തുറന്നിട്ട രാജേന്ദ്രൻ തണുപ്പു സഹിക്കവയ്യാതെ അവളെ കെട്ടിപ്പിടിച്ചു. വിശാലമായ വൃത്തിയായ മുറ്റം.

"വലിയ മുറ്റം."

രാജേന്ദ്രൻ പറഞ്ഞു.

"ഇന്നു മുറ്റമടിച്ചു വാരിയതു് ആരാണെന്നറിയുമോ? ആ തള്ള."

"അതെന്താ?"

അയാൾ ഗ്ലാസ് തിരികെക്കൊടുത്തു കൊണ്ടുചോദിച്ചു.

"ഞാൻ ചൂലുമായി ചെന്നപ്പോൾ സംഗതി കഴിഞ്ഞിരിക്കുന്നു. തള്ള പറയുകയാ, അവരുടെ മുറ്റം അവരടിച്ചുവാരിയ്ക്കൊള്ളാമെന്നു്."

"നമ്മുടെ മുറ്റമോ?"

അശ്വതിക്കു ചിരിവന്നു.

"നമ്മുടെ മുറ്റം എന്നൊരു മുറ്റമില്ല അവരുടെ മുറ്റമേയുള്ളൂ."

"തനിവട്ടം!"

അശ്വതി വീണ്ടും അടുക്കളയിലേക്കു ചെന്നു. തെല്ലു കഴിഞ്ഞപ്പോൾ രാജേന്ദ്രൻ പിന്നാലെ വന്നു. അയാളുടെ മുഖം വല്ലാതെ ഇരുണ്ടിരുന്നു: വെറുപ്പോ ദേഷ്യമോ ഇടകലർന്നുള്ള ഭാവം എന്തുപറ്റി?

"എന്താ?"

അശ്വതി ചോദിച്ചു.

"എന്തു പറ്റാൻ." രാജേന്ദ്രൻ പറഞ്ഞു. "ആ നാശം കൂളിമുറിയിൽ കേറിയിരിക്കുന്നു."

ചിരിയമർത്തിക്കൊണ്ടു് അശ്വതി പറഞ്ഞു:

"അതിരാവിലെ തുടങ്ങിയ വെള്ളം കോരലാണു്. ഈ പറമ്പിൽ കാണുന്ന സർവ്വ തെങ്ങിൻ തൈകൾക്കും വാഴയ്ക്കും വെള്ളം നനയ്ക്കുകയാണു്."

"ഛെ, അവർ വെള്ളം കോരുകയല്ല. കുളിയാണെന്നു തോന്നുന്നു. വാതിലടച്ചിരിക്കുന്നു. എത്ര നേരമായി. ഇവക്കു വേറെ കിണറും കുളിമുറിയും ഒന്നുമില്ലേ?"

"ഇതവരുടേതാണെന്റെ" അശ്വതിക്കു ചിരിവന്നു.

"നോൺസെൻസ്" രാജേന്ദ്രൻ പറഞ്ഞു.

"ഞാനിപ്പോൾ തള്ളയെ പിടിച്ചു പുറത്തിടും. ബാലൻ മേനോനെ ഉടനെ കാണണം."

അശ്വതി മുഖം കഴുകാൻ മൊന്തയിൽ വെള്ളം കൊടുത്തപ്പോൾ രാജേന്ദ്രൻ അടുക്കളയിൽനിന്നും പോയി തെല്ലുനേരം കഴിഞ്ഞു്: രാജേന്ദ്രൻ അശ്വതിയെ ഇറയത്തേക്കു വിളിച്ചു. അവൾ ചെല്ലുമ്പോൾ അയാൾ തൊടിയിലേക്കു് നോക്കിനിന്നു പല്ലു തേയ്ക്കുകയാണു്. അയാൾ തൊടിയിലേക്കു ചൂണ്ടിക്കാട്ടി. തള്ള. കൈയിൽ കുടമോ ചൂലോ ഇല്ല. പകരം വക്കു പറിഞ്ഞ, ഓട്ടകൾ വീണ പഴകിദ്രവിച്ച കുട. അതു തീരെ ചെറുതുമായിരുന്നു. അവർ വാഴത്തടത്തിലും പ്ലാവിൻ ചുവട്ടിലും കുത്തിയിരുന്നു നിരങ്ങുകയാണെന്നാണു് ആദ്യം വിചാരിച്ചതു്. ചിലപ്പോൾ കുനിഞ്ഞും ചിലപ്പോൾ ഇരുന്നും നിരങ്ങിയും തള്ള കരിയിലകൾശേഖരിക്കുകയായിരുന്നു.

അശ്വതിക്കു പരിഹാസം തോന്നി.

"തള്ള എത്ര ബിസിയാണു""

അവൾ പറഞ്ഞു.

"തള്ള ലോകം മുഴുവൻ വൃത്തിയാക്കുന്നു ലക്ഷ്മണമാണു് കാണുന്നതു്."

തലമുടി അലസമായി പാറിപ്പറന്ന കിടക്കുന്നു. നരച്ച പഴയ ജാക്കറ്റ് തന്നെയാണു് ഇപ്പോഴും ധരിച്ചിരിക്കുന്നതു്

"ബോറ്" എന്നു പറഞ്ഞുകൊണ്ടു് രാജേന്ദ്രൻ കുളിമുറിയിലേക്കു പോയി. അശ്വതി അകത്തേക്കു തിരിയാൻ ഭാവിക്കുകയായിരുന്നു. അപ്പോഴാണു് തള്ള പ്രാഞ്ചിപ്രാഞ്ചി അടുക്കളഭാഗത്തേക്കുവന്നതു്. പൊടുന്നനെ രാജേന്ദ്രനെക്കണ്ടു് അവർ അവിടെനിന്നു പൊയ്ക്കളഞ്ഞു. പക്ഷെ, ചിലനിമിഷങ്ങൾക്കകം തിരികെവന്നു് അടുക്കളവരാന്തയിലിരുന്നു. അശ്വതി, കെട്ടുപോയ തീകത്തിക്കാനുള്ള ശ്രമത്തിലായിരുന്ന അടുക്കളയിൽ. അപ്പോഴാണു് പുറംവരാന്തയിൽനിന്നും വിളിയുയർന്നതു്.

"കുട്ട്യേ"

അശ്വതി പുറത്തേക്കുവന്നു.

"ആ തീപ്പെട്ടി ഒന്നതരോ. അല്ലാച്ചാല് ഒരു തീക്കമ്പുതന്നാലും മതിട്ടോ."

അവൾ തീപ്പെട്ടി എടുത്തു നീട്ടിക്കൊണ്ടു ചോദിച്ചു.

"രാവിലെ ഒന്നുമായില്ലേ? തീകത്തിക്കാൻ പോവുന്നതേയുള്ളോ?"

പരിഹാസം നിറഞ്ഞ ദൃഷ്ടികൾ അമ്പിന്റെ വേഗത്തിൽ അശ്വതിക്കുനേരെ പാഞ്ഞുവന്നു. ഒരുനിമിഷം നിശ്ശബ്ദം അങ്ങിനെ നോക്കിയിരുന്നശേഷം അവർ പറഞ്ഞു.

"എങ്ങിനഒ ആവ്വാ? ഇന്ദ്രജാലം വശംണ്ടോ നിയ്ക്ക്? എന്തെങ്കില്യൊണ്ടാവണ്ടേ കാപ്പിണ്ടാക്കാൻ കാപ്പിപ്പൊടീം പഞ്ചസാരേം വേണ്ടേ? പഞ്ചസാര വേണ്ടാന്നും പൊടിവേണ്ടേ? രണ്ടുല്ലേ. എന്താചിയ്യാ?"

വിവരക്കേടുപറഞ്ഞ കുട്ടിയോടെന്നപോലെയാണു് തള്ളയുടെ സംസാരം. അശ്വതി അറിവില്ലായ്മയോ അവിവേകമോ പറഞ്ഞുപോയിരിക്കുന്നു.

തെറുതിരുത്താനെന്നമട്ടിൽ അശ്വതി പറഞ്ഞു.

"തീപ്പെട്ടി ചോദിച്ചപ്പോ ഞാൻ വിചാരിച്ചു..."

"കാപ്പീം പലാരോങ്ങാക്കാനാവുംന്നു്. ല്ലേ?" തള്ള പറഞ്ഞു." കുട്ടികേൾക്കെ. ന്നലെ അരിവെച്ചില്ല്യ. കാപ്പീംണ്ടാക്കീല്യ."

തള്ള തുണിൽപിടിച്ചു് എഴുന്നേറ്റു.

"അധികം ഇരിക്കാൻ പറാല്യ. വാതം. നിക്കാനും പറാല്യ."

"അൽപ്പം കാപ്പി എടുക്കട്ടെ?"

അശ്വതി ചോദിച്ചു.

"നിക്ക് വേണ്ടാ ആരട്ടോം കാപ്പി. ഇന്ന്വരെ അങ്ങനെണ്ടായ്ട്ടില്ല്യ. നിസ്സഹകാരംല്ലാത്തതൊന്നും നിക്ക്വേണ്ട. വാങ്ങില്യഞാൻ. അപ്പ കൊണ്ടരും. കഴിഞ്ഞാഴ്ചേന്റെ മുമ്പത്തെ ആഴ്ച അവൻ വന്നപോയതാ. ഇന്നു വരാണ്ടിരി

ക്ക"ല്യാ. കാര്യം അരീം ഒക്കെ കൊണ്ടു വരാണ്ടിരിക്കില്യ. അതാപതിവ്."

ആരാണ്" അപ്പൂ?

പക്ഷെ, അശ്വതി അതു ചോദിച്ചില്ല. തള്ളയാകെ പരവശയായിരിക്കുന്നു. ഇന്നലെ മുഴുവൻ പട്ടിണിയാണെന്നു എന്നിട്ടും ഒരുഗ"ളാസ" കാപ്പിവേണ്ട. അഹംഭാവം അപ്പുവുണ്ടെന്നു. ഏതാപ്പൂ? തീപ്പെട്ടിയും കൊടുക്കേണ്ടിയിരുന്നില്ല.

തല രണ്ടുകൈകളിലും താങ്ങി അവർ കുറെനേരംകൂടി നിന്നു.

"ഇനി, രാമക്കു തീയിടണം"

തള്ള തെടിയിൽ അവിടവിടെ കൂട്ടിയിരിക്കുന്ന കരിയിലകളിലേക്കു ചൂണ്ടിപ്പറഞ്ഞു. അശ്വതിക്കു" അത്ഭുതംതോന്നി. തള്ളയെന്താണ്" പറയുന്നത്"? ഇത്രയേറെ കരിയിലകൾ... അശ്വതി തള്ളയുടെ മുഖത്തേക്കു ഉറ്റുനോക്കി. എത്ര പരിക്ഷീണമാണത". എന്തിനാണിവർ, വെറും വയറാൽ, ഈ കഷ്ടപ്പാടൊക്കെ വലിച്ചു വെയ്ക്കുന്നത"? ആക്കവേണ്ടിയാണ"?

"എന്തിനാണതിനു തീയിടുന്നത"?"

അശ്വതി ചോദിച്ചു.

തള്ള തിരിഞ്ഞ" അശ്വതിയെ രൂക്ഷമായിനോക്കി. പിന്നെ മുന്നോട്ട്, ആടിയാടി നീങ്ങി. ഒരു കടലാസ"കഷണത്തിൽ ആദ്യം തീപിടിപ്പിച്ചു. പിന്നെ കുനിഞ്ഞു" കത്തുന്ന കടലാസ" കരിയിലക്കൂനയിലേക്കുവെച്ചു. ആളിക്കത്തുന്ന അഗ്നിക്കു മുമ്പിൽ തള്ളയുടെ മുഖം പിശാചിന്റെ രൂപോലെ അശ്വതിയ്ക്കുതോന്നി.

(തുടരും)

(27-ൽ നിന്നും തുടർച്ച)

യി സമാധാനിപ്പിച്ചു. "അവൻ കൊച്ചല്ലേ."

ദൈവാധീനം; ചിറ്റമ്മയുടെ കലി അടങ്ങിവരുന്നു. എന്റെ സഹായം കൂടാതെ തന്നെ നഗ്നത പൂർണ്ണമായും മറയത്തക്കവിധത്തിൽ കുഴ"ന്നു" കിടന്നു" തല മാത്രം ഇട്ടരുട്ടിക്കൊണ്ടു" ചിറ്റമ്മ എന്തൊക്കെയോ പറഞ്ഞുതുടങ്ങി. വെളിപാടാണു". ആ ദേവഭാഷ എനിയ്ക്കുമക്ഷരം മനസ്സിലാകുന്നില്ലെങ്കിലും ഭക്തിപാരവശ്യത്തോടെ കുനിഞ്ഞു" തൊഴുതു" നിൽക്കുന്ന തന്ത്രിയ്ക്കു" എല്ലാം വ്യക്തം. "ധർമ്മദൈവങ്ങൾ പരമസന്തുഷ്ടരായിരിയ്ക്കുന്നു." അതാണു" ചുരുക്കം. ഹാവു! രക്ഷപ്പെട്ടു.

പിറേറന്നു" രാവിലെ ആ മുറ്റത്തേയ്ക്കു" നോക്കിയപ്പോ എനിയ്ക്കു" സങ്കടം വന്നു. തള്ളീ ഒഴിഞ്ഞ കളം; അനുഭൂതികളുടെ അസ്ഥികൂടം

രണ്ടു പന്തീരാണ്ടിനുള്ളിൽ എന്റെ കൈകൊണ്ടു" തന്നെ ആ തറവാട്ടു" തീറെഴുതി, പരദൈവങ്ങളുൾപ്പെടെ. ഇന്നു" ആ സർപ്പക്കാവിൽ 'കൊക്കോ' നട്ടിരിയ്ക്കുകാണു", അതിന്റെ ഉടമസ്ഥർ.

(അവസാനിച്ചു)

(24-ൽ നിന്നും തുടർച്ച)

താമസിച്ചിരുന്നു; രതി; മധുബാല; നന്ദിത, കഥ തുടങ്ങുമ്പോൾ രതിയില്ല. മധുബാല അവിടംവിട്ടുപോയി, നന്ദിത കഥ പറയുന്നു. മധുബാല മഹേശ്വരനു പേരുള്ള ഒരുത്തനെ പ്രേമിച്ചുതുടങ്ങിയപ്പോൾ ചേച്ചിയുടെമേട്ടിൽ രതി അതിനെ നിരുത്സാഹപ്പെടുത്തി. മഹേശ്വരന്റെ ഫോട്ടോ കണ്ടപ്പോൾ രതി അറിയിച്ചു, അയാൾ വിവാഹിതനാണെന്നും മാരീസ" എന്ന പേരിലാണു" അയാൾ അവളെ (രതിയെ) പരിചയപ്പെട്ടതെന്നും. ആ മാരീസ"ത്തന്നെയാണു" രതിയെ ഗർഭിണിയാക്കിയതു", പക്ഷേ, മധുബാല അതൊന്നും വിശ്വസിച്ചില്ല. അവളെ വിശ്വസിപ്പിക്കാൻവേണ്ടി രതി ഇങ്ങിച്ചാവുന്നു. അവളുടെ ശവംകണ്ടു" ഒരൊട്ടി മധുബാല ഹോസ്റ്റലിൽനിന്നു" മാടിപ്പോകുന്നു. **Truth sits upon the lips of dying men** എന്നു" ആ സായ"പ" മാരീ ആർനോൾഡു" പറഞ്ഞതു" രതി "സോറാബു" ആൻഡ" റസ്റ്റു"ത്തിൽ വായിച്ചിരിക്കും, അല്ലെങ്കിൽ അവൾ സാരി മരത്തിൽകെട്ടി ഇങ്ങിച്ചാകുമായിരുന്നില്ല, ഈ കഥ ഇരുട്ടുകഴിയാണു", സംസ"കാരത്തിന്റെ പ്രകാശം മുഴുവൻ വലിച്ചെടുക്കുന്ന "സൂപർ ശ്രാവിറ്റി"യുള്ള അന്ധകാരഗർത്തം. ഇതു വായിക്കാനിടവന്നതിൽ ഞാൻ ദുഃഖിക്കുന്നു,

അശ്ലീലമോ

കാർലോസ" ഫ്യൂയന്റസ" (carlos Fuentes) വിശ്വവിഖ്യാതനായ മെക"സിക്കൽ നോവലിസ്റ്റാണു". അദ്ദേഹത്തിന്റെ പല നോവലുകളും ഇംഗ"ളീഷിലേയ്ക്കു തർജ്ജമചെയ്തിട്ടുണ്ടു". ഇതെഴുതുന്ന ആളിനു" അവയിലൊന്നുപോലും വായിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ Aura എന്നൊരു ചെറുകഥ ഞാൻ വായിച്ചിട്ടുണ്ടു". 1975-ൽ സ്പാനിഷ" ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട Terra Nostra എന്ന നോവലാണു" അദ്ദേഹത്തിന്റെ മാസ്റ്റർപീസെന്നു" നിരൂപകർ പറയുന്നു. ഈ വർഷം അതിന്റെ ഇംഗ"ളീഷു" തർജ്ജമ പെൻഗ്വിൻ പുസ്തകമായി വന്നിട്ടുണ്ടു". നല്ല പുസ്തകങ്ങൾ—വിശേഷിച്ചും മോഡേൺ ക"ളാസ്സിക"സ"—പെൻഗ്വിൻ കമ്പനിക്കാരാണു" പ്രസാധനംചെയ്യുന്നതു" അവയെല്ലാം വരുത്തി വില്ക്കുന്നതിൽ തൽപരരായ എറണാകുളത്തെ ഫിഗിൻബോത്തംസിൽ നിന്നു" എനിക്കു" ഈ മാസ്റ്റർപീസിന്റെ ഒരു കോപ്പി കിട്ടി. 36 രൂപയോളം വിലയുണ്ടതിനു". വില കൂടുതലാണു് ആളുകളുടെ വായന കുറഞ്ഞുവരാം. എങ്കിലും ഞാനതു വായിച്ചു തുടങ്ങിയിരിക്കുന്നു. ഈ നോവലിന്റെ 471-ാം പുറത്തു് ഒരു വർണ്ണനയുണ്ടു". അതിൽനിന്നു ചില വാക്യങ്ങൾ ഉദ്ധരിക്കട്ടെ.

I tried to imagine the nipples of those black breasts, the jungle of black hair upon the black mound of Venus——Slender, heavy- braceleted arms, black-nailed hands removed my doublet and my breeches, and I was nude, erect, pressed against that terrible and beautiful body; my hands held her waist, her fingers caressed my belly and chest and thighs and buttocks and fluttered, finally like butterflies about my sex—stroking; coaxing, cupping measuring stiffening; and then with the lightness of butterflies those open, inviting legs shifted and clasped my waist and I——

മഹാനായ സാഹിത്യകാരനാണു" ഫ്യൂയൻറസു". അദ്ദേഹത്തിനു" ഇങ്ങനെയൊക്കെ എഴുതാമെങ്കിൽ നമ്മുടെ സാഹിത്യകാരന്മാരുടെ നേർക്കു അശ്ലീലത്തിന്റെ പേരിൽ നടപടി തട്ടിക്കയറാമോ?

പൂക്കൾ വേണമോ?

പട്ടണത്തിൽ പൂക്കൾ അധികമില്ലാത്തതു് ആളുകൾക്കു" അവയോടു" ഇഷ്ടം കുറഞ്ഞതുകൊണ്ടല്ല നല്ല കവിത ഇന്നുണ്ടാകാത്തതു" കാവ്യത്തിന്റെ മണ്ഡലം ശുഷ്കീകൃതമായതുകൊണ്ടല്ല. ഭൗതിക വാദത്തിനു" അധിപ്രസരമുണ്ടായതു കൊണ്ടല്ല ഈശ്വരൻ മരിച്ചു പോയതു". മനസ്സിനു സംസ്കാരം നല്കു. ഈശ്വരൻ പ്രത്യക്ഷനാകും. സൗന്ദര്യം ആസ്വദിക്കാൻ ശ്രമിക്കു. കവിത ജനിക്കും. വിള കുഴിച്ചിട്ടു വെള്ളമൊഴിക്കു. ചെടികൾ വളരുകയും പൂക്കൾ വിടരുകയും ചെയ്യും. △

ലൈംഗികബന്ധത്തിനുള്ള അഭിവാഞ്ഛയ്ക്ക് ശാരീരികവും മാനസികവുമായ അടിസ്ഥാനങ്ങളുണ്ടെന്നുള്ളതു് സുവിദിതമാണു്. വിദഗ്ദ്ധന്മാർ ഇക്കാര്യത്തിൽ പക്ഷപാതപരമായ നിലപാടു് സ്വീകരിക്കുമ്പോൾപോലും അപരാർദ്ധസ്ഥാനത്തിന്റെ അസ്തിത്വം പാടെ നിരാകരിക്കാറില്ല. മതങ്ങൾ എല്ലാംതന്നെ പ്രജനനാധിഷ്ഠിതമാണു് ലൈംഗികതൃഷ്ണ എന്നദ്ദേഹം ഘോഷിക്കുന്നു. ഫ്രോയ്ഡ് ആകട്ടെ, രതിബന്ധത്തിലെ പ്രത്യുല്പാദനാംശത്തിനു വളരെയൊന്നും പ്രസക്തിയില്ലെന്നു് സമർത്ഥിച്ചു. ഈ ഉദ്ബോധനങ്ങളുടെയെല്ലാം ഫലമായി ലൈംഗികതൃഷ്ണ ശാരീരികവും മാനസികവുമായ രണ്ടു പ്രേരണകളേയുള്ളുവെന്ന ധാരണയാണു് പൊതുവേ ഉരുത്തിരിഞ്ഞുവന്നതു്, ഇവയിൽ ഏതിനു പ്രാമുഖ്യം ഏറിനിൽക്കുന്നുവെന്നകാര്യം വിവാദപരമായും വർത്തിച്ചുപോന്നു. എന്നാൽ, ജൈവപരിണാമപ്രക്രിയയിൽ അപ്രധാനമല്ലാത്ത മറ്റൊരുദ്ദേശ്യംകൂടി നിബന്ധിച്ചിട്ടുണ്ടെന്നുള്ളതു് പലരും വിസ്മരിച്ചുപോയ വസ്തുതയാണു്. താൻ സമൂഹത്തിൽ ഒരാക്രമണകാരിയല്ലെന്നും, സമൂഹത്തിന്റെ ഭാഗമായ ഒരിണയുമായി ദൃഢബന്ധം സ്ഥാപിക്കുന്നതിലൂടെ അതു വ്യക്തമാക്കുന്നുവെന്നുമുള്ള പ്രഖ്യാപനമാണു്, ലൈംഗികതൃഷ്ണയിലെ ആ ഘടകം. പ്രസിദ്ധ ജീവശാസ്ത്രജ്ഞന്മാരായ വുൾഫ്ഗാൻ വിക്ലർ, കോൺറാഡ് ലോറൻസ് എന്നിവർ ഈ ഘടകത്തിനു പ്രാധാന്യംകൊടുത്തു ചിന്തിച്ചിട്ടുള്ളവരാണു്.

മനുഷ്യന്റെ രതിബന്ധം മൃഗങ്ങളുടേതിൽനിന്നും തികച്ചും വ്യത്യസ്തമാണു്. പെൺമൃഗങ്ങളിൽ ഇടവിട്ട പ്രത്യക്ഷപ്പെടുന്ന മദികാലത്തുമാത്രമേ ആൺമൃഗം ഇണചേരാൻ മുതിരുന്നുള്ളുവെന്നതിൽനിന്നും, മൃഗങ്ങളുടെ ഇണചേരലിൽ പ്രത്യുല്പാദനധർമ്മമേ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളുവെന്നു് സാമാന്യമായി പറയാം. എന്നാൽ, ഇതൊരു പ്രകൃതനിയമമാണെന്നതിർപ്പെടുവിക്കുന്നതു് ശരിയായിരിക്കുകയില്ല. സസ്തനികളിൽപ്പെട്ട മിക്ക പെൺമൃഗങ്ങളും ആൺമൃഗങ്ങളെ കാണുമ്പോൾ രതിസന്നദ്ധതയുടെ സൂചനയെന്നോണം, പ്രത്യേകഭാഗം പ്രദർശിപ്പിക്കുന്നതു് സർവ്വസാധാരണയാണു്. ഇതൊരു ബഹുമാനപ്രകടനവും വിധേയകതപ്രകാശനവുമാകുന്നു. പെൺമൃഗത്തിന്റെ വിധേയകതപ്രകാശനത്തിൽ താൻ പ്രീതനായിരിക്കുന്നുവെന്നതെളിയിക്കുവാൻ ആൺമൃഗം അപ്പോൾ 'പുറത്തുകയറാറുണ്ടു്'. പക്ഷേ, ഈ പ്രവൃത്തി നടക്കുകയില്ല. ഈ ഇണചേരൽചേഷ്ടകളിലൂടെ അവ ഒരനാക്രമണസന്ധിയിൽ ഏർപ്പെടുകയാണു്. അതു് അവതമ്മിലുള്ള നല്ല ബന്ധത്തിന്റെ സൂചനയായിരിക്കും.

ലൈംഗികതയുടെ മൂന്നാം പ്രമാണം

മനുഷ്യന്റെകാര്യത്തിൽ ഇതിനെത്തോളം പ്രസക്തിയുണ്ടെന്നു ചിന്തിക്കേണ്ടതാണു്. സ്ത്രീ ഗർഭകാലത്തും സ്തന്യപാനകാലത്തും രതിബന്ധത്തിനു സജ്ജയായിരിക്കും. ആ അവസരങ്ങളിൽ സ്ത്രീയിലെ ലൈംഗികചോദനകൾ ശോഷണം സംഭവിക്കുന്നില്ല. ഇതു് യഥാർത്ഥത്തിൽ അർത്ഥമാക്കുന്നതു്, പുരുഷനോടു ദൃഢബന്ധം നിലനിറുത്താൻ ഉപകരിക്കുന്ന ലൈംഗികബന്ധത്തിനു് ഏതുസമയത്തും സജ്ജയായിരിക്കണമെന്ന പരിണാമനിയോഗത്തിനു് അവൾ വിധേയയായിത്തീർന്നിരിക്കുന്നുവെന്നാണു്. സ്ത്രീകളിൽ ലൈംഗികസന്നദ്ധത ഏതു സമയത്തും ഉണർത്തിയെടുക്കാൻ കഴിഞ്ഞിരുന്നെങ്കിലും, ആദിമകാലത്തു് രതിമൂർച്ഛ അണ്ഡവിക്ഷേപണസമയത്തോടടുത്തുനടക്കുന്ന സംഭോഗത്തിൽമാത്രമായി ചുരുങ്ങിയിരുന്നുവെന്നു് ജീവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതു് മൃഗങ്ങളുടെ രതിയും പ്രത്യുല്പാദനവും തമ്മിലുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നു. എന്നാൽ ഏതുസമയത്തും സ്ത്രീ സംഭോഗത്തിനു തയ്യാറായിരുന്നുവെന്നതു് പെൺമൃഗങ്ങളുടെ പുഷ്പാപ്രദർശനത്തിൽ സംപ്രീതനായ ആൺമൃഗത്തിന്റെ ഇണചേരൽചേഷ്ടയോടും, അതിന്റെ ഉദ്ദേശ്യത്തോടും സദൃശപ്പെട്ടിരിക്കുന്നു. പരിണാമഫലമായി പിൽക്കാലത്തു് സ്ത്രീക്കു് ഏതുസമയത്തുള്ള സംഭോഗത്തിലും രതിമൂർച്ഛപ്രാപിക്കാൻ കഴിയുമെന്നായതു് വലിയൊരു ജൈവപരിവർത്തനമായി കണക്കാക്കണം. അതോടെ ലൈംഗികസംയോഗത്തിന്റെ മൂന്നാം പ്രസക്തിക്കു മാറുവർദ്ധിക്കുകയാണു് ചെയ്തതു്.

ലൈംഗികബന്ധത്തിലെ പ്രജനനോദ്ദേശ്യമാണോ, അതോ അതുവഴി ശ്രുതികൃതമാകുന്ന സുദൃഢബന്ധമാണോ കൂടുതൽ പ്രധാനമായിരിക്കുന്നതു് എന്നതു ചിന്തനീയമാണു്. രതി ഭാര്യാഭർത്താക്കന്മാർക്കിടയിലെ ബന്ധം അരക്കിട്ടുറപ്പിക്കുന്ന ഒരുപാധിയാണു്. ജീവിതത്തിലെ തിരിച്ചടികളിലും പരാജയഘട്ടങ്ങളിലും ആശ്വാസം കണ്ടെത്താൻ പലർക്കും ഉപകരിക്കുന്ന മൃതസഞ്ജീവനി ലൈംഗികബന്ധമാണെന്നു പറഞ്ഞാൽ വിയോജിക്കുന്നവർ ചുരുങ്ങും. പുത്രന്റെ വിയോഗദുഃഖംപോലും രതിബന്ധത്തിന്റെ താരള്യത്തിൽ വിലയിപ്പിക്കാൻ ശ്രമിക്കുന്ന ദമ്പതികളുണ്ടെന്നുള്ളതു് പ്രകോപനപരമായ ഒരു നിഗമനമല്ല. ഇവിടെയെല്ലാം വ്യക്തിതാസമനായത്തിലൂടെ നേടിയെടുക്കുന്ന ബന്ധസംസ്ഥാപനം പങ്കാളികളെ മുമ്പോട്ടു നയിക്കുന്ന പ്രധാന ചോദകോപാധിയായി വർത്തിക്കുന്നു. പങ്കാളികൾ അകമഴിഞ്ഞ ദാതാക്കളായിത്തീരുമ്പോൾ ഇരുവർക്കും സിദ്ധിക്കുന്ന സംതൃപ്തിയാണു് ലൈംഗികബന്ധത്തിലെ മിച്ചമൂല്യം. ഇവിടെ സന്തത്യുൽപാദനം ഉദ്ദേശിക്കപ്പെട്ടുന്നില്ലെന്ന മാത്രമല്ല, ചിലപ്പോൾ അനഭിലഷണീയമായിത്തീരുകകൂടി ചെയ്യുന്നുണ്ടു്. ദമ്പതികൾ പ്രേമപാരവശ്യത്തോടെ, ഗർഭധാരണം ഒഴിവാക്കാൻ മുൻകരുതൽ എടുത്തു നടത്തുന്ന ശാരീരികബന്ധമാണോ, മനസ്സിൽ വിദ്വേഷം പുലർത്തുന്ന ദമ്പതികൾ ഒരു ശിശുവിന്റെ ജനനം ലാക്കാക്കി നടത്തുന്ന ലൈംഗികബന്ധമാണോ കൂടുതൽ ഉൽക്കൃഷ്ടം എന്ന ചോദ്യത്തിനു് എളുപ്പം കണ്ടെത്താവുന്ന ഉത്തരമുണ്ടല്ലോ, അതുതന്നെയാണു് ഇത്തരുണത്തിലും പ്രസക്തമായിവരുന്ന സമാധാനം. ഇണയുടെ മുമ്പിൽ പൂർണ്ണമായും സമർപ്പിക്കപ്പെട്ട ഒരു വ്യക്തിതന്നെയാണു് അനുഭൂതിദായകമായ രതിബന്ധത്തിന്റെ പരിണതിക്കു് അവശ്യം ആവശ്യമായിരിക്കുന്നതു്. അതുകൊണ്ടുതന്നെ, ബന്ധം എന്നതു് ലൈംഗികസംയോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിഗണനയായിത്തീരുന്നു. ഗർഭനിരോധനമാർഗ്ഗങ്ങൾ അവലംബിക്കുമ്പോൾ രതിബന്ധത്തിലെ രസാനുഭൂതി കുറയാതിരിക്കുന്നതും, വർദ്ധിച്ച ലൈംഗികോത്സാഹത്തിനായി ഔഷധങ്ങൾ ഉപയോഗിക്കാൻ ഔത്സുക്യം പ്രകടിപ്പിക്കുന്നതും തെളിയിക്കുന്ന വസ്തുതയും മറ്റൊന്നുമല്ല.

പ്രേമം എന്ന വികാരം ലൈംഗികബന്ധത്തിന്റെ ആദ്യന്തികപ്രചോദനയായിത്തീർന്നതും, അതിന്റെ സാഫല്യത്തിനായി വിവാഹം എന്ന സാമൂഹികഘടനരൂപമെടുത്തതും, ബന്ധം സ്ഥാപിക്കുവാനും നിലനിറുത്തുവാനുമുള്ള ആന്തരികവാഞ്ഛയുടെ ഫലമായിട്ടാണു്. മനുഷ്യന്റെ വിവാഹചരിത്രം പരിശോധിച്ചാൽ, ഒരാൾക്കു് ഒരിണ എന്ന വഴക്കം എക്കാലത്തും നിലനിന്നുപോന്നിരുന്നതായി കാണാം. ചില കാലഘട്ടങ്ങളിൽ ബഹുഭാര്യാത്വമോ ബഹുഭർത്തൃത്വമോ ചില പ്രദേശങ്ങളിൽ പുലർന്നിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും മനുഷ്യന്റെ ആന്തരചോദനയുടെ പിൻബലം അവകാശപ്പെടാൻ കഴിഞ്ഞിട്ടില്ല. ആ സമ്പ്രദായങ്ങൾക്കു് സാമ്പദികവും സാഹചര്യപ്രേരിതവുമായ സാധുകരണമേ ഉണ്ടായിരുന്നിട്ടുള്ളൂ. ബഹുഭാര്യാത്വത്തിലും ബഹുഭർത്തൃത്വത്തിലും മുഖ്യപങ്കാളി എന്ന പരിഗണന ഒരു വ്യക്തിക്കു ലഭിച്ചിരുന്നതാണും. ബന്ധ

പി. എ. ജി. നായർ

ത്തിലെ സഹജമായ സ്വാർത്ഥതയാണു്, ഗുണകരമായ ഇത്തരമൊരു വിവാഹപരിണതിക്കു്—ഏകഭാര്യാത്വത്തിനു്—കളമൊരുക്കിയതെന്നു വിശ്വസിക്കാൻ ന്യായംകാണുന്നു.

ഏക ഭാര്യാത്വം പുലർത്തുന്ന കുടുംബത്തെന്നു ലൈംഗികത അവളിൽനിന്നും വ്യതിചലിക്കപ്പെടുന്നില്ലേ എന്ന ചോദ്യം ഇവിടെ ഉയർന്നേക്കാം. പരിണയിച്ച ഭാര്യയിൽ ബന്ധം ഉറപ്പിക്കാൻ കഴിയാത്ത ഒരാൾ (ആരിലും ദൃഢമായിത്തീരുന്നതാണു ബന്ധം എന്നു ശഠിച്ചുകൂടല്ലോ), അതിനു കഴിയുമെന്നു തോന്നിക്കുന്ന മറ്റൊരിണയിലേക്കെടുക്കുന്നതു് സ്വാഭാവികമാണെന്നേ പറയാൻ പറ്റൂ. ഇതിൽ അന്തർഹിതമായിരിക്കുന്നതും ലൈംഗിക ചോദനയിലെ ബന്ധാഭിവാഞ്ഛ തന്നെയാണു്. ബന്ധത്തിലെ സ്വാർത്ഥതയുടെ ഒരു പ്രത്യേകത, അതിനു നിയതമായ ഒരു പൂരിതാവസ്ഥയുണ്ടെന്നുള്ളതാണു്. ആ പാരമ്യത്തോളം ഉയരാത്ത പ്രേമബന്ധത്തിനോ, ദാമ്പത്യത്തിനോ ശാശ്വതമായ നിലനില്പു് പ്രതീക്ഷിച്ചുകൂടാ.

സന്തത്യുൽപാദനമാണു് ദാമ്പത്യത്തിന്റെ ആത്യന്തികലക്ഷ്യമെന്നും, ഏതു സന്താനങ്ങൾ ഉണ്ടായിരിക്കുന്നുവോ, അത്രക്കധികം മമത ദമ്പതികൾക്കിടയിൽ വളമിട്ടു വർത്തിക്കുമെന്നുമുള്ള വാദഗതി പരിശോധനയർഹിക്കുന്നുണ്ടു്. സന്തത്യുൽപാദനം ലൈംഗികബന്ധത്തിലെ പരമമായ ലക്ഷ്യമാകുന്നില്ല. ദാമ്പത്യം പുരോഗമിക്കുന്നതോടെ മറ്റൊരു ഘട്ടത്തിൽ അതൊരു ലക്ഷ്യമായിത്തീരുന്നുണ്ടു്, പലർക്കും എന്നാൽ വന്ധ്യാദമ്പതികളിലെ പങ്കാളികൾക്കിടയിൽ സുദൃഢമായ ബന്ധം ഉരുത്തിരിയുന്നുവെങ്കിൽ, ആ ദാമ്പത്യത്തിനു് ഉലച്ചിൽ തട്ടുവാൻ വന്ധ്യത ഒരു കാരണമാകുന്നില്ല. വന്ധ്യതാസാദ്ധ്യത മുൻകൂട്ടി അറിഞ്ഞുകൊണ്ടുതന്നെ വിവാഹം കഴിക്കുന്നവരുണ്ടെന്നുള്ളതു്, ഇക്കാര്യത്തിലുള്ള മുൻവിധിയുടെ വേരറുക്കാൻ പര്യാപ്തമാണു്. കൂട്ടുതൽ കുട്ടികൾ ഉള്ള ദമ്പതികളുടെ ബന്ധം താരതമ്യേന ഉന്നതരായിരിക്കുമെന്ന വിശ്വാസം അസംബന്ധമാണു്. ഏകസന്താനമുള്ള ദമ്പതികൾക്കിടയിലാണു് വർദ്ധിച്ച മമതയും ബന്ധവും നിലനിന്നു കാണുന്നതു്. ബന്ധത്തിലെ സങ്കുചിതത്വമാണു് ഇവിടെയും അതിനുള്ള ന്യായീകരണമായിത്തീരുന്നതു്.

രക്തബന്ധത്തിൽപ്പെട്ടവർ തമ്മിൽ ലൈംഗികതയുടെ ആശ്രയമില്ലാതെതന്നെ ദൃഢബന്ധം നിലനില്ക്കുന്നുവിധത്തിലുള്ളതാണു് മനുഷ്യന്റെ ആന്തരികചോദന. നിരന്തരസാമീപ്യവും സഹവർത്തിത്വവും ബന്ധുക്കൾക്കിടയിലെ ബന്ധത്തിനു മതിയായ ഉപാധികളാണു്. അതുകൊണ്ടായിരിക്കണം, രക്തബന്ധത്തിൽപ്പെട്ടവർ തമ്മിലുള്ള ലൈംഗികബന്ധത്തിനു വിലക്കു കല്പിക്കപ്പെട്ടതു്. ബന്ധം നിലനിറുത്തുന്നതിനേക്കാൾ ബന്ധം സ്ഥാപിക്കുന്നതിനാണു് ലൈംഗികത ഉപകരിക്കുന്നതു്. മാത്രമല്ല, വ്യത്യസ്തജീനുകളുടെ സംയോജനം പ്രജനനത്തിൽ പ്രകൃതിയുടെ നിതാന്തജാഗ്രതയായിരുന്നിട്ടുണ്ടു്. പരിണാമത്തിന്റെ നേരിയ ഒരിഴ പാകാൻ ഇത്തരമൊരു നിഗൂഢസൂത്രണം ആവശ്യമാണു്. സപ്രജനനശേഷിയുള്ള സസ്യജാലങ്ങളിൽപ്പോലും പരപരാഗണത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണു് പ്രജനനസംവിധാനം പ്രകൃതി ഒരുക്കിയിരിക്കുന്നതു്. ചിലയിനം ജന്തുക്കൾതന്നെ (ചിമ്പാൻസി, അരയന്നം എന്നിവ ഉദാഹരണങ്ങൾ) മാതൃപുത്രരതിബന്ധം വർജ്ജിക്കുന്നതായി തെളിഞ്ഞിട്ടുണ്ടു്. അപ്പോൾപ്പിന്നെ മനുഷ്യനിൽ ഇതു വിലക്കപ്പെട്ടതിലുള്ള ജൈവികപ്രാധാന്യം മനസ്സിലാക്കാവുന്നതേള്ളൂ.

ബ്രഹ്മചര്യത്വവും പുലർത്തുന്നവരും ബ്രഹ്മചാരികളായി ആജീവനാന്തം കഴിയുന്നവരും സമൂഹവുമായി ദൃഢബന്ധം പാലിക്കുന്നതിൽ വിമുഖരാണെന്നു് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ടു്. സഹജീവികളുമായി സൗഹാർദ്ദപൂർണ്ണമായ ബന്ധം നിലനിറുത്തുന്നതിൽ അവക്കുള്ള വൈമനസ്യം, കാലം ചെല്ലുന്തോറും വർദ്ധിച്ചുകൊണ്ടിരിക്കും ലൈംഗികാഭിനിവേശം അമർത്തിവയ്ക്കുന്നതു മൂലമാണു് അവരിൽ ഈ സാമൂഹികാകൽച്ച ഉളവാകുന്നതു്. ലൈംഗികത അമർത്തിവയ്ക്കുന്നതു് ആക്രമണോത്സുകത വളരാൻ കാരണമായിത്തീരുമെന്നു് എല്ലാ മനോവിശ്ലേഷകരും അഭിപ്രായപ്പെട്ടിട്ടുള്ള സംഗതിയാണു്. വിപ്ലവകാരികൾ പലരും അവിവാഹിതരായിരിക്കുന്നതും, അവിവാഹിതരായവർ എളുപ്പം വിപ്ലവകാരികളായി മാറുന്നതും നാം സാധാരണ കാണുന്ന കാഴ്ചയാണല്ലോ. വിപ്ലവകാരികളും മഹർഷിമാരും ഒരുപോലെയാണെന്ന ചൊല്ലിൽ അവരുടെ സഹജാവബോധത്തിലെ നിർല്ലീനമായ പാരുഷ്യം അനാവൃതമാകുന്നുണ്ടു്.

ലൈംഗികചിന്ത അമർത്തി വയ്ക്കുകയോ, ലൈംഗികതയോടുള്ള ഭാഗികമായ അകൽച്ച പാലിക്കുകയോ ചെയ്തിട്ടുള്ളവർ ഇടക്കാലത്തു് വിവാഹിതരാകാൻ നിർബന്ധരായിത്തീർന്നേക്കാം. അവരിൽ ആക്രമണോത്സുകതയും കുറ്റബോധവും സടകുടഞ്ഞുണരാനുള്ള സാദ്ധ്യതയുണ്ടു്. അത്തരമാളുകളുടെ ദാമ്പത്യബന്ധം അസ്വാസ്ഥ്യപൂരിതമായിത്തീരുന്നുണ്ടു്. രതിബന്ധത്തിലെ പീഡനാസക്തി (സാഡിസം) അവരിൽ കഴിച്ചുമാറാനാവാത്ത ഒരു വൈകൃതമായി വികസിക്കും. കൂടാതെ, ലൈംഗികതയിലെ കുറ്റബോധം ഉദ്ധാരണരാഹിത്യവും സംഭോഗബലഹീനതയും ക്ഷണിച്ചുവരുത്തുകയും ചെയ്യും.

മറ്റൊരു വ്യക്തിയുമായി ദൃഢബന്ധം സ്ഥാപിക്കാനുള്ള, ലൈംഗികതയിലെ ഘടകം ഇന്നു് ഏറ്റവുമധികം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതു് സ്ത്രീപുരുഷബന്ധത്തിനുള്ള ആസക്തിയിലാണു്. സ്ത്രീപുരുഷവിവാഹത്തോളം വളർച്ചപ്രാപിച്ചുകഴിഞ്ഞിരിക്കുന്ന സ്ത്രീപുരുഷവിവാഹങ്ങൾക്കു നിയമസാധുതവേണമെന്ന മുറവിളിയാണു് ഇന്നു ഭരണകൂടങ്ങൾക്കു നേരിടേണ്ടിവന്നിരിക്കുന്ന വലിയൊരു ഭീഷണി. ലൈംഗികതയിലെ പ്രജനനോദ്ദേശ്യത്തേക്കാൾ ശക്തമാണു് മനുഷ്യനിലെ ബന്ധം സ്ഥാപിക്കുവാനുള്ള വാഞ്ഛ എന്നാണു് ഇതു പ്രകടമായും സൂചിപ്പിക്കുന്നതു്. പ്രജനനത്തിനു പ്രസക്തിയില്ലാതെവരുമ്പോൾ ബന്ധം ആത്മനാശമായിട്ടായാലുമെന്തു്? ഇതാണു് സ്ത്രീപുരുഷഭോഗികളുടെ വാദഗതിയിൽ അടങ്ങിയിരിക്കുന്ന കാതലായ അംശം. ഒരു രതിവൈകൃതം എന്നധിക്ഷേപിച്ചാൽ തള്ളിക്കളയാൻ കഴിയുന്നതല്ലാ സ്വവർഗ്ഗാസക്തിയെന്നു് ഇതിൽനിന്നും സ്പഷ്ടമാണു്.

ലൈംഗികതയെ സംബന്ധിച്ച നമ്മുടെ അടിസ്ഥാനധാരണകൾ വസ്തുതകളെ അവയുടെ സാകല്യത്തിൽ ഉൾക്കൊള്ളുന്നില്ലായെന്നാണു മനസ്സിലാക്കേണ്ടതു്. ശരീരശാസ്ത്രജ്ഞന്മാരും മനഃശാസ്ത്രജ്ഞന്മാരും പറഞ്ഞുവച്ചിട്ടുള്ളതു് അന്തിമവിശകലനമല്ലെന്നും വരുന്നു മനുഷ്യന്റെ ജന്മവാസനയായ ആക്രമണോത്സുകതയുടെയും, ഒരു വ്യക്തിയുമായി സുദൃഢബന്ധം സ്ഥാപിച്ചുകൊണ്ടു് സമൂഹത്തോടു സമരസപ്പെട്ടു ജീവിക്കാനുള്ള പരിണാമസിദ്ധമായ ജൈവചോദന, ചൂണ്ടിയതു് ലൈംഗികതയുടെ ഒരു മൂന്നാം പ്രമാണരേഖകൂടിലുമാണു്: (ഒന്നും രണ്ടും സ്ഥാനങ്ങളിൽ ശാരീരികവും മാനസികവുമായ അടിസ്ഥാനങ്ങൾതന്നെ നിന്നുകൊള്ളട്ടെ.) ഇതിന്റെ പ്രാധാന്യം ഉത്തരോത്തരം വൃദ്ധിപ്രാപിച്ചുവരുകയുമാണു്. എല്ലാ ആക്രമണസംഭരങ്ങൾക്കും, യുദ്ധത്തിനും എതിരായി ഉടലെടുത്ത സാമൂഹ്യപ്രസ്ഥാനങ്ങൾ ഉദാത്തമായ ലൈംഗികസ്വാതന്ത്ര്യത്തിനുവേണ്ടിയും സ്വതന്ത്രയുത്തിനെയുണ്ടായതു് സവിശേഷമായ ശ്രദ്ധയർഹിക്കുന്ന വസ്തുതയാണു്. ആകസ്മികമല്ലാ, ഈ സാദൃശ്യം; മനുഷ്യർക്കിടയിൽ നല്ല ബന്ധം പുലരണമെന്നാഗ്രഹിക്കുന്നവർ ആരും യുദ്ധത്തെ തള്ളിപ്പറയും; അതേസമയം ലൈംഗികസ്വാതന്ത്ര്യത്തിനു കൂട്ടുനില്ക്കുകയും ചെയ്യും. വളരെയധികം അധിക്ഷേപിക്കപ്പെട്ടിട്ടുള്ള ഹിപ്പികൾ യുദ്ധത്തിനെതിരായി ശബ്ദമുയർത്തിക്കൊണ്ടാണു് ലൈംഗികാനുവദനീയതയുടെ ഒരു സദാചാരം വാരിത്തൂകാൻ ശ്രമിച്ചതും, അതിൽ കുറ്റംപറയാൻ വിജയിച്ചതും, അവരെ മാതൃകയാക്കണമെന്നല്ല; മനുഷ്യർക്കിടയിൽ സൗഹാർദ്ദപൂർണ്ണമായ ബന്ധം പുലരാൻ ലൈംഗികത ഒരുത്തമോപാധിയായി വർത്തിക്കുന്നുണ്ടെന്നുള്ള വസ്തുവിസ്മരിക്കരുതെന്നേ പറയാനുള്ളൂ.

—o—

മലയാളത്തിന്റെ തമിഴിന്റെ ചിലപ്പൊലി

വി. എസ്. ശർമ്മ

തമിഴിന്റെ പുത്രിയാണോ സഹോദരിയാണോ മലയാളം? ഈ പ്രശ്നത്തിന്മേൽ കുറേക്കാലം പണ്ഡിതന്മാർ തമ്മിൽ തർക്കിച്ചു. ഇപ്പോൾ ആ വാദം മലയാളം എം. എ. വിദ്യാർത്ഥികൾക്കുമാത്രമേ ഒരു പ്രശ്നമായി അവശേഷിക്കുന്നുള്ളൂ എന്നു തോന്നുന്നു. ഏതു പക്ഷം പിടിച്ചവരും പൂർവ്വകാല മലയാളസാഹിത്യത്തിന്റെ തമിഴ് സമ്പർക്കത്തെ അംഗീകരിക്കുകതന്നെ ചെയ്തു. അല്ലാതെ നിവൃത്തിയില്ല. ചില വർഷങ്ങൾക്കുമുൻപു് പ്രശസ്ത പണ്ഡിതനായ പ്രൊ: ടി പി. മീനാക്ഷി സുന്ദരം കേരള സർവ്വകലാശാലയിൽ ഉള്ളൂർ സ്മാരകപ്രഭാഷണം നടത്തിയപ്പോൾ അദ്ദേഹം സ്വീകരിച്ച വിഷയം തമിഴ്-മലയാളങ്ങളുടെ പരസ്പര സ്വാധീനം എന്നതായിരുന്നു. ആ സ്വാധീനം ഇപ്പോഴും തുടരുന്നു എന്നതിനു തെളിവാണു് ഒരു ആധുനികകവി—എസ്. രമേശൻനായർ തയ്യാറാക്കിയ ചിലപ്പതികാര വിവർത്തനം. സാമാന്യരീതിക്കു് അദ്ദേഹത്തിന്റെ പ്രായത്തിലുള്ള ഒരാൾ ഇങ്ങനെയൊരു പൗരാണികമഹാകാവ്യം ആധുനിക മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുമെന്നു് സങ്കല്പിക്കാൻ ആവില്ല. നെന്മാറ പി. നാരായണൻനായർ, ആർ. നാരായണപ്പണിക്കർ എന്നിവരുടെ വിവർത്തനങ്ങൾക്കു മുൻപു് വന്നിട്ടുള്ള സ്ഥിതിക്കു്, രമേശൻനായർ ചെയ്ത ഉദ്യമം അത്യന്തകരം തന്നെയാണു്. അത്യന്തകരം എന്നുമാത്രം പറഞ്ഞാൽപ്പോരാ, ശ്ലാഘനീയം എന്നുകൂടി വിശേഷിപ്പിക്കണം.

ചിലമ്പിനെ ആധാരമാക്കിയുള്ള കഥയാകയാലാണു് ചിലപ്പതികാരം എന്നപേരുവന്നതു്. ചോളം പാണ്ഡ്യം, ചേരം എന്നീ മൂന്നു രാജ്യങ്ങളെ സമന്വയിപ്പിക്കുകയാണു് കാവ്യോദ്ദേശ്യം. വൈശ്യകുലജാതമായ കോവലന്റെയും കർണ്ണകിയുടേയും ദുരന്തകഥയാണു് ഈ മഹാകാവ്യത്തിൽ അവതരിപ്പിക്കുന്നതു്. പുകാർ കാണ്ഡം, മധുരക്കാണ്ഡം, വഞ്ചിക്കാണ്ഡം എന്നീ മൂന്നു് ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. ചേരൻ ചെങ്കുട്ടുവൻ പാതിവ്രത്യമൗലിയായ പത്നിനി (കണ്ണകി)ക്കു് ഒരു ക്ഷേത്രം നിർമ്മിക്കുന്നതോടെ കഥ അവസാനിക്കുന്നു.

ക്രിസ്താബ്ദം 5-ാം ശതമായിരിക്കും ചിലപ്പതികാരത്തിന്റെ കാലം. ചേരൻ ചെങ്കുട്ടുവന്റെ സഹോദരനായ ഇളംകോവടികളാണു് ചിലപ്പതികാരം രചിച്ചതു്. ചിലപ്പതികാരം, മണിമേഖല, ജീവകചിന്താമണി, കുണ്ഡലകേശി, വളയാപതി എന്നീ തമിഴ്-പഞ്ചമഹാകാവ്യങ്ങൾ യഥാക്രമം ചിലമ്പു്, മേഖല, മണി, കുണ്ഡലം, വള എന്നീ ആഭരണങ്ങളുമായി ബന്ധിപ്പിച്ചു് പറയപ്പെടുന്നു. ചിലപ്പതികാരത്തിന്റെ തുടർക്കഥയാണു് മണിമേഖല ചിലപ്പതികാരകർത്താവു് ജൈനപക്ഷപാതിയാണെന്നു് അഭിപ്രായമുണ്ടെങ്കിലും കൂടുതൽ മതസഹിഷ്ണുതയുള്ള കവിയായിരുന്നു.

സംഘകാലസാഹിത്യം മുതൽ തമിഴ് സാഹിത്യത്തിനുണ്ടായ വളർച്ചയുടെ പൂർണ്ണദർശനം ചിലപ്പതികാരത്തിൽനിന്നു ലഭിക്കുന്നു. വളരെ കെട്ടുറപ്പു, ആശയസംക്ഷേപണശേഷിയുമുള്ള പഴന്തമിഴിൽ രചിക്കപ്പെട്ട കൃതി ദ്രാവിഡ വൃത്തത്തിലേക്കും ലളിതമലയാളത്തിലേക്കും പരിവർത്തനംചെയ്ത അയത്നസാധ്യമോ അവിദഗ്ധസാധ്യമോ ആയ ഒരു കാര്യമല്ല. മൂലകൃതിയുടെ സൗന്ദര്യം നഷ്ടപ്പെടാതെയും ഭാഷാചാരുതയോടുന്ന കവിതയായിത്തന്നെ ആകൃത്യം നിർവ്വഹിക്കാൻ രമേശൻനായക്ക് സാധിച്ചിട്ടുണ്ടെന്നു തെളിയിക്കാൻ എടുത്തെങ്കിലും ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ പ്രയാസമില്ല. മധുരക്കാണ്ഡത്തിലെ 'കോപക്കളംഗഥ'യിലെ ഒരു ഭാഗംമാത്രം ഉദാഹരിക്കുന്നു. മഹാകവി കുഞ്ചൻനമ്പിയാരുടെ തുള്ളൽവൃത്ത പ്രയോഗത്തിന്റെ അനായാസ സൗന്ദര്യവും ഭാവാവിഷ്കരണനൈപുണ്യവും പ്രകടമായുള്ള ഒരു ഭാഗമാണിതു്—

മന്ദപ്രജ്ഞൻ ഭടനൊരുവൻ
മദ്യപനക്ഷരശൂന്യനവൻ
വെള്ളവളയിന്നും തന്നുടെവാൾ
വീശിക്കോവലകണ്ഠത്തിൽ
കണ്ഠംവേർപെട്ടാമണ്ണിൽ–
പ്പൂണ്ടുകിടന്നപിടയുമ്പോൾ
കൂടുകൂടയൊഴുകിയ ചെഞ്ചോര
കരിമണലിന്റെ നിറംമാറി
കദനംതാങ്ങാൻകഴിയാതെ
കരയുകയായിഭൂദേവി
നരപതിയുടെ നൃപനീതിക്കു
വിരവിൽകോട്ടംതട്ടിച്ചും

ടെ വ്യാഖ്യാനത്തോടുകൂടി കേരളസാഹിത്യക്കാദമി 1975-ൽ ചിലപ്പതികാരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇവിടെ, പരിഭാഷയിൽ പൂർണ്ണമായ വ്യാഖ്യാനം ആവശ്യമില്ല. വേണ്ടതെല്ലാം വെളിപ്പെടുത്തുന്ന ഒരു ടിപ്പണി മതിയാകും. പുകാർകാണ്ഡത്തിൽ നാട്യാചാര്യന്റെ യോഗ്യതാവിവരിക്കുന്ന ഖണ്ഡത്തിലുള്ള നാട്യാചാര്യയോഗ്യതാവിവരണത്തിനു് വിപുലമായ അടിക്കുറിപ്പു ചേർത്തിരിക്കുന്നതു് ശ്രദ്ധേയമാണു്. (പേജു് 29-31) ചിലഭാഗത്തു് സൂചിതകഥകൾ (പേജു് 59) മറുചിലയിടങ്ങളിൽ ചരിത്രവസ്തുതകൾ വേറെ ചിലഭാഗങ്ങളിൽ പ്രകൃതമായ മറുസംഗതികൾ തുടങ്ങിയതെല്ലാം അടിക്കുറിപ്പായി ചേർത്തിരിക്കുന്നു. ഒരു ഉദാഹരണംകൂടി മധുരക്കാണ്ഡത്തിൽ വേടസ്ത്രീപ്രതിപാദനവേളയിൽ ശാലിനിയുടെ ഗൃഹം കണ്ണകിയിലുളവാക്കിയ ഭാവാന്തരം സൂചിപ്പിക്കുന്നിടത്തു്—

"കഥയിതുകേട്ടതളർന്നലജ്ജിച്ചു
ജന്മാന്തരമാം ദുരിതത്തിൻ
കർമ്മഫലങ്ങളെവിളയിച്ചും
മണ്ണിലുരുണ്ടുപിടഞ്ഞയ്യാ
മരണമടഞ്ഞാൻ കോവലനും."
(പേജു് 215)

കൂടുതൽ ഉദ്ധരിക്കുന്നില്ല ഏതൊരുഭാഗം പരിശോധിച്ചാലും അനായാസമായ രചനാചാതുര്യത്തിന്റെ പ്രകാശം കാണാം. മൂലകൃതിയുമായി പലഭാഗങ്ങളും താരതമ്യംചെയ്തു നോക്കിയപ്പോഴും ഇതര പരിവർത്തനങ്ങളുമായി താരതമ്യംചെയ്തു നോക്കിയപ്പോഴും രമേശൻനായരുടെ പരിഭാഷയിൽ ന്യൂനതയൊന്നിയില്ല.

ഈ വിവർത്തനത്തിനു് മറ്റൊരു സവിശേഷതകൂടിയുണ്ടു്. ആവശ്യമായ ഒരു ടിപ്പണികൂടി ചേർത്തിരിക്കുന്നു എന്നതാണതു്. നെന്മാറ പി. വിശ്വനാഥൻനായരുടെ

പുതിയപുഞ്ചിരിചൂടി"

എന്നതിലെ പുതിയപുഞ്ചിരിക്കു് ഇങ്ങനെയാണു് നിർവചനം നൽകുന്നതു്—"ചിരിക്കാനുള്ള അവസരം കഴിഞ്ഞനാളുകളിലൊന്നും കണ്ണകിക്കു കൈവന്നിരുന്നില്ല ഇനിയുള്ള നാളുകളിലെല്ലാം അതുതന്നെയാണവസ്ഥ. അതുകൊണ്ടാണു് പുതിയപുഞ്ചിരി എന്നു പറഞ്ഞതു്." ഇതുപോലെ കാവ്യാന്തർഗതങ്ങളായ എല്ലാ സന്ദർഭങ്ങളിലും ആവശ്യമായ വിശദീകരണക്കുറിപ്പുകൾ നൽകുന്നതുണ്ടെന്നുപറയാം നല്ല കവിതാസിദ്ധിയും തമിഴ്പരിച

ചിലപ്പതികാരം—ഇളങ്കോവടികൾ. വിവർത്തനം—എസ്. രമേശൻനായർ
എസ്. പി. സി. എസ്. കോട്ടയം. പേജു് 363—വില ക. 15-00

യവും ഉള്ള ഒരു കവിക്കുമാത്രമേ ചിലപ്പതികാരംപോലുള്ള ഒരു മഹാകാവ്യം ഇത്ര ഭംഗിയായി ഭാഷാന്തരപ്പെടുത്താനാകൂ. "ആർജ്ജവവും പ്രസാദഗുണമുള്ള ഭാഷയിൽ. ഒരു സ്വതന്ത്രകൃതിയുടെ സൗഭാഗ്യത്തോടെ ഇളങ്കോവടികളുടെ മഹാകാവ്യം പദ്യശ്രുതിയിലാക്കി മലയാളികളായ സഹൃദയന്മാരെ രസിപ്പിക്കുവാൻ വിവർത്തകൻ ചെയ്ത ശ്രമം അഭിനന്ദനീയമായിട്ടുണ്ടെന്നു" അവതാരകനായ ഡോ: കെ. എൻ. എഴുത്തച്ഛൻ പ്രശംസിച്ചതിനോട് ഞാനും പൂർണ്ണമായി യോജിക്കുന്നു. മലയാളത്തിലെ മഹാകാവ്യവിവർത്തനങ്ങളിൽ ഈ ചില്പ്പതികാരത്തിനു നിശ്ചയമായും സഹൃദയപ്രീതിനേടാൻ കഴിയും.

^

'വിശ്വജേതാവ്' എന്ന വിശേഷിപ്പിക്കപ്പെട്ട രണ്ടു വ്യക്തികളുടെ — ജംഗിസ്ഖാന്റെയും തിമൂറിന്റെയും ജീവിതകഥകളാണു എം. ആർ. ചന്ദ്രശേഖരൻ അവതരിപ്പിക്കുന്നതു്. "തിമൂറിനെ പറ്റിച്ചു വിലയിരുത്തുക എളുപ്പമല്ല, ചരിത്രകാരന്റെ സൂക്ഷ്മദൃഷ്ടിയല്ല, കവികളുടെ സങ്കല്പസമ്പത്താണു് തിമൂറിന്റേമേൽ അധികം പതിഞ്ഞിട്ടുള്ളതു്" എന്നു് ഗ്രന്ഥകാരൻതന്നെ സ്വയം സമ്മതിക്കുന്നുണ്ടു്. "മംഗോൾ ഭൂമികളും ഇന്ത്യയും സൂര്യഭൂമിയും ഖാരേസംസാമ്രാജ്യവും പേർഷ്യയും മീഡിയയും തബ്രീസും 'സുൽത്താൻ നഗര'വും സിൽക്ക്ഭൂമിയും കപാടഭൂമികളും ആർമീനിയയും എർസേറവും കർദ്ദിസ്ഥാനും ഡമാസ്കസ്സും ആലെപ്പോവും ബാബിലോണും ബാഗ്ദാദും ബയാസിദ് തുർക്കികളുടെ സാമ്രാജ്യവും തിമൂറിന്റെ അധീനത്തിലായിരുന്നു. "... തിമൂർ ഏഷ്യയിലെ വൻപരാക്രമികളിൽ അവസാനത്തെ വ്യക്തിയാണു്" പതിന്നാലാം നൂറാണ്ടിൽ ജീവിച്ചിരുന്ന ആ വ്യക്തിയുടെ വിജയപരാക്രമങ്ങളുടെ കഥയാണു് തിമൂർ എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളതു്. തിമൂറിനുശേഷം ആരും ലോകം വെന്നിട്ടില്ലെന്നും അലക്സാണ്ടർ, ജെംഗിസ്ഖാൻ, തിമൂർ എന്നീ മൂന്നേ മാത്രമാണു് വിശ്വജേതാക്കളായി ഏഷ്യയിലെ ഗ്രാമീണഗാനങ്ങളിൽ പറയുന്നവെന്നും ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു. ശക്തനും സമർത്ഥനും എന്നാൽ ക്രൂരനും സാധാരണക്കാരനുമായിരുന്ന തിമൂറിന്റെ ഈ ജീവിതകഥ വായനക്കാർക്കു് രസകരമായി വായിച്ചുപോകത്തക്കവിധം സരളമായ ശൈലിയിൽ രചിച്ചിരിക്കുന്നു.

ഗ്രന്ഥകാരന്റെ 'ജെംഗിസ്ഖാൻ' എന്ന ഗ്രന്ഥവും 'തിമൂറി'നെപ്പോലെ മാതൃഭൂമിയിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടതാണു്. തിമൂർ എന്ന വാക്കിനു് ഇരുമ്പ് എന്നാണർത്ഥം. ജെംഗിസ്ഖാൻ എന്നതിനു് 'തണുപ്പിച്ചതിൽവച്ചു് മഹാൻ, ഏറ്റവുമടുത്ത ചക്രവർത്തി' എന്നു മാണത്രെ. 'ഏഷ്യയിലെ ഗോബി മരുഭൂമിയിൽനിന്നു കടന്നുവന്ന ഒരു ഊരുചുറ്റി വർഗ്ഗത്തിന്റെ തലവനായിരുന്ന ഒരുമുജിൻ ആണു് പിന്നീടു് അതിശക്തനായ ജെംഗിസ്ഖാനായി പരിണമിച്ചതു്. ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ജെംഗിസ്ഖാനോടു് കടുത്ത വിരോധമായിരുന്നു. നസ്രാണികളുടെയും മംഗോളിയരുടെയും ആക്രമണത്തിൽപ്പെട്ടു് മുഹമ്മദിയർ ഇരുത്തോളം ദണ്ഡനം അനുഭവിച്ചിട്ടില്ലായിരിക്കും" എന്നു് ഒരു മുസ്ലീം ചരിത്രകാരൻ രേഖപ്പെടുത്തത്തക്കവിധത്തിൽ ജെംഗിസ്ഖാന്റെ ഭീകരപ്രവർത്തനങ്ങൾ ഈശ്വരന്റെ സംഹാരപ്രവർത്തനങ്ങൾതന്നെയായി കണക്കാക്കപ്പെട്ടു. ഭീഷണമായ പരാക്രമങ്ങളും വിജയങ്ങളും നേടി തന്റെ പിൻഗാമികൾക്കു് വൻപിച്ച സാമ്രാജ്യവിഭവങ്ങളും ആർജ്ജിച്ചുവച്ചിട്ടു് 1227-ൽ ജെംഗിസ്ഖാൻ അന്തരിച്ചു.

ആസുരമായ ദിഗ്വിജയങ്ങൾ നേടിയ രണ്ടു ചരിത്രപുരുഷന്മാരുടെ ജീവിതകഥകൾ എം. ആർ. ചന്ദ്രശേഖരൻ അനവദ്യമായ രീതിയിൽ പറഞ്ഞിരിക്കുന്നു. മലയാളത്തിലെ ജീവചരിത്രസാഹിത്യശേഖരത്തിനു് ഈ രണ്ടു് പുസ്തകവും രചനാപരമായ മൂൽക്കൂട്ടുകളാണെന്നു പറയാം. ജീവചരിത്രവിഷയമായ കഥാപാത്രങ്ങൾ അന്നു് അത്ര വലിയ പ്രചോദനപ്രഭവങ്ങളായിരിക്കുമെന്നു് സങ്കല്പിച്ചുകൂടാ. ഏതായാലും കഥാപാത്രയണാസുകൃത്തോടെ വായിച്ചു മാറിവയ്ക്കാം ഈ രണ്ടു പുസ്തകവും, ചരിത്രവിഷയമാണു്, കഥയാണു്, യഥാർത്ഥ്യങ്ങളായിരിക്കാം. എന്നാൽ മഹത്വത്തിന്റെ സ്വരൂപങ്ങളായ ശ്രേഷ്ഠവ്യക്തികളുടെ അതിഹൃദ്യമായ ജീവചരിത്രങ്ങളാണിവയെന്നു് പറയാൻ വയ്യ താനും.

പി. വി. രാഘവമാരാരുടെ ആത്മകഥ സുഗമമായി വായിക്കാവുന്ന ഒരു നല്ല പുസ്തകമാണു്. ഗ്രന്ഥകാരനോടു് എല്ലാ ആദരവോടും കൂടിപ്പറയട്ടെ, ഞാൻ "പി. വി. രാഘവമാരാർ" എന്ന വിപ്ലവകാരിയെപ്പറ്റിയോ രാഷ്ട്രീയപ്രവർത്തകനെപ്പറ്റിയോ ഇതുവരെ യാതൊന്നും ധരിച്ചിട്ടില്ല. അതെന്റെ ന്യൂനതയാവാം, അജ്ഞതകൊണ്ടു്, ഈ ഗ്രന്ഥത്തിൽ പരാമൃഷ്ടമായ വിഷയത്തെ വസ്തുനിഷ്ഠമായി ഗ്രഹിക്കാനല്ലാതെ താദാത്മ്യം ചെയ്യാൻ സാദ്ധ്യമല്ല. "സംഭവബഹുലമായ ഒരു ജീവിതത്തിന്റെ ഉടമയാണു് രാഘവമാരാർ. ആ സംഭവകഥകളുടെ ഒരു ചെറിയ ഭാഗം മാത്രമാണു് ഈ കൊച്ചുപുസ്തകത്തിൽ അടങ്ങിയിട്ടുള്ളതു്" എന്നു് മുഖവുരയിൽ ഇ. എം. എസ്. നമ്പൂതിരിപ്പാടു് രേഖപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വളർച്ചയിൽ അദ്ദേഹം വഹിച്ച പങ്കു് എടുത്തു പറയത്തക്കതാണെന്നും ആ വശംഭതിൽ വേണ്ടത്ര മിഴിവോടെ വന്നിട്ടില്ല എന്നും ശ്രീ. ഇ. എം. എസ്. ചൂണ്ടിക്കാണിക്കുന്നു.

ഗ്രന്ഥരചനയിൽ തനിക്കുണ്ടായ ഒരു പരിമിതി ശ്രീ മാരാർ തന്നെ പറഞ്ഞിട്ടുണ്ടു്. വിലപ്പെട്ട ഡയറിക്കുറിപ്പുകൾ, തന്നെ അറസ്റ്റുചെയ്ത പോലീസുകാർ കൊണ്ടുപോയിട്ടു് തിരികെക്കിട്ടിയിട്ടില്ല എന്ന കാര്യം. അതു് തികച്ചും സഹതാപാർഹമാണു്.

പഴയ മലബാറിൽപ്പെട്ട വടക്കൻകോട്ടയത്തെ മുഴക്കുന്നിൽ ജനിച്ച ശ്രീ. മാരാർ താമ്രപത്രവും രാഷ്ട്രീയ പെൻഷനും നേടി വാർദ്ധക്യദശ കഴിച്ചുകൂട്ടുകയാണു് ഇപ്പോൾ. തികച്ചും ക്ലേശപൂർണ്ണമായ ഒരു ജീവിതമാണു്, അദ്ദേഹം നയിച്ചതെന്നു് ഗ്രന്ഥം വ്യക്തമാക്കുന്നു. തെളിഞ്ഞ ആത്മാർത്ഥതയും അനാർഭാടമായ രചനാരീതിയും ഈ ആത്മകഥയുടെ സവിശേഷതകളാണു്, ശ്രീ. ഇ എം.എസ്. പറയുന്നതുപോലെ "കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ അദ്ദേഹം വഹിച്ചപങ്കു്— ഇതിൽ വേണ്ടതുമില്ലതുമോടെ, വന്നിട്ടില്ല"എന്നതു് ഈ ലഘുഗ്രന്ഥത്തിനു് ഒരു വലിയ ദോഷമായി എനിക്കുതോന്നിയില്ല ഗ്രന്ഥകാരനു സത്യം പറയാനുള്ളതെല്ലാം അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ അനുഭവങ്ങൾ ഉള്ള മഹത്വം വിവരിക്കേണ്ടതാണു്. ശ്രീ. ഇ. എം. എസ്. അദ്ദേഹത്തിന്റെ മുഖവുരയിൽ ഒരു ഖണ്ഡികയെങ്കിലും അതിനുവേണ്ടി എഴുതാതെ ഗ്രന്ഥകാരനെ കുറ്റപ്പെടുത്തിയതു് ശരിയായില്ല എന്നു് പറയേണ്ടിയിരിക്കുന്നു. ഗ്രന്ഥകാരൻതന്നെ ഉപോദ്ഘാതത്തിൽ പറയുന്നു— "ഈ ഓർമ്മക്കുറിപ്പുകൾ എഴുതുമ്പോൾ രാഷ്ട്രീയചിന്തകളേയും അടിയെയാഴക്കങ്ങളേയും സംബന്ധിച്ച വിവരണം നല്കാനും ഞാൻ ശ്രമിച്ചിട്ടില്ല." നിഷ്പക്ഷമതികൾക്കു് ഈ ആത്മകഥ അരോചകത്വമുളവാക്കാത്ത സാഹിത്യസൃഷ്ടിയായിത്തന്നെ തോന്നും

മലയാളത്തിലെ ജീവചരിത്രശാഖയ്ക്കും ആത്മകഥാശാഖയ്ക്കും ലഭിച്ച മഹത്തായ നേട്ടമെന്നു് ഈ കൃതികളെ വിശേഷിപ്പിക്കുന്നില്ല. എത്രയോ പുസ്തകങ്ങൾ ഉണ്ടാവുന്നു. അക്കൂട്ടത്തിൽ വായിക്കാവുന്ന മൂന്നെണ്ണം കൂടി.

—o—

കൈപ്പറ്റി

(1) മനപ്രന്തം (നാടകം) എൻ.എൻ. പിള്ള വില ക 3-00 (2) അവനവൻ കടമ്പ (നോവൽ) കാവാലം വില ക 4-00 (3) തേവരുടെ ആന (നോവൽ) ഓംചേരി വില ക 3-75 (4) സപ്പുമി (ഏകാങ്കങ്ങൾ) ജി. ശങ്കരപ്പിള്ള വില ക 4-00 (5) ജോസിന്റെ ഏകാങ്കങ്ങൾ സി എൽ. ജോസ് വില ക 4-00 (6) മനുഷ്യമരങ്ങൾ (കവിതകൾ) എ. രാമകാന്തൻ വില ക 3-00

ഇവ സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിച്ചവ.

തിമൂർ — പേജ് 208, വില ക. 8-00
ജെംഗിസ്ഖാൻ —
പേജ് 178. വില ക. 7-50
—എം. ആർ. ചന്ദ്രശേഖരൻ
ആത്മകഥ — പി. വി. രാഘവമാരാർ
പേജ് 105. വില ക. 4-00
പൂർണാ പബ്ലിക്കേഷൻസ്,
കോഴിക്കോട്.

കഥ

സൗദാമിനി ശിവദാനി കുട്ടപ്പ

അജയ് ലോഹിത്

അതെ, പതിനാറ് വയസ്സായി. മുന്നു വർഷം മുമ്പാണെന്ന തോന്നൽ, തിരണ്ടതു്. പക്ഷേ, പതിനാറു വയസ്സായിന്നു പറഞ്ഞാൽ മതിയോ. അതിനുമുക്ക പാകത വേണ്ടേ? ഇക്കാലത്തു് പന്ത്രണ്ടുകാരിക്ക പോലും അറിയാം ലോകകാര്യങ്ങൾ.

പറഞ്ഞിട്ടെന്തു്?

അതാ സൗദാമിനി.

അവിടെ, ആ ഏത്തവാഴത്തോപ്പിൽ പോയി തനിച്ചിരിക്കുന്നു. ഒരുമാതിരി ഏകാന്തവാസമാണെന്നു തോന്നുപക്ഷേ, അങ്ങനെയൊന്നുമല്ല.

ആ വാഴത്തോപ്പു് ഒരു കളർമ്മത നെയാണു്.

തൊട്ടതൊഴയാണെങ്കിൽ, വിരിഞ്ഞു പടർന്നുകിടക്കുന്ന വയങ്ക. അവിടെനിന്നും പനിനീരുതളിച്ച കാറ്റു് നിർബാധം വീശിക്കൊണ്ടേയിരിക്കും. ഏത്തവാഴകൾ ക്കാണെങ്കിൽ ഒക്കെയും കുമ്പപൊട്ടിയിരിക്കുന്നു അനങ്ങാതെ, ഒച്ചയുണ്ടാക്കാതെ ഇരുന്നാൽ കാണാം, അതിഥികളെ. ഭംഗിയുള്ള വാവലുകൾ, തേൻ കുടിക്കാൻ വരികയാണു്. വാഴക്കുമ്പിൽ പൊത്തിപ്പിടിച്ചുകിടന്നു് തേൻകുടിക്കുക രസകരമാണു്. സൗദാമിനി ഇതെയിടയായി ആഗ്രഹിക്കുന്നതു് ഒരു വാവലാകാനാണു്. എങ്കിൽ പ്പിന്നെ സന്ധ്യക്ക തിരികെപ്പോരണ്ടല്ലോ. നാലുനേരം പ്രാർത്ഥിക്കണ്ടാ, ഉള്ളിത്തീയലും കൂട്ടി ചോറുണ്ണണ്ടാ ഒന്നും വേണ്ട. ഇങ്ങനെ വൊത്തിപ്പിടിച്ചുകിടന്നു് തേൻകുടിച്ചാൽ മതി.

സ്കൂളിൽ സൗദാമിനിക്കു് ഒരേയൊരു കൂട്ടുകാരിയുണ്ടു്. അമ്മിണി. വളരെ തടിച്ച ഒരു രൂപമാണതു്. എങ്കിലും കാര്യവിവരമുണ്ടു്. അവൾ പത്രം വായിക്കാറുണ്ടു്. വിശേഷിച്ചും മാറിവരുന്ന സിനിമകളെപ്പറ്റി. അവളുടെ കൈവശം പ്രേംനസീറിന്റെതന്ന മുന്നൂറ്റമ്പതോളം ചിത്രങ്ങളുണ്ടു്. ഒക്ക, സിനിമാവാരികകളിൽനിന്നും കത്രിച്ചെടുക്കുന്നതാണു്. കൂടാതെ, ഈ കഴിഞ്ഞആഴ്ചയിൽ അവൾ ഒരു പെൺതാമത്തിന്റെ കളർഫോട്ടോ ആവശ്യപ്പെട്ടകൊണ്ടു് ദീർഘമായ ഒരു കത്തയച്ചിട്ടുമുണ്ടു്.

വാഴത്തോട്ടത്തിലേക്കു് അവൾ പതിവായി വരാറുണ്ടു്. അവിടെയിരുന്നുകൊണ്ടു്, അവൾ സൗദാമിനിയോടു് പലവിധമായ കാര്യങ്ങൾ പറയും.

"നിനക്കറിയ്യോ മിനി, ഈ ചിറാപ്പുഞ്ചി?"

"ചിറാപ്പുഞ്ചി? എന്തുതു്?"

സൗദാമിനി വാവലുകളിൽ കണ്ണുനട്ടിരിപ്പുതന്നെ.

"അവിടെ കൂടുതൽ മഴ. ആസ്സാമിലാത്രെ."

"അതിനു നിനക്കെന്താ?"

സൗദാമിനി ചോദിച്ചു.

അതോടെ, അമ്മിണി അതവസാനിപ്പിച്ചു.

"നിനക്കു വാവലാകണ്ടോ അമ്മിണീ?" സൗദാമിനി ചോദിച്ചു.

"അയ്യേയ് എന്നു വുത്തികെട്ട ജന്തു."

ഇങ്ങനെ കുറേ നാളുകൾ കടന്നുപോയ്ക്കഴിഞ്ഞപ്പോഴാണു്, സ്ഫോടജനകമായ ആ വാർത്തയുമായി അമ്മിണി ഒരുദിവസം, വാഴത്തോപ്പിലേക്കു് ഓടിയെത്തിയതു്. സൗദാമിനിയുടെ കാതിൽ അവളാ രഹസ്യം പറഞ്ഞു. സ്തംഭിച്ച മിഴികളോടെ സൗദാമിനി ഇരുന്നുപോയി. ക്രമേണ അവളുടെ മിഴികൾ നിറഞ്ഞു.

—അതു് ഇന്ത്യാ-പാക് യുദ്ധം നടക്കുന്ന കാലമായിരുന്നു. ദിവസംപ്രതി വെടിവെയ്പ്പിന്റെയും തീവെയ്പ്പിന്റെയും ബോംബിങ്ങിന്റേയും ബലാത്സംഗത്തിന്റെയും വാർത്തകൾ പത്രങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരുന്നു. അതൊക്കെ അമ്മിണി കൂട്ടുകാരിക്കു പകർന്നുകൊടുത്തു.

"കുറുമ്മാരാ ഈ പട്ടാളക്കാരു്"

അമ്മിണി പറഞ്ഞു

"ചെകത്താന്മാര്!"

മിനി പറഞ്ഞു. പറയുമ്പോൾ അവൾ പല്ലുകടിച്ചിരുന്നു. അവളുടെ കണ്ണുകളിൽ, കനത്ത ബൂട്ടുകൾ ചവിട്ടിമെതിച്ചു കടന്നുപോയി. ചോരയൊലിപ്പിച്ചുകൊണ്ടു് അതിർത്തിക്കപ്പുറത്തു് സ്ത്രീകളുടെ ഭഗ്നഗാത്രങ്ങൾ കുന്നുകൂടിക്കിടന്നു.

"അമ്മേം പെങ്ങളേം തിരിച്ചറിയാത്തോരു്!"

അമ്മിണി പറഞ്ഞു.

അങ്ങനെ കുറേ നാളുകൾക്കുശേഷം യുദ്ധം അവസാനിച്ചു. അങ്ങിനെയൊരു ദിവസമാണു് അമ്മിണി ഓടിവന്നു് ആ വാർത്ത പറഞ്ഞതു്. സൗദാമിനിയെ ഒരു പട്ടാളക്കാരൻ വിവാഹം കഴിക്കാൻ പോകുന്നു! തുന്ന ശരീരത്തോടെയാണു്, അന്നു് അവൾ വീടെത്തിയതു്. വന്നപാടെ കട്ടിലിൽകയറിക്കിടന്നു. മുറിയിൽ ഇരുട്ടുനിറയുന്നതു് അവൾ നേരിൽക്കണ്ടു. ഇരുട്ടിൽ തീയുണ്ടകൾ ചിറകിപ്പായുന്നു. ഇരുട്ടിൽ, ചോരപ്പുഴകൾ കുറുകുന്നു. അവൾ കരഞ്ഞുപറഞ്ഞു.

"വേണ്ടാ. എനിക്കീകല്യാണം വേണ്ടാ"

"എന്തെടീ കാരണം?"

കാരണം അവൾ പറഞ്ഞില്ല. കല്യാണം വേണ്ടാ എന്നമാത്രം ആവർത്തിച്ചു പറഞ്ഞു. ഫലിച്ചില്ല, രാമദാസൻ എന്ന ചെറുപ്പക്കാരൻ അവളെ വേളികഴിച്ചു്, നാട്ടിലേക്കു പുറപ്പെട്ടു. തിരുവണ്ടിയിൽ, കമ്പാർട്ടുമെന്റിൽ അവർ മാത്രമായിരുന്നില്ല. കുറേരണ്ടു മദ്ധ്യവയസ്കരുണ്ടായിരുന്നു. യുദ്ധമായിരുന്നു എല്ലാവരുടേയും വിഷയം.

"കാര്യം" അമേരിക്കേടെ സഹായം

അവർ വല്ലാതെ പിടഞ്ഞു.

മക്കളെല്ലാം കഴിച്ചുപ്പോൾ അവൾക്കെത്ര ശരീരസുഖം തോന്നിയതാണ്, ഇപ്പോഴെഴുന്നേ"?

അവളും പരിഭ്രമിച്ചു.

ഒരേ നിറത്തിൽ രണ്ടു കപ്പുകൾ.

അവൾക്കു മാറിപ്പോയി.

അവളുടെ പിഞ്ചിൽ കണ്ടു അവളുടെ അച്ഛനും പരിഭ്രമമായി.

"അച്ഛാ!" വർഷങ്ങൾക്കുള്ളിൽ ആ വിളി അദ്ദേഹം ആദ്യമായി കേൾക്കുകയാണു.

"മോളേ!" സംയമനിയായെത പരിഭ്രാന്തനായി അദ്ദേഹം പ്രതിവചിച്ചു. പിന്നെ ഏറെ നിമിഷം നിശ്ശബ്ദത നിറഞ്ഞ അന്തരീക്ഷമായിമാറി.

എവിടെയോ എന്തോ തകരാറിലാണു. അച്ഛനതന്നെ അല്പം കൂടുതൽ മനസ്സിലായി.

"മോളേ!" അദ്ദേഹം വീണ്ടും വിളിച്ചു. അവൾ പിന്നെയും പിടയുകയാണു.

എതിരുണ്ടു ബോധം നശിക്കുന്ന ശബ്ദത്തിൽ അവൾ വീണ്ടും വിളിച്ചു:

"അച്ഛാ!"

അദ്ദേഹം വേവുപുണ്ട പെൺകുട്ടിയെപ്പോലായി.

"ങ്ങേ! ങ്ങേ!" അവൾ ഞരങ്ങുകയാണു.

അച്ഛനു പരിഭ്രമമായി.

"എന്തു പറ്റി മോളേ!" അദ്ദേഹം ചിറകൊടിഞ്ഞ പക്ഷി കരയുന്ന സ്വരത്തിൽ ചോദിച്ചു.

അവൾ കട്ടിലിനരുകിലെ ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞടിച്ചു.

അദ്ദേഹം നോക്കിക്കൊണ്ടുനിന്നു.

"അച്ഛാ!"

അവശ വീണ്ടും വിളിച്ചു.

അദ്ദേഹം അവളുടെ ശയ്യയ്ക്കരുകിൽ ഇരുന്നു.

നിശ്ശബ്ദത.

"അച്ഛാ! ഞാൻ! ഞാൻ!"

മറെറന്തെങ്കിലും പറയും മുൻപു അവൾ ബോധശൂന്യയായി.

വീണ്ടും നിശ്ശബ്ദത.

അന്നും ഒരിക്കലും

കെ. ബാലകൃഷ്ണൻ

ഞെരിഞ്ഞു പിടയുന്നതിനിടയിൽ അവൾ പറഞ്ഞു:

"അവൻ എന്നെ ചതിച്ചു"

അദ്ദേഹത്തിനു കാര്യം മനസ്സിലായില്ല.

അവൾ പിന്നെയും പറഞ്ഞു:

"അവൻ എന്നെ ചതിച്ചു"

അദ്ദേഹത്തിനു എന്തു പറയണമെന്നറിയാതെയായി.

അവൾ തലയണ കെട്ടിപ്പിടിച്ചു ലോകം എങ്ങോ പോയടിയുന്നപോലുണ്ടു അവളുടെ കമിഴ്ന്നടിച്ച കിടപ്പു കണ്ടാൽ.

"എന്തു പറ്റി?" അദ്ദേഹം വീണ്ടും ചോദിച്ചു.

"ഞാൻ മതി കഥ വായിച്ചു" അവൾ അതുപോലെ പറഞ്ഞുള്ളൂ.

ബോധശൂന്യയായ അവളെ അദ്ദേഹം പലതവണ തട്ടി ഉണർത്താൻ ശ്രമിച്ചു.

അവൾ ഉണർന്നില്ല.

അന്നും ഒരിക്കലും.

—ാ—

ണ്ണന്നേ."

മെ കഷണ്ണി പറഞ്ഞു.

"ആർക്ക"?"

"പാകിസ്ഥാനേ ഞങ്ങളെ മാനിയ്ക്കേണ്ടിക്കേണേ?"

'എല്ലാകളി മാഷേ' മറെറാരാൾ മന്ദഹാസത്തോടെ പറഞ്ഞു. 'കളിയൊക്കെ തീർന്നിട്ടേ. ഇപ്പുന്നായി കഥ? ചന്ദ്രനിൽ കയറി വീണിട്ടല്ലേ മനോജ്ഞമെ മുമ്പിലീ'

പിന്നിട്". രാമദാസൻ യുദ്ധത്തെപ്പററി വിവരിച്ചു" ചിലതു പറഞ്ഞു. ശ്രോതാക്കൾ ഒറയക്ഷരംമിണ്ടാതെ കേട്ടിരുന്നു. യാത്ര തീരുമ്പോഴേക്കും രാമദാസൻ അവരുടെ മുമ്പിൽ അതിമാനുഷനായി വളർന്നു കഴിഞ്ഞിരുന്നു.

'സൗദാമിനി, എൻറെ നാടു".'

അയാൾ അവളെ വിളിച്ചുണർത്തി, ഇതു നേരേവും അവൾ തനിച്ചായിരുന്നു. യാത്രയിൽ അവൾ ഒന്നും മിണ്ടിയില്ല. അവളുടെ കണ്ണുകൾ കലങ്ങിയിരുന്നു. കവിളുകൾ നനവു വറാതെ കിടന്നു.

രാമദാസൻറെയ് മെ ചെറിയ പുയോയിരുന്നു എങ്കിലും മാടിയതാണു". ചെറിയ പരിപ്പും. വൃത്തിയായി ചാണകം മെഴുകിയ മുറ്റം. രാമദാസൻറെ അമ്മയവൾ അവളെ സ്വീകരിച്ചു. അവൾക്കു" നന്നേ പ്രായം ചെന്നിരുന്നു. കണ്ണുകളുടെ രാഗ

ള്ളു" കരുണ രേഖകൾമാത്രം കണ്ടു

രാമദാസൻ വന്നതറിഞ്ഞു" ഗ്രാമീണർ വീട്ടിലേക്കു. സന്ധ്യകഴിയുവരെ മെ വേഡിയോപോലെ അയാൾ വാർത്തകൾ പ്രക്ഷേപണംചെയ്തുകൊണ്ടിരുന്നു.

അകത്തു", ഇരുട്ടിൽ പിറിച്ചുനിന്നു", മുറ്റുഴഞ്ഞു മിനി കരയുകയായിരുന്നു. മെ രാമദാസനു അന്നു കേട്ടിക്കൊണ്ടിരുന്ന ബുള്ളറ്റിൻ വാക്കുകളേക്കാളേറെ ക

ന്നെ, പട്ടാളക്കാരെപ്പോലെയെന്ന നീച രാണെന്നു് അവൾക്ക മനസ്സിലായി.

വാത്ത കഴിഞ്ഞു്, റേഡിയോ ഓഫ് ചെയ്തു് ഒടുവിൽ, രാമദാസൻ മുറിയിലെത്തി.

അയാൾ മിനിയുടെ ചുമലിൽതൊട്ടതും അവൾ പൊട്ടിക്കരഞ്ഞതും ഒന്നിച്ചായിരുന്നു.

'എന്നെക്കൊല്ലാനാണോ വന്നതു്? എങ്കിൽ ആയ്ക്കോട്ടെ. എവടെ നിങ്ങടെ തോക്ക്? എന്നോം കൊല്ല്.'

ഒറ്റശ്വാസത്തിൽ അവൾ പറഞ്ഞു.

എന്നിട്ട നിന്നുകിതച്ചു.

അഭിഭക്തഭാരതത്തിന്റെ ചിത്രം വരച്ചു കാണിച്ചിട്ടപറഞ്ഞു.

"— അങ്ങിനെയാണു് നമുക്കു് പാകിസ്ഥാൻ നഷ്ടപ്പെട്ടതു്. മിനിക്കറിയോ. വെറും മതത്തിന്റെപേരിൽ. ഇന്നും അവർക്കു് നമ്മോടു് ദേഷ്യാണു്. നമ്മൾ കെട്ടിപ്പിടിക്കാൻ ചെന്നാലും. ഉപ്പും മീനും ചെയ്തതുപോലെ, ചിറിയാൽ നമ്മളെത്തുചെയ്യു?"

സൗദാമിനി രാമദാസനെത്തന്നെ നോക്കി.

"ഞാമ്പറേണതു് മിനിക്കു മനസിലാവുണ്ടോ?"

അവൾ തലയാട്ടി.

'അവരിങ്ങോട്ടു ബോംബിട്ടാൽ, വെടിവെച്ചാൽ, നമ്മടെ ആളുകളെ ചുട്ടുകൊന്നാൽ, നമ്മൾ നോക്കിനിക്കുണോ? ഉദാഹരണത്തിനു്, പൊറത്തുന്നൊരു തെമ്മാടിവന്നു് എന്റെ മിനിയെ പിടിച്ചാൽ ഞാൻ നോക്കിനിക്കുണോ? പറയു."

അവളുടെ കണ്ണു നിറഞ്ഞൊഴുകി.

അവൾ തേങ്ങിക്കരയാൻ തുടങ്ങി. അയാൾ അവളെ മാറോടടുക്കിപ്പിടിച്ചു്, പുറത്തുതട്ടി സമാശ്വസിപ്പിച്ചു.

'കരയാതെ. അയ്യേ. മിനി കൊച്ചുകുട്ടിയാണോ. മുഖമൊക്കെ തുടയ്ക്കു. നോക്കു. സന്തോഷായിട്ടിരിക്കണം. എനിക്കു രണ്ടുമാസേ ലീവ്ള്ളു."

സൗദാമിനി മെല്ലെ മുഖമുയർത്തി..

അവൾ ചിരിക്കുകയായിരുന്നു. <>

(15-ൽ നിന്നു തുടർച്ച)

മേശത്തിൽ ആറാടിയിരുന്ന ഒസാകെസെ ററിയുടെ കഴഞ്ഞാട്ടം മാഞ്ഞു.

അവന്റെ കണ്ണുകളിൽ ഇരുട്ടുനിറഞ്ഞു. അവന്റെ മസ്തിഷ്കചഷകത്തിൽ ഏതോ വീണ്ടുപൊട്ടിത്തെറിച്ചു. പൊട്ടിത്തെറിച്ച ചില്ലുകൾ എവിടെയൊക്കെയോ തറഞ്ഞുകയറി.

ബോധത്തിനും അബോധത്തിനും ഇടയ്ക്കുള്ള ഏതോ ഒരു ത്രിസന്ധ്യയിലൂടെ അവൻ ആൾക്കൂട്ടത്തെവിട്ടു്, നടന്നകന്നു.

ജൂഹുവിലെ കടല്ക്കാറും നനഞ്ഞ നഗരനിശയും മേരി തീറ്റുപുന്ന യന്ത്രങ്ങളായി മാറിയിരുന്നു. അവൻ മുടിൽ വെള്ളരിക്കയായിരുന്നു.

മാസ്റ്റിയുടെ വളരെ വൈകിയ ഏതോ ഒരു യാമത്തിൽ, ഉറക്കത്തിൽനിന്നു പെട്ടുണരുന്ന ഒരു ആലിംഗനത്തിന്റെ നിമിഷങ്ങളിൽ, അരുന്ധതീദേവി ചോദിച്ചു: "മോനേ. നിനക്കെന്തായിരുന്നു പറ്റിയതു്, ആ പാർട്ടിയിൽവച്ചു്."

"എല്ലാം ഞാൻ പറയാം പറയാൻ ഒരവസരം വരും, ഇനി ഏറെ കാത്തിരിക്കേണ്ടിവരില്ല."

അവൻ അവരെ പുണർന്നു. <>

പുരാണിക്

എൻസൈക്ലോപീഡിയ

പരിഷ്കരിച്ച അഞ്ചാംപതിപ്പു്

വില 175 രൂപ

അടുത്ത ആഗസ്റ്റു് 31 നു്

പ്രസിദ്ധീകരിക്കുന്നു.

15 രൂപ അടച്ചു് ആദ്യം പേരുരജിസ്റ്റർചെയ്യുന്ന 1000 പേർക്കു് പുസ്തകം 100 രൂപ വിലയ്ക്കു് കിട്ടും. ബാക്കിത്തുക ഫെബ്രുവരി 5 മുതൽ 10 രൂപാവീതം 7 മാസം കൊണ്ടടയ്ക്കണം. പുസ്തകം വാങ്ങുമ്പോൾ 15 രൂപ കൊടുക്കുക.

ആദ്യം രജിസ്റ്റു് പണം അടയ്ക്കുന്നവർ ആകെ 90 രൂപ അടച്ചാൽ മതി (15 രൂപകൊടുത്തു പേരു് രജിസ്റ്റർ ചെയ്യാൻ നിവൃത്തിയില്ലാത്തവർക്കു് 10 രൂപകൊടുത്തു പേരു് രജിസ്റ്റർ ചെയ്യാം. അവർ പുസ്തകം വാങ്ങുമ്പോൾ 20 രൂപയും കൂടി കൊടുക്കണം.)

ഗുരുനാഥൻ

പബ്ലിക്കേഷൻസ്

കളക്ടറേറ്റു് പി. ഒ. കോട്ടയം–2

അജയന്റെ കഥ 4

വെള്ളിയാഴ്ച വൈകുന്നേരം നാലരയായപ്പോൾ ഞങ്ങൾ തിരുവനന്തപുരത്തു് ചെന്നു. തിരുവനന്തപുരം ജീവിതത്തിലാദ്യമായി ഞാൻ കാണുകയായിരുന്നു. ബസ്സ്റ്റാൻറിനടുത്തുള്ള ബ്രാഹ്മണ ഹോട്ടലിൽനിന്നു കാപ്പികുടിച്ചതിനുശേഷം ലോഡ്ജിലേക്കു് നടന്നു. ബസ്സ്റ്റാന്റിൽ നിന്നും ഏതാനും നിമിഷങ്ങൾ നടന്നാൽ എത്തുന്ന സ്ഥലമായിരുന്നതു്. പണിക്കരെ കണ്ടപ്പോൾത്തന്നെ ലോഡ്ജിലെ മാനേജർ ഭവ്യതയോടെ എഴുന്നേറ്റുനിന്നു. "ഇവർ എന്റെ നാട്ടുകാരാണു്. ഈ കുട്ടിക്കു് നാളെ ഒരു ടെസ്റ്റുണ്ടു്. താമസത്തിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണം" മാനേജർ ബെയറർയെവിളിച്ചു് എല്ലാക്കാര്യങ്ങളും ഏർപ്പാടുചെയ്തു പണിക്കർ ഞങ്ങളോടൊപ്പം മുറിയിൽവന്നു മുഖമൊക്കെ കഴുകിയതിനുശേഷം പണി

പിള്ള പണിക്കരെ കാണുന്നതു് ഒരാഴ്ചക്കുശേഷമാണു്. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ പഠിക്കേണ്ടിവരുന്ന പി.എസ്സിയുടെ പാഠ്യം കാണിച്ചുകൊണ്ടു് അച്ഛനോടു പറഞ്ഞു "കുട്ടിയോടു് അപേക്ഷിക്കാൻ പറയു. അപേക്ഷാഫാറത്തിന്റെ ഒരു കോപ്പി എന്റെ കയ്യിലും തരണം ബാക്കിയൊക്കെയും ഞാനേറ്റു." എന്റെ സന്തോഷത്തിന്നതിരില്ലായിരുന്നു. പണിക്കർ പറഞ്ഞദിവസത്തിനു പഠിക്കേണ്ട പുസ്തകം പ്രത്യക്ഷപ്പെട്ടപ്പോൾ അയാളോടുള്ള എന്റെ ആദരവു വർദ്ധിച്ചു. ഞാൻ അപേക്ഷാഫാറം പൂരിപ്പിച്ചയച്ചു. ഒരു ഗവൺമെന്റു് ഉദ്യോഗസ്ഥയാവുന്ന നിമിഷം സ്വപ്നം കണ്ടുകൊണ്ടു്. ഞാൻ സമയം തള്ളിനീക്കി.

എഴുത്തുപരീക്ഷയുള്ള അറിയിപ്പുകിട്ടിയതു് ബുധനാഴ്ചയാണു്. ശനിയാഴ്ച രാവിലെ പത്തുമണിമുതൽ പന്ത്രണ്ടുമണിവരെയായിരുന്നു പരീക്ഷ. തിരുവനന്തപുരത്തു് ഒരു ഗേൾസ് ഹൈസ്കൂളിൽവച്ചു്. പണിക്കരുടെ ഉറപ്പുള്ളതുകൊണ്ടു് തിരുവനന്തപുരത്തേക്കു് പോകാൻ സാധാരണയിൽകവിഞ്ഞ ആവേശമായിരുന്നു ശനിയാഴ്ച അതിരാവിലെ പോകുമെന്നായിരുന്ന അച്ഛൻ പറഞ്ഞിരുന്നതു്. പക്ഷേ പണിക്കർ സമ്മതിച്ചില്ല. പണിക്കർ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ യോജിക്കേണ്ടിവന്നു. പണിക്കർ പറഞ്ഞു "ശനിയാഴ്ച രാവിലെ പോയാൽ പറ്റില്ല. യാത്രാക്ഷീണവുമായി ധൃതിപിടിച്ചുപോയി പരീക്ഷയിൽ ശരിയായവുകയില്ല. അതിനുമുമ്പു് ബന്ധപ്പെട്ട ഒന്നുരണ്ടുപേരെ കാണാനുണ്ടു്. വെള്ളിയാഴ്ച ഉച്ചയ്ക്കു് നമുക്കിവിടെത്തുപോകാം. എനിക്കു പരിചയമുള്ള ഒരു ലോഡ്ജുണ്ടു്. നല്ലവിടെ കൂടാം." അച്ഛൻ ആദ്യമൊക്കെ സംശയിച്ചുവെങ്കിലും പണിക്കർ ആവത്തിച്ചു പറഞ്ഞപ്പോൾ സമ്മതിച്ചു പോകാൻതന്നെത്തു് പണിക്കർ പറഞ്ഞു "നാളെ ഒരു മണികഴിഞ്ഞു് നമുക്കിറങ്ങാം. ബേരേതെ ഞാനിങ്ങെത്തുംം. ഞാൻ പറഞ്ഞ ഉടുപ്പുകൂടാതെ ഒരെണ്ണംകൂടി കരുതിക്കോളൂ. മറ്റെന്തെങ്കിലും ആവശ്യമുണ്ടായാലോ."

ക്രിസ്തുമസ്സ് പ്രമാണിച്ച്

അത്യന്നത കർദ്ദിനാൾ തിരുമേനിയും മറ്റു 27 പ്രമുഖ വൈദിക മേലദ്ധ്യക്ഷന്മാരും അനുമോദിച്ചു, ആശീർവദിച്ച പുണ്യചിത്രം!

ലോകത്തിൽ ഏതു ഭാഷയിലും നിർമ്മിച്ചിട്ടുള്ള ഏതൊരു ക്രിസ്തു ചരിത്ര ത്തേയും വെല്ലുവിളിച്ചുകൊണ്ടു് 35 ലക്ഷത്തിൽപരം രൂപാ ചിലവഴിച്ചു് അഭ്രത്തിലേയ്ക്കു പകർത്തപ്പെട്ട ഏറ്റവും പുതിയ ചിത്രം!

"നിന്റെ വിശ്വാസം നിന്നെ സംരക്ഷിച്ചു. നീ ഇപ്പോൾ നിഷ്കളങ്കയാകുന്നു. നീ പ്രതീക്ഷിക്കുന്ന മനഃശാന്തി നിനക്കു കൈവരുന്നു. ഇന്നുതൊട്ടു നീ ദൈവത്തിന്റെ മഹിമയ്ക്കു വേണ്ടി വിളങ്ങുന്ന ഒരു ദീപം പോലെ നിന്റെ ജീവിതത്തെ പ്രകാശിപ്പിക്കുക."

വിജയാ മൂവീസ് റിലീസ്

കർ അച്ഛനോടു് പറഞ്ഞു "ഞാനിപ്പോൾ പിള്ളയുടെ ആഫീസിലേക്കു് പോവുകയാണു്. നാളത്തെ ടെസ്റ്റിന്റെ ചോദ്യങ്ങളും ഉത്തരങ്ങളുമായി ഇവിടെ വരും. ഏതാനും മണിക്കൂർകൊണ്ടു് മോളെ പഠിപ്പിക്കാം. പിന്നിടൊന്നും വിഷമിക്കേണ്ട. ജോലിയിൽ ജോയിൻചെയ്യാനുള്ള തയ്യാറെടുപ്പോടെ ഇരുന്നാൽമതി" പണിക്കർ പോയപ്പോൾ അച്ഛനു് താൻ ജീവിതത്തിൽ ഏതോ വലിയകാര്യം നേടിയ മനോഭാവമായിരുന്നു." മോളെ അച്ഛനു് നമ്മുടെ സ്ഥലംവിട്ടു് പുറത്താരെയും അറിഞ്ഞുകൂടാ. പണിക്കരുള്ളതുകൊണ്ടു് നമ്മൾ രക്ഷപ്പെട്ടു. എന്റെ മോൾ ഒരുദ്യോഗസ്ഥയായി കാണാൻ ഈ അച്ഛനെന്തു മോഹമാണെന്നോ?" ഞാൻ ഭാവിയെ സ്വപ്നംകണ്ടുകൊണ്ടിരിക്കയായിരുന്നു. മാനേജർ സുമുഖനായ ഒരു ചെറുപ്പക്കാരനായിരുന്നു. പണിക്കർ പോയതിനുശേഷം ഏകദേശം അരമണിക്കൂർ കഴിഞ്ഞു് അയാൾ ഞങ്ങളുടെ മുറിയിലേക്കു വന്നു. അച്ഛനുമായി സംസാരിച്ചിരിക്കുന്നതിൽ അയാൾ പ്രത്യേകമായി താല്പര്യം കാണിച്ചു. ഇടയ്ക്കിടെ അയാളുടെ തുറിച്ചുള്ള നോട്ടം എന്നെ അസഹ്യപ്പെടുത്തി. ഒടുവിൽ പണിക്കരെക്കുറിച്ചയാൾ പ്രശംസാവാക്കുകളുരുവിച്ചു. "പണിക്കർസാറിനു് സെക്രട്ടറിയേറ്റിൽ നല്ല സ്വാധീനമാ. മന്ത്രിമാരും മറ്റുമായി വലിയ അടുപ്പത്തിലാ. സാറു് വിചാരിച്ചാൽ സാധിക്കാത്ത കാര്യമൊന്നുമില്ല. കുട്ടിയുടെ കാര്യം സാറു് ശരിയാക്കും ഒന്നുകൊണ്ടും വിഷമിക്കേണ്ട. സാറു് പറയുന്നതൊക്കെ അനുസരിച്ചാൽമതി." ഗ്രാമത്തിന്റെ നിഷ്കപടതയിൽ ജീവിച്ച അച്ഛനും എനിക്കും ആരുടെ വാക്കുകളിലും നന്മയേ കാണാൻ കഴിഞ്ഞുള്ളൂ. വാക്കുകളിലും വാചകങ്ങളിലും ചികഞ്ഞു് കല്ലും മുള്ളും വേർതിരിക്കേണ്ട ആവശ്യകത ഞങ്ങൾക്കൊരിക്കലുമുണ്ടായിട്ടില്ല. എല്ലാം നല്ലതിനാണു് മാനേജർ പോയിക്കഴിഞ്ഞപ്പോൾ അച്ഛന്റേയും എന്റെയും മനസ്സു മന്ത്രിച്ചതു് അതാണു്.

V

രാത്രി ഒൻപതു കഴിഞ്ഞപ്പോൾ പണിക്കരെത്തി. പണിക്കർ ഒറ്റയ്ക്കെത്തിയപ്പോൾ അച്ഛൻ അസ്വസ്ഥനായി. "അദ്ദേഹം വന്നില്ലേ? എന്തെങ്കിലും അസൗകര്യം" പണിക്കർ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഹേയ് ഒന്നുമില്ല. ഇയാ പണിക്കരെ നിഷേധിക്കുവാൻ ഇവന്മാർക്കു് ആർക്കെങ്കിലും കഴിയുമോ? ഇത്തരം ചെറിയ ഹോട്ടലുകളിൽ അദ്ദേഹം അങ്ങനെ വരാറില്ല. അതു ശരിയുമാണു്. പക്ഷേ, ഞാൻ നിർബന്ധിച്ചപ്പോൾ അദ്ദേഹം സമ്മതിച്ചു. വീട്ടിൽപോയി കുളിയൊക്കെ കഴിഞ്ഞിട്ടു് പത്തുപത്തരയാകുമ്പോഴിങ്ങെത്തും" ഞങ്ങളുടെ മുറിയുടെ തൊട്ടടുത്തായിരുന്ന പണിക്കരുടെ മുറി. ആ മുറിയിലേക്കു് പണിക്കർ അച്ഛനെ ക്ഷണിച്ചു. സംസാരപ്രിയനാണു് അച്ഛൻ. പണിക്കർ സംസാരിക്കുന്നതിൽ വിരുതനുമാണു്. "മോളൊന്നു കുളിക്കു് അപ്പോഴേക്കും ഞാൻ പണിക്കരുടെ മുറിയിലോട്ടൊന്നു പോയിട്ടുവരാം" അച്ഛൻ മുറിവിട്ടു പോയപ്പോഴാണു്, അകാരണമായ ഒരു ഭയം എന്നെ ബാധിച്ചതു്. ഒരു ഹോട്ടൽമുറിയിൽ ഞാൻ താമസിക്കുന്നതു് ഇതാദ്യമാണു്. കുളിമുറിയിൽ ഒറ്റയ്ക്കായപ്പോൾ ഭയം വർദ്ധിച്ചു. ചില നോവലുകളിൽ ഹോട്ടൽമുറികളിലെ സംഭവങ്ങൾ ഞാൻ വായിച്ചിട്ടുള്ളതു്. അസ്വസ്ഥമായമനസ്സോടെനിന്നതെന്നെ ഞാൻ കുളിച്ചു. പുതിയ സാരിയും ബ്ലൗസുമണിഞ്ഞുകഴിഞ്ഞപ്പോൾ അല്പം ആശ്വാസം തോന്നി. അപ്പോഴേക്കും കതകിലാരോ തട്ടി. ഞാൻ കതകു തുറന്നു. രാത്രിയിലേക്കുള്ള ആഹാരവുമായി ബോയി വന്നതായിരുന്നു. "മറ്റാരാൾ കൂടെയുള്ളതു് ആരാണു്?" "അച്ഛനാണോ അദ്ദേഹംപണിക്കരുസാറിന്റെ മുറിയിലുണ്ടു് ഒന്നു വിളിക്കൂ ഊണുകൊണ്ടുവന്നുവെന്നു പറയൂ" ബോയി മുറിവിട്ടുപോയി. പുറത്തെവിടെയോ ഒരു വള്കിലുക്കം കേട്ട കിലുകിലെ പൊട്ടിച്ചിരികളുടെ ശബ്ദവും. ഞാൻ കതകു് സാവധാനം തുറന്നുനോക്കി. അവർ അടുത്ത മുറിയിലേക്കാണു് കയറിയതു്. കതകു് പകുതിയോളമേ അടഞ്ഞിരുന്നുള്ളൂ. അതുകൊണ്ടു് സ്ത്രീകളുടെയും പുരുഷന്മാരുടേയും കൂടിക്കലർന്ന ചിരിയുടെ ശബ്ദം എനിക്കു കേൾക്കാമായിരുന്നു.

അച്ഛനും ഞാനും ആഹാരം കഴിച്ചുതീർന്നപ്പോഴേക്കും പണിക്കരുമെത്തിച്ചേർന്നു.

ഡിസംബർ 22 മുതൽ

ജിയോയുടെ

ഇനിയും പുഴയൊഴുകും

(കളർ)



GEO RELEASE

താരങ്ങൾ:

സോമൻ, ബഹദൂർ, ലക്ഷ്മി, വിധുബാല, ശ്രീലത തുടങ്ങിയവർ.

ഗാനങ്ങളം:
യൂസഫലി

സംഗീതം:
ദേവരാജൻ

നിർമ്മാണം:
എൻ. ജി. ജോൺ

സംവിധാനം:
ഐ. വി ശശി

പത്തരയായപ്പോഴും പ്രതീക്ഷിച്ച ആളിനെ കാണാതായപ്പോൾ ഞങ്ങൾ നിരാശരായി. പണിക്കർ ധൈര്യം പകർന്നു. വരുമെന്ന കാര്യം അയാൾക്കു നിശ്ചയമായിരുന്നു. പത്തുമുക്കാൽ കഴിഞ്ഞപ്പോൾ മാനേജർവന്നു" പണിക്കരോട്ടു പറഞ്ഞു" സാർ അദ്ദേഹം വന്നിട്ടുണ്ട്." പണിക്കർ മാനേജരോടൊപ്പം പുറത്തേക്കു പോയി. ഏതാനും മിനിട്ടു കഴിഞ്ഞപ്പോൾ പണിക്കർ ഞങ്ങൾ കാത്തിരുന്ന ആ വലിയ മനുഷ്യനുമായെത്തി. ഞാൻ ആദരവോടെ എഴുന്നേറ്റുനിന്നു അച്ഛനും. അച്ഛനോടു് ഇരിക്കാൻ പറഞ്ഞിട്ടു പിള്ള തുടർന്നു" ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യമാണു്. പണിക്കരുടെ സ്നേഹക്കാരി കുട്ടിയാണെന്നു പറഞ്ഞതുകൊണ്ടു മാത്രമാണു് ഞാനിവിടെ വന്നതു്. ഒരു മണിക്കൂർകൊണ്ടു് ഈ ഉത്തരങ്ങൾ ഞാൻ പഠിപ്പിച്ചുതരാം. നേരം വെളുക്കുന്നതിനു മുമ്പു് അതു് ഹൃദിസ്ഥമാക്കിക്കൊള്ളണം. നല്ലപോലെ എഴുതിയെന്ന വിവരം എന്നെയറിയിക്കണം. അഥവാ അവിടെവച്ചു് വല്ലതും വിട്ടുപോയിട്ടുണ്ടെങ്കിൽ വേറെയും മാർഗ്ഗമുണ്ടു്." നിറുത്താതെ ഒറവീർപ്പിനു് ഇത്രയും പറഞ്ഞു തീരുമ്പോഴേ ആ മദ്ധ്യവയസ്കന്റെ കണ്ണുകൾ എന്റെ നിറഞ്ഞുകവിഞ്ഞ ശരീരത്തിലായിരുന്നു. വീണ്ടും ഓഫീസിന്റേയും ടെസ്റ്റിന്റേയും കാര്യങ്ങൾ ആവർത്തിച്ചു പറഞ്ഞു. കേൾവിക്കാരു് മടുക്കുന്നു എന്നു തോന്നിയപ്പോൾ പണിക്കരോടായി പറഞ്ഞു പണിക്കരെ ഞാനന്നു് പറഞ്ഞതു് ഇവർ കൊണ്ടുവന്നിട്ടുണ്ടോ" അച്ഛൻ ഉണ്ടായിരുന്നതിന്റെ ഒരു കവർ അദ്ദേഹത്തെ ഏല്പിച്ചു. നോട്ടുകൾ എണ്ണിനോക്കാതെ തന്നെ കവറിലിട്ടു. "എന്താ കുട്ടിയുടെ പേരു്" കുട്ടിലിൽ കുറേക്കൂടി അടുത്തേക്കു് നീങ്ങിക്കൊണ്ടു് പിള്ളസാർ ചോദിച്ചു." "അജയ" ഞാൻ മറുപടി പറഞ്ഞു. "ശരി സമയം വൈകുന്നു കടലാസും പേനയുമെടുക്കൂ." പണിക്കർ വിശ്വസ്തനായ ഒരു നായയെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയായിരുന്നു. അച്ഛനെ പിടിച്ചെഴുന്നേല്പിച്ചിട്ടു് പിള്ളയോടായി "ഞാനും ചേട്ടനുകൂടി എന്റെ മുറിയിലിരിക്കാം. പഠിപ്പിക്കുമ്പോൾ ഞങ്ങൾ ഒരു ശല്യമാകണ്ട. പഠിപ്പിച്ചു തീരുമ്പോഴേക്കും ഞങ്ങളിങ്ങെത്താം...'

ഞാൻ എന്തു ചെയ്യണമെന്നറിയാതെ അമ്പരന്നു നില്ക്കുകയായിരുന്നു. എന്റെ മുൻപിൽ അപരിചിതനായ ഒരു മനുഷ്യൻ. എന്നേക്കാൾ മുപ്പതോളം വയസ്സു കൂടുതലുള്ള, തല മുഴുവൻ നരബാധിച്ചു കഴിഞ്ഞ അയാളെ ഒരു കാരണവശാലും ഭയക്കേണ്ടതില്ലെന്നു് മനസ്സു് മന്ത്രിച്ചു. എങ്കിലും അകാരണമായി ഹൃദയമിടിച്ചു.

"കുട്ടി അടുത്തിരിക്കൂ... മനസ്സുകൊണ്ടും വിഷമിക്കേണ്ട. ജോലിക്കാര്യം ഞാനേറ്റു." ഞാൻ ഇരുന്നില്ല ഒഴിഞ്ഞു മാറി ഭവ്യത അഭിനയിച്ചുകൊണ്ടു് നന്ദി പ്രകാശിപ്പിച്ചു:" അങ്ങയുടെ കുടുംബത്തെ ദൈവം രക്ഷിക്കും ഈ സഹായം ഞങ്ങൾ ഒരിക്കലും മറക്കില്ല" അവസാനത്തെ വാക്കുകൾ ഉച്ചരിക്കുന്നതിനു് മുമ്പു് ആ രക്ഷസൻ എന്നെ കടന്നുപിടിച്ചു കഴിഞ്ഞിരുന്നു. ഒരിക്കലും എന്നെപ്പോലെ വീട്ടിലെ അടുക്കളക്കപ്പുറം ലോകം കണ്ടിട്ടില്ലാത്ത ഒരു പെൺകുട്ടി പ്രതീക്ഷിക്കുന്ന ഒരു സംഭവമായിരുന്നില്ലതു്? ഫെർക്കുലീസിന്റെ ശക്തി സംഭരിച്ചുകൊണ്ടു് ഞാനയാളിൽനിന്നും കുതറി കതകിനടുത്തു ചെന്നപ്പോഴാണു് ഞാൻ വഞ്ചിക്കപ്പെട്ട എന്നു മനസ്സിലായതു്. പുറത്തുനിന്നു് ആരോ കതകു പൂട്ടിയിരുന്നു. ഞാനയാളുടെ ശരീരത്തിൽ പല ഭാഗങ്ങളും കടിച്ചു പറിച്ചു. എന്റെ എതിർപ്പുകളൊക്കെ വിഫലമായി. ഞാൻ അലറി വിളിച്ചുകൊണ്ടേയിരുന്നു. ആരു കേൾക്കാൻ." അച്ഛാ എന്റെ പൊന്നച്ഛാ..." എന്നു് ഹൃദയം പൊട്ടി വിളിക്കുമ്പോഴൊക്കെ, പണിക്കർനല്കിയ വിദേശമദ്യത്തിന്റെ ലഹരിയിൽ എല്ലാം വിസ്മരിച്ചിരിക്കയാണു് അച്ഛനെന്നു് എനിക്കു് മനസ്സിലാക്കുവാൻ കഴിയുമായിരുന്നില്ല. എന്റെ ഓർമ്മ നശിക്കുമ്പോൾ എന്നെ കിതച്ചുകൊണ്ടു് ആത്മിയോടെ ഉമ്മവയ്ക്കുന്ന മൃഗത്തിന്റെ പ്രാകൃതഭാവം നിറഞ്ഞ മുഖമായിരുന്ന മനസ്സിൽ...

(തുടരും)

—o—



ഉദയം കിഴക്കുതന്നെ

—മംഗലശ്ശേരി

മലയാളസിനിമയുടെ പുതിയ മുഖത്തിനു് രൂപഭാവങ്ങൾ നല്കിയതു് പി. എൻ. മേനോനാണു്. ഭാളവും തിരവും. കുട്ടേടത്തി, മാപ്പുസാക്ഷി തുടങ്ങിയ ചിത്രങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ടല്ലാതെ മലയാളസിനിമയെക്കുറിച്ചു് പഠിക്കുന്ന ഒരു സിനിമാചരിത്രകാരനു് കടന്നുപോകാനാവില്ല. ഓടക്കുഴൽ, ടാക്സി ഡ്രൈവർ എന്നീ മേനോന്റെ അവസാനചിത്രങ്ങൾ പ്രേക്ഷകരെ നിരാശപ്പെടുത്തി. ഇന്നു പൂറത്തിറങ്ങുന്ന ചവറുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചിത്രങ്ങൾ തൃപ്തികരങ്ങളായിരുന്നുവെങ്കിലും, മലയാളസിനിമയുടെ മുഖശ്ശായ മാറിയ സംവിധായകന്റെ ചിത്രങ്ങളെന്ന നിലയിൽ കാണികൾ നാല്പതുശതമാനം മാർക്കു പോലും നല്കാൻ തയ്യാറായില്ല. പ്രതിഭാശാലിയായ, സർഗ്ഗധനനായ പി. എൻ. മേനോൻ പൂർവ്വാധികം ശക്തിയോടെ രംഗത്തു വരുന്ന ചിത്രമായിരിക്കും 'ഉദയം കിഴക്കുതന്നെ' എന്നെനിക്കു പ്രതീക്ഷയുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ചിത്രം കണ്ടുകഴിഞ്ഞപ്പോൾ നിരാശയും തോന്നിയില്ല. സംവിധായകനായ മേനോന്റെ പ്രതിഭ പൂർണ്ണമായും പ്രതിഫലിക്കുന്നില്ലെങ്കിലും കാണികൾക്കു് ആശ്വാസം പകരുന്ന ഒരു ട്രീറ്റ്മെൻറാണു് സിനിമയുടെ ആദ്യസംഭാവനയിലുള്ളതു്.

മനുഷ്യന്റെ ഗതി ഒരു നൂൽപ്പാലത്തിലൂടെയാണല്ലോ. മനുഷ്യന്റെ പ്രയാണവും അതുപോലെ തന്നെ. താളാത്മകമായ ആ ചലനങ്ങൾക്കു് ഏതു നിമിഷവും പാളിച്ച സംഭവിക്കാം. ജീവിതത്തിൽ താളം പിഴയ്ക്കുമ്പോൾ ചിലർ ഭ്രാന്തന്മാരാകുന്നു; മറ്റുചിലർ ദുർവൃത്തരും മോഷ്ടാക്കളുമാകുന്നു; ഇനിയും ചിലർ കൊലപാതകികളും പ്രതികാരദാഹികളുമാകുന്നു. നിയമത്തിനും നിയമവാഴ്ചയ്ക്കും ഒരു ഭീഷണിയായി മാറിയ, പോലീസ് അധികാരികൾക്കു് ഒരു തലവേദനയായി മാറിയ ബാലൻ എന്ന കൊലയാളിക്കു് തന്റെ ജീവിതത്തിന്റെ താളപ്പിഴകളെക്കുറിച്ചു് ഏറെപ്പറയാനുണ്ടു്: നിർമ്മാതാക്കൾ ചിത്രത്തെക്കുറിച്ചു് വിശദീകരിക്കുന്നതിങ്ങനെയാണു് ബാലൻ എന്ന കൊലയാളിയുടെ താളപ്പിഴകൾ കാണികളുടെ ആസ്വാദനക്ഷമതയെ സഹിക്കാത്ത വിധം ചിത്രീകരിച്ചിട്ടുണ്ടോ എന്നതു മാത്രമേ നമുക്കിവിടെ നോക്കേണ്ടതുള്ളൂ. തിക്കൊടിയന്റെ 'താളപ്പിഴ' എന്ന നോവലിനെ ആസ്പദമാക്കിയാണു് ചിത്രം നിർമ്മിച്ചിരിക്കുന്നതു്. താളപ്പിഴ എന്ന നോവലിനു് കാലപ്പഴക്കമുണ്ടു്. പക്ഷേ, തിക്കൊടിയൻ അതിൽ പ്രതിപാദിക്കുന്ന സത്യത്തിനു് പഴക്കമില്ല. ബാലന്മാർ ഇന്നലെയും ഇന്നും നമ്മുടെ സമൂഹത്തിലുണ്ടായിരുന്നു. നാളെയും അവർ നമ്മുടെ സമൂഹത്തിലെ ചോദ്യചിഹ്നങ്ങളായിരിക്കും. ഇന്നു് ബില്ലുരംഗമാരായി രംഗത്തു വരുന്നവരെങ്കിൽ, നാളെ അവർ മറെറാരു പേരിൽ രംഗത്തുവരുമെന്നു മാത്രം. ഇതിനെന്താണു് പരിഹാരം? ചോദ്യചിഹ്നമുയർത്തുക മാത്രമാണു് കലാകാരന്മാരുടെ കർത്തവ്യമെന്നു് തിക്കൊടിയനുംമേനോനും വിശ്വസിക്കുന്നു.

ദരിദ്രനായി ജനിച്ചുപോയി എന്നതൊഴിച്ചാൽ ബാലൻ നല്ലവനാണു്. മദ്യപാനിയും ആഭാസനുമായ പിതാവു് അവന്റെ ഒരു പേടിസ്വപ്നമായിരുന്നു. അമ്മയുടേയും അനുജത്തിയുടേയും വാത്സല്യവും സ്നേഹവുമായിരുന്നു അവനൊരാശ്വാസം, ദിവസങ്ങളോളം പട്ടിണികിടന്നിട്ടും ആരോടും ഒന്നും യാചിക്കാൻ ബാലൻ തയ്യാറായിരുന്നില്ല. രാജമുടിച്ചുർ ബാലനെ

രവിമേനോൻ, സുമിത്ര ചിത്രം ഉദയം കിഴക്കുതന്നെ

നല്ലപോലെ മനസ്സിലാക്കി. അവൻ വിശന്നിരുന്നപ്പോൾ അവർ ആഹാരം നൽകി. വസ്ത്രമില്ലാതെവന്നപ്പോൾ വസ്ത്രം നൽകി. പക്ഷേ, ദുർവൃത്തനായ പിതാവു് ആ സൗജന്യങ്ങൾപോലും സ്വീകരിക്കാൻ സമ്മതിച്ചില്ല. അന്നു് പിതാവിൽ നിന്നകിട്ടിയ തല്ലു് ആ പിഞ്ചുശരീരത്തിനും മനസ്സിനും താങ്ങാനാവുന്നതായിരുന്നില്ല. ഒരു നല്ല ഭാവിയെ കണ്ടുകൊണ്ടു് ബാലൻ വീടുവിട്ടിറങ്ങി. ചിത്രത്തിലെ ഇതുവരെ ഭാഗം മേനോൻ ഹൃദയത്തിൽതട്ടുംപടി കലാത്മകമായി ചിത്രീകരിച്ചിട്ടുണ്ടു്, തുടർന്നു് അവസാനംവരെയുള്ള രംഗങ്ങളിൽ തിരക്കഥയിലും സംവിധാനത്തിലും കണ്ട ചില അപാകതകളാണു് ചുവടെ ചേർക്കുന്നതു്.

ബാലൻ വിദൂരമായ ഒരു പട്ടണത്തിലെത്തി കണ്ണിൽക്കണ്ട ജോലിചെയ്തു ജീവിച്ചു. ഒരു ദിവസം ഒരു വലിയ ഭാരമുള്ള പെട്ടി കുറേ ദൂരം ചുമന്നതിനു് ഇരുപതു് പൈസ നൽകി. ഇതു പോരെന്നു പറഞ്ഞപ്പോൾ "പോടാ പോ" എന്നു പറഞ്ഞയാൾ സ്ഥലംവിട്ടു. ഇവിടെ ബാലൻ നിശ്ശബ്ദനാണു്. അടുത്തൊരു സീനിൽ ഒരു ഹോട്ടലിലെത്തി മുതലാളിയോടു് ഒരു ജോലി ആവശ്യപ്പെടുന്നു. ഹോട്ടൽമുതലാളി "തെണ്ടികൾ ജോലിക്കു നടക്കുന്നു" എന്നു പറയുമ്പോൾ ബാലൻ അയാളെ പൊതിരെ തല്ലുന്നു. ബാലന്റെ വ്യക്തിത്വത്തിൽ ഈ രണ്ടു രംഗങ്ങൾ വിയോജിപ്പു സൃഷ്ടിക്കുന്നു. ഹോട്ടൽമുതലാളിയോടു് കാണിച്ച രോഷം ഇരുപതു പൈസ കൂലി നൽകിയ ആളിനോടു് കാട്ടിയിരുന്നെങ്കിൽ കാണികളോടു് നീതി കാണിക്കലാകുമായിരുന്നു.

ഒരു രാത്രി സുഖംതേടി വേശ്യാലയത്തിലെത്തുന്ന ബാലൻ, അവിടെ തന്റെ സ്വന്തം അനുജത്തി മീനയെ കണ്ടു് പൊട്ടിത്തെറിക്കുന്നു. ഒരു കൊടുങ്കാറുപോലെ പുറത്തേയ്ക്കുപോയ ബാലൻ മടങ്ങിവ

രുമ്പോൾ മീനു വിഷംകഴിച്ചു" ആത്മഹത്യചെയ്തതായി കാണുന്നു. ഈ വിഷം നിമിഷത്തിനുള്ളിൽ എവിടെനിന്നു വന്നു. ഇത്തരമൊരു സന്ദർഭത്തെ നേരിടേണ്ടിവരും എന്നു കരുതി സദാസമയവും കയ്യിൽ കരുതിയിരുന്നതാവുമോ?

ഹോട്ടലിലെ മൂന്നാംനിലയിലേക്കു പൈപ്പിലൂടെയാണു" ബാലൻ കയറുന്നതു".മോഷ്ടിക്കാനുള്ള മനോനിലനഷ്ടപ്പെട്ട ബാലൻ നേർവഴിയിലൂടെയാണു" പുറത്തുപോകുന്നതു". ആ മുറിയിലെ സംഭവങ്ങളുടെ ആഘാതം ബാലന്റെമനസ്സിൽ മാറ്റത്തിന്റെ വിത്തുവിതച്ചുവെങ്കിലും, ആ കഥാപാത്രത്തിന്റെ സ്ഥായിയായ വ്യക്തിത്വത്തെ നശിപ്പിക്കുകയാണീസംഭവം ചെയ്തതു".

മീനുവും അമ്മയും തമ്മിൽ വേർപെട്ടതെങ്ങനെയെന്നും നാടകനടനായ കാമുകനാ മീനുവും തമ്മിലുള്ള ബന്ധം എങ്ങിനെ മുറിഞ്ഞുപോയിയെന്നും വ്യക്തമായ ഉത്തരം നൽകാൻ തിക്കോടിയനും മേനോനും ശ്രമിച്ചിട്ടില്ല. അമ്മയോടും അനിയത്തിയോടും അതിരറ്റ സ്നേഹമാണു" ബാലനുള്ളതു". പക്ഷേ, ഇതുപോലെ സംവത്സരങ്ങൾക്കുള്ളിൽ ഒരു കത്തയയ്ക്കുകയോ, അവരെ കാണാൻപോവുകയോ ചെയ്തില്ലയെന്നതു" ആർക്കും വിശ്വസിക്കാനാവും. ഇങ്ങനെ എടുത്തുപറയാൻ ചെറിയചെറിയ ന്യൂനതകൾ ഏറെയുണ്ടു". സ്ഥലപരിമിതിമൂലം കൂട്ടത്തൽ വിശദീകരിക്കലിനൊരുങ്ങുന്നില്ല.

തിക്കോടിയന്റേതാണു" കഥയും തിരക്കഥയും. സംഭാഷണം മേനോൻകൂടി പങ്കിട്ടെന്നു. വിശ്വസനീയമല്ലാത്തതായി കഥയിലൊന്നുമില്ല. ഈ കഥ ഇന്നലെ ഇവിടെ നടന്നതാണു". ഇന്നു നടന്നുകൊണ്ടിരിക്കുന്നു, നാളെയും നടക്കും. എന്നാൽ ഒരു മണിക്കൂർ അൻപതു മിനിട്ടു" ദൈർഘ്യമുള്ള, ചിത്രം കണ്ടു തീർന്നതിനുശേഷം കാണികളിൽ പ്രത്യേകിച്ചൊരു വികാരവും അവശേഷിക്കുന്നില്ല.

ആദ്യന്തം ബാലന്റെ താളപ്പിഴയുടെ കഥ താളാത്മകമായി ചിത്രീകരിക്കാൻ മേനോൻ ശ്രമിച്ചിട്ടുണ്ടു". രാജ്ഞടിച്ചുർക്കു" പിഞ്ചോമനകൾ ആദരാജ്ഞലികൾ അർപ്പിക്കുന്ന രംഗം ഹൃദയസ്പർശിയായി. ആളറിയാതെയാണു" ബാലൻ രാജ്ഞടി ച്ചറെ ഞെക്കിക്കൊന്നതു". ആ കുറ്റബോധത്തിൽ ആ വിഭ്രമത്തിൽ ബാലന്റെ ബോധമനസ്സുകളിലെ ഓർമ്മകൾ ചിത്രീകരിക്കുന്ന രംഗവും എടുത്തുപറയേണ്ടതാണു". ഒരു പിഞ്ചുകുഞ്ഞു" ബാലന്റെ മുന്നിൽവക്കുന്ന പുഷ്പം, ആ സ്നേഹമധുരിമയിൽ കൈവിലങ്ങു" താനേ പൊട്ടിമാറുന്നതും മേനോനമാത്രം ചിത്രീകരിക്കാൻ കഴിയുന്ന ദൃശ്യങ്ങളാണു". ടീച്ചറെ അറിയാതെ കൊന്നതിന്റെ പാപഭാരവും കുറ്റബോധവും അഗ്നിയായി, ബാലന്റെ കുളോസ്സപ്പിൽ സൂപ്പറിമ്പോസു" ചെയ്തു കാട്ടിയതും അർത്ഥവത്തായി.

ബാലൻ ഉണരുന്നതും കാത്തിരിക്കുന്ന പൊന്നിയുടെ മനസ്സു" പെടയ്ക്കുന്നു" ഇതു ഭീതിദമായ ഒരു ചിന്തയെത്തേടിപ്പോകുന്നതെന്തിനെന്നു മനസ്സിലാവുന്നില്ല "മദമിളകിത്തുള്ളും മണൽവാരിക്കാറ"" എന്ന പൊയ്മുഖത്തെ ശ്രദ്ധിക്കുക. ബാലൻ കൊള്ളയടിക്കാൻപോകുന്ന ഹോട്ടൽ സ്വാഭാവികതയോടെ ചിത്രീകരിക്കാൻ മേനോനുകഴിഞ്ഞില്ല. അവിടത്തെ ഹോട്ടൽബോയിയുടെ സംഭാഷണംഅരോചകമായി. അതു" ഹോട്ടലാണെന്നു" കുറെ ബോർഡുവച്ചാൽപ്പോലും കാണികൾ വിശ്വസിക്കുമെന്നു തോന്നുന്നില്ല.

ബാലൻ ആ വലിയ ഹോട്ടലിനു" വെളിയിൽ അവിടത്തെ സമ്പന്നതയുടെ പ്രകാശം കണ്ടുനിൽക്കുകയാണു". കാബറേ ഹാൾ എത്തിനോക്കാൻപോലും അവനു കഴിയില്ല. ചിത്രത്തിൽ കാബറേ നൃത്തം കാണിക്കാൻ മറ്റൊരു ന്യായീകരണവുമില്ല. വെറും കച്ചവടമനോഭാവം. ഹോട്ടൽമുറിയിലെ സംഭോഗദൃശ്യത്തിനും ഈ പ്രാധാന്യമേയുള്ളു. ഹോട്ടലിൻ നടക്കുന്ന ആ പാർട്ടിയും നേതാവിന്റെ പ്രസംഗവും കുറിക്കുകൊള്ളുന്നതായി. ശ്രോതാക്കൾ വിവിധതരം ഇറച്ചികൾ കടിച്ചുപറിച്ചുതിന്നുന്നു, മദ്യം മോന്തുന്നു. ആ സമയം നേതാവു" ആവേശഭരിതനാകുന്നു "സുഹൃത്തുക്കളെ നാം കൂട്ടായി അദ്ധ്വാനിക്കേണ്ട സമയമാണിതു". കൂട്ടായ അദ്ധ്വാനത്തിനുമാത്രമേ സോഷ്യലിസം കൈവരുത്താനാവു" അദ്ധ്വാനിക്കാനറിയാവുന്ന, രണ്ടുദിവസമായി ആഹാരം കഴിക്കാത്ത ബാലൻ ആ ദൃശ്യം കാണുകയും ചെയ്യുന്ന പുശ്ചത്തോടെ, പരമപുശ്ചത്തോടെ. ചിത്രത്തിലെ ശ്രദ്ധേയമായ രംഗങ്ങളിലൊന്നാണിതു".

മേക്കപ്പു", വസ്ത്രാലങ്കാരം, ഛായാഗ്രഹണം, എഡിറ്റിംഗു" എന്നീ അംശങ്ങൾ മേന്മയർഹിക്കുന്ന അംശങ്ങളാണു". ഏറ്റവുമധികം പാളിപ്പോയതു" ശബ്ദലേഖനമാണു". ആദ്യഭാഗങ്ങളിലെ സംഭാഷണം ഒന്നും വ്യക്തമല്ല. ഒരു രംഗത്തിൽ റിങ്ങു"ചെയ്യാതെ തന്നെ ഒരു പോലീസു ദ്യോഗസ്ഥൻ ഫോണെടുത്തു" സംസാരിക്കുന്നതു" ശ്രദ്ധിക്കുക. രാമചന്ദ്രബാബുവും, രവിയും മേനോന്റെ ഭാവനാതലങ്ങൾക്കു" വർണ്ണഭംഗി ചാർത്തിയിട്ടുണ്ടു". പത്മനാഭന്റെ മേക്കപ്പും, രാമചന്ദ്രന്റെ വസ്ത്രാലങ്കാരവും ചിത്രത്തിലെ റിയലിസ്റ്റിക്കു" ലുക്കു" പൂർണ്ണമാക്കി.

ശ്രീകുമാരൻതമ്പിയുടെ നാലു ഗാനങ്ങൾ യേശുദാസാണു" സംഗീതം പകർന്നിരിക്കുന്നതു". കേട്ടിരിക്കാനിമ്പമുണ്ടു", എന്നതിനപ്പുറം ഈ ഗാനങ്ങളെക്കുറിച്ചൊന്നും പറയാനില്ല. "തെണ്ടിതെണ്ടി തേങ്ങിതേങ്ങി തെരുവുനാഥ്ന്മാർ തളർന്നു" എന്ന ഗാനം, വരികളുടെ ആത്മാവുകളിലലിഞ്ഞു ചേർന്നുകൊണ്ടു" ചിത്രീകരിക്കാൻ മേനോനും രാമചന്ദ്രബാബുവിനും കഴിഞ്ഞിട്ടുണ്ടു".

ചിത്രത്തിലെ നായകകഥാപാത്രമായ ബാലനെ മറ്റുള്ളവരിൽ നിന്നുള്ള കരുത്തനായ ബാലൻകെ. നായരാണു" അവതരിപ്പിക്കുന്നതു". ക്രൂരവും രോഷവും ദുഃഖവും സഹാനുഭൂതിയും വെറുപ്പും വിദ്വേഷവും ഭോഗപാരവശ്യവും, കാമാസക്തിയും ഒക്കെ മാറിമാറി മുഖത്തു പ്രതിഫലിപ്പിക്കുന്നതു കണ്ടിരിക്കുമ്പോൾ ഇതാ ഒരു നടൻ ഇതാ യഥാർത്ഥമായ അഭിനയം എന്നാരും മനസ്സിൽ കരുതിപ്പോകും. അഗ്നി, തീച്ചാളിഅമ്പു, ഉദയം കിഴക്കുതന്നെ എന്നീ ചിത്രങ്ങളിലൂടെ മലയാളത്തിലെ പ്രതിഭാശാലിയായ വലിയ നടനായി ബാലൻ കെ നായർ ഉയരുന്നു. സുമിത്രയുടെ മീനുവും, സുജാതയുടെ പൊന്നിയും അവിസ്മരണീയ കഥാപാത്രങ്ങളാണു". ഒന്നോരണ്ടോ രംഗങ്ങളിൽ മാത്രമേയുള്ളുവെങ്കിലും ബാലന്റെ പിതാവായി കുഞ്ഞാണ്ടി മികച്ചതായി. സുകുമാരൻ, രവിമേനോൻ, ജനാർദ്ദനൻ, എസ്. പി. പിള്ള എന്നിവർ നടന്മാർക്കു" ചെറിയ റോളുകളാണു". ബാലന്റെ അമ്മയായി വരുന്ന ശാന്താദേവിയെ പെടുത്തുന്ന വിസ്മരിക്കാനാവില്ല.

സിതാരയുടെ 'ഉദയം കിഴക്കുതന്നെ' കാണികളുടെ വികാരങ്ങളെ മാനിക്കുന്ന ഒരു ചിത്രമാണു". സാധാരണയിൽനിന്നു" വ്യത്യസ്ഥമായ സമീപനം സംവിധാനത്തിലും ശബ്ദലേഖനം ഒഴിച്ചുള്ള സാങ്കേതികമേഖലകളിലും കാണാം. പി. എൻ. മേനോനെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാൻ വകയുള്ള ചിത്രമാണോ?എന്ന ചോദ്യമുയരുമ്പോഴേ ഉത്തരം പറയാൻ ഒന്നുകൂടി ആലോചിക്കേണ്ടി വരുന്നുള്ളു.

—o—

(4-ൽ നിന്നും തുടർച്ച)

ന്ന സമീപനം നിഷേധമല്ലെങ്കിൽ, ആധുനികസാഹിത്യത്തിന്റെ കാതലായ അംശങ്ങളും നിഷേധാത്മകമല്ല. ഭാരതീയസാഹിത്യം പുരാണങ്ങളിൽനിന്നുയിർക്കൊണ്ടതാണു"; പാശ്ചാത്യസാഹിത്യം ഗ്രീക്കു" മിത്തോളജിയിൽനിന്നു. ആധുനികസാഹിത്യകാരൻ, മിത്തോളജികൾക്കുമപ്പുറത്തേക്കു", ഉപനിഷത്തുകളുടെ സത്യാന്വേഷകതയിലേക്കാണു" ഉഴറിക്കുതിക്കുന്നതെന്നെനിക്കു" തോന്നുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ 'വെളിപാ'ടാണു", അസ്സൽ ആധുനികസാഹിത്യത്തിന്റെ പ്രചോദനവും ലക്ഷ്യവും (ഇപ്പറഞ്ഞതു" ആധുനികസാഹിത്യത്തിലെ കള്ളച്ചരക്കുകളെ ഒഴിവാക്കിക്കൊണ്ടാണു",)

—o—

(7-ൽ നിന്നു തുടർച്ച)

കിൽ ചക്രവർത്തിമാരെയും മഹാകവികളെയും കൊണ്ടു" ഈ രാജ്യം ചീഞ്ഞളിയും. ചക്രവർത്തി—മഹാകവി പട്ടങ്ങൾ വില്ലുവണ്ടിക്കും അക്ഷരങ്ങൾ കൂട്ടിവായിക്കാനറിയാമെന്നു ബോദ്ധ്യമായാലേ ലൈസൻസുനല്കാവു, അഭിവന്ദ്യനായ മുണ്ടശ്ശേരിമാഷേ, ഈ പുതിയ ചക്രവർത്തിയെ കാണാതേ അങ്ങു" കാലഗതി പ്രാപിച്ചുവല്ലോ.

—o—